# ആനക്കയം ഗ്രാമ പഞ്ചായത്ത്

# വികസന സെമിനാർ

26-11-96 ചൊവ്വ


## ജനകീയാസൂത്രണം

# കരട് വികസന രേഖ


# ആനക്കയം ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

## കരട് സമഗ്ര വികസന രേഖ




# ആനക്കയം പഞ്ചായത്ത്




# ആനക്കയം ഗ്രാമ പഞ്ചായത്ത്


## ഭരണ സമിതി



കെ.എം. അബ്ദുറഹിമാൻ മാസ്റ്റർ
(പ്രസിഡണ്ട്)




കെ.വി. എം. ഖാലിദ്
(വൈസ് പ്രസിഡണ്ട്)




എ.പി. ഉമ്മർ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)


| | |
|---|---|
| പി.വി. അലീമ | (മെമ്പർ) |
| കെ. നാടി | " |
| എം.കെ. ആയിഷ | " |
| സി.കെ. ഹസ്സൻ | " |
| ഐ.കെ. ആയിഷ | " |
| കെ.വി. ഫാതിമസ്സുഹറ | " |
| കലകപ്പാറ മുഹമ്മദ് | " |
| എം. പി. അബ്ദുൽ അസീസ് | " |
| മറിയകുട്ടി ടോമി | " |
| പാലപ്ര മുഹമ്മദ് | " |



കെ.വി. ചേക്കുട്ടി ഹാജി
(മുൻ പ്രസിഡന്റ് 1964 -79)



എം.പി. ഹസ്സൻ
മുൻ പ്രസിഡന്റ് 1979 - 94)



സി.കെ. ഹസ്സൻ
(മുൻ പ്രസിഡന്റ് 1986 -93)

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ


1. ആമുഖം
2. പഞ്ചായത്ത് പൊതു വിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
    3. വ്യവസായം
    4. വിദ്യാഭ്യാസം
    5. കുടിവെള്ളവും പൊതുജനാരോഗ്യവും
    6. ഗതാഗതം, ഊർജ്ജം
    7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
    8. സംസ്ക്കാരം
    9. വനിത
    10. സഹകരണം
    11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
    12. വിഭവസമാഹരണം
    13. ടൂറിസം
6. ഉപസംഹാരം

# ആനക്കയം ഗ്രാമ പഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

**എഡിറ്റർ**

**കെ. ടി. മുഹമ്മദ് മാസ്റ്റർ (D R P കൺവീനർ)**

**എഡിറ്റോറിയൽ സ്റ്റാഫ്**

| | |
|---|---|
| കെ. എം. അബ്ദുറഹിമാൻ മാസ്റ്റർ | (പ്രസിഡൻറ്) |
| സി. കെ. ഹസ്സൻ | (മെമ്പർ & D R P) |
| പാലപ്ര മുഹമ്മദ് മാസ്റ്റർ | (മെമ്പർ & D R P) |
| കെ. ഉണ്ണീൻ | (D R P) |
| എ. പി. ഉമർ | (സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ & D R P) |
| കലകപ്പാറ മുഹമ്മദ് | (മെമ്പർ & D R P) |
| കെ. എം. എ. ലത്തീഫ് | (D R P) |
| കെ. വി. എം. ഖാലിദ് | (വൈസ് പ്രസിഡണ്ട് & D R P) |
| എം. പി. അബ്ദുൽ അസീസ് | (മെമ്പർ) |
| സി. എം. ഇഫ്തികാർ മാസ്റ്റർ | (D R P) |
| കെ. അബ്ദുസ്സലാം മാസ്റ്റർ | (D R P) |
| ജോസഫ് സെബാസ്റ്റ്യൻ | (പഞ്ചായത്ത് സെക്രട്ടറി) |
| കെ. കെ. ഹരിദാസൻ | (പഞ്ചായത്ത് U D C) |

# ആനക്കയം ഗ്രാമപഞ്ചായത്ത് വികസന രേഖ

## 1 ആമുഖം

ആയിരക്കണക്കായ സ്വാതന്ത്ര്യസമര പോരാളികളുടെ ത്യാഗപൂർണ്ണമായ പരിശ്രമത്തിന്റെ ഫലമായി സ്വാതന്ത്ര്യം ലഭിച്ച് അമ്പതോളം വർഷങ്ങളായെങ്കിലും ജനകീയ ജനാധിപത്യം അർത്ഥപൂർണ്ണമായിട്ടുണ്ടോ എന്നകാര്യം സംശയാസ്പദമല്ലെ?

എട്ടുപഞ്ചവത്സരപദ്ധതികൾ നടപ്പിലായെങ്കിലും അതെല്ലാം കേന്ദ്രീകൃത സംവിധാനമായിരുന്നു. ജനപങ്കാളിത്തവും ജനാഭിലാഷവും അതിൽ വേണ്ടത്ര പ്രതിഫലിച്ചിരുന്നില്ല. ഈ ന്യൂനത പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജനകീയാസൂത്ര പ്രസ്ഥാനത്തിന് 73, 74 ഭരണഘടന ഭേദഗതിയുടെ വെളിച്ചത്തിൽ കേരള സർക്കാർ രൂപം നൽകിയിട്ടുള്ളത്.

ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും തുല്ല്യപങ്കാളിത്തവും ജാതിമതവർഗ്ഗചിന്തകൾക്കതീതമായ സമീപനവും ഇതു ലക്ഷ്യം വെക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാംപദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി. അധികാരത്തോടൊപ്പം സമ്പത്തും അത് പഞ്ചായത്തുകൾക്ക് വിഭാവനം ചെയ്യുന്നു. (പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം) ഇതിനു പുറമെ 60 ശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ വിഹിതം, ബഹുജനങ്ങളിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും ലഭിക്കുന്ന സംഭാവനകൾ (പണം, വിഭവങ്ങൾ, ശ്രമദാനം) നികുതി വരുമാനം തുടങ്ങിയവ വികസന പ്രവർത്തനങ്ങൾക്കു സഹായകരങ്ങളാണ്. കേരള സർക്കാരും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖികരിക്കുന്ന സാമ്പത്തിക ക്ലേശങ്ങൾക്കു പരിഹാരം കാണാൻ ഈ സംവിധാനം പ്രയോജനപ്പെടും. ജനപങ്കാളിത്തം സാധ്യമാകുമ്പോൾ നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നിർവ്വഹണം കൂടുതൽ കാര്യക്ഷമവും ശീഘ്രവും സുതാര്യവുമായി നിർവ്വഹിക്കാൻ കഴിയും. അഴിമതി ഒരളവോളം ദൂരീകരിക്കാനും സാധിക്കുന്നതാണ്.

ആനക്കയ ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണപരിപാടികൾ ആരംഭിച്ചത് ചിങ്ങം ഒന്ന് (1996 ആഗസ്റ്റ് 17നാണ്) അന്ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കർഷക ദിനാഘോഷ പരിപാടികളോടൊപ്പം ജനകീയാസൂത്രണത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും പഞ്ചായത്ത് പ്രസിഡന്റ് നടത്തുകയുണ്ടായി. തുടർന്നങ്ങോട്ട് പരിശീലനങ്ങളുടെയും ക്ലാസ്സുകളുടെയും ശില്പശാലകളുടെയും സ്പെഷൽ ഗ്രാമസഭകളുടെയും ഒരു പരമ്പര തന്നെ അനുക്രമമായി നടത്തപ്പെടുകയുണ്ടായി. രോഗ സംക്രമണത്തിനെതിരായി പൊതുജനങ്ങളെ ബോധവൽക്കരിക്കാനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ക്ലാസ്സുകളും, പൊതുസ്ഥലങ്ങളും, അങ്ങാടികളും വൃത്തിയായി സൂക്ഷിക്കേണ്ടതിനു സഹകരണം തേടിക്കൊണ്ട് കച്ചവടക്കാരുടെ യോഗങ്ങളും, വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചക്കു പരിഹാരം കാണാനായി ക്ലസ്റ്റർ, വിഇസി, പഞ്ചായത്ത് തലത്തിൽ യോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം വളരെയധികം ഫലം ചെയ്തു വരുന്നുണ്ട് എന്നത് സന്തോഷകരമാണ്.

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി മലപ്പുറം ബ്ലോക്കിന്റെ സഹകരണത്തോടെ ആയിരം വിവിധ ഇനം ഫലവൃക്ഷതൈകളും, കൃഷിവകുപ്പിന്റെ സഹകരണത്തോടെ 859 തെങ്ങിൻതൈകൾ, 800 കശുമാവിൻ തൈകൾ, 3000 കുരുമുളക് തൈകൾ, 250 കവുങ്ങുംതൈകൾ, 1045 മറ്റുഫലവൃക്ഷ തൈകൾ, എന്നിവയും കൃഷിക്കാർക്കു വിതരണം ചെയ്യപ്പെടുകയുണ്ടായി. യഥാസമയം ഇത്തരം നടീൽ

വസ്തുക്കൾ ലഭിച്ചില്ലെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം തൈകൾ മുൻകൂട്ടി ലഭിക്കുകയുണ്ടായി എന്നത് നല്ല കാര്യം തന്നെ.

ഓണം കായികമേള വളരെ ഭംഗിയായി നടത്തിയതും. ബ്ലോക്കുലവലിൽ ഈ പഞ്ചായത്തിനുനല്ല പ്രകടനം കാഴ്ച വെക്കാൻ കഴിഞ്ഞതും അഭിമാനകരമാണ്. പതിമൂന്നു വാർഡുകളിലും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയ്ക്കു ശരിയായ വിധത്തിൽ പ്രവൃത്തിക്കാൻ ഇതുവരെ അവസരം ലഭിച്ചിരുന്നില്ല. നവംബർ 1 ന്റെ പുനരർപ്പണദിനത്തോടുകൂടി അവയെല്ലാം വളരെ സജീവമാക്കുകയും, വാശിയോടു കൂടി നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരിക്കയാണ്.

ഈ ആനുകൂല സാഹചര്യം അടിത്തറയാക്കികൊണ്ട് നാനാതുറകളിലുള്ള പുരോഗതി ലക്ഷ്യമാക്കി നമുക്കു ഈ സമഗ്രവികസനരേഖ ഒരു ചാരിത്ര്യയാഥാർത്ഥ്യമാക്കാനുള്ള യജ്ഞത്തിൽ പങ്കാളികളാകാം.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ

## 2 പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | ആനക്കയം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | ആനക്കയം, പന്തല്ലൂർ |
| ബ്ലോക്ക പഞ്ചായത്ത് | — | മലപ്പുറം |
| ബ്ലോക്ക പഞ്ചായത്ത് ഡിവിഷൻ | — | ആനക്കയം, പന്തല്ലൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | — | കോട്ടക്കൽ |
| ജില്ലാ പഞ്ചായത്ത് | — | മലപ്പുറം |
| അസംബ്ലി മണ്ഡലം | — | മലപ്പുറം |
| പാർലിമെന്റ് മണ്ഡലം | — | മഞ്ചേരി |
| താലൂക്ക് | — | ഏറനാട് |

**വിസ്തീർണ്ണം** — 45.23 sq km

അതിരുകൾ: —

| | | |
|---|---|---|
| വടക്ക് | — | മഞ്ചേരി മുനിസിപ്പാലിററി, പാണ്ടിക്കാട് പഞ്ചായത്ത്. |
| കിഴക്ക് | — | കീഴാററൂർ പഞ്ചായത്ത്, മങ്കട പഞ്ചായത്ത് |
| തെക്ക് | — | മങ്കട, കൂട്ടിലങ്ങാടി പഞ്ചായത്തുകൾ മലപ്പുറം മുൻസിപ്പാലിററി |
| പടിഞ്ഞാറ് | — | മലപ്പുറം മുൻസിപ്പാലിററി, പൂക്കോട്ടൂർ പഞ്ചായത്ത്, മഞ്ചേരി മുൻ സിപ്പാലിററി |

**ജനസംഖ്യ** — 41,014

| | | |
|---|---|---|
| പുരുഷൻ | — | 20,799 |
| സ്ത്രീ | — | 20, 215 |
| ജനസാന്ദ്രത | — | 911 |
| പട്ടികജാതി ജനസംഖ്യ | — | 2321 |
| പട്ടികവർഗ്ഗം | — | Nil |
| ഒരു വയസ്സിനു താഴെ | — | 1117 |
| 1 — 2 വരെ | — | 863 |
| 2 — 3 വരെ | — | 884 |
| 3 — 5 വരെ | — | 2340 |
| അക്ഷരാഭ്യാസമുള്ളവർ | — | 38495 (93.86%) |
| വാർദ്ധക്യം | — | 13 |

# പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ.

പാർലിമെൻറ് അംഗം — ജ. ഇ. അഹമ്മദുസാഹിബ്

അസംബ്ലിഅംഗം — ജ. ഡോ എം. കെ മുനീർ

ജില്ലാ പഞ്ചായത്ത് അംഗം — ജ. പി. ഉബൈദുല്ല

ബ്ലോക്ക പഞ്ചായത്ത് അംഗങ്ങൾ — 1 കെ. എം അബ്ദുസലാംഹാജി

2 ശ്രീമതി ത്രേസ്യാമ്മചാക്കോ

## നിലവിലുള്ള ഭരണസമിതി

പ്രസിഡൻറ് — ശ്രീ കെ. എം. അബ്ദുറഹിമാൻമാസ്റ്റർ

വൈസ്പ്രസിഡൻറ് — ശ്രീ. കെ. വി. എം. ഖാലിദ്

സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ — ശ്രീ. എ. പി. ഉമ്മർ

### അംഗങ്ങൾ

വാർഡ് I ശ്രീമതി പി വി അലീമ

II ശ്രീ കെ നാടി

III ശ്രീമതി എം. കെ. ആയിഷ

IV ശ്രീ സി കെ ഹസ്സൻ

VII ശ്രീമതി ഐ. കെ. ആയിഷ

IX ശ്രീമതി കെ. വി. ഫാത്തിമസുഹറ

X ശ്രീ കലകപ്പാറ മുഹമ്മദ്

XI ശ്രീ എം. പി. അബ്ദുൾഅസീസ്

XII ശ്രീമതി മറിയക്കുട്ടി ടോമി

XIII ശ്രീ പാലപ്ര മുഹമ്മദുമാസ്ററർ

ഇതിൽ സി. കെ. ഹസ്സൻ ഇരുമ്പുഴി സർവ്വീസ്ബാങ്ക് പ്രസിഡൻറും, പാലപ്ര മുഹമ്മദുമാസ്ററർ പന്തലൂർ സർവ്വീസ് ബാങ്ക് പ്രസിഡൻറും കലകപ്പാറ മുഹമ്മദ് പന്തലൂർ ക്ഷീരവികസന സമിതി പ്രസിഡൻറുമാണ്.

# 3 സാമൂഹിക സാംസ്കാരിക ചരിത്രം

ആനമുങ്ങിയാൽ പോലും ആഴം കാണാനാവാത്ത കയങ്ങളിൽ നിന്നാണ് ആനക്കയമെന്ന പേര് ഈ പഞ്ചായത്തിന് ലഭിച്ചതെന്നാണ് അനുമാനം.

ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ച റോഡുകളും പററെ നശിച്ചുപോയ പാലങ്ങളുടെ അവശിഷ്ടങ്ങളും ഇപ്പോഴുമിവിടെ മൂകസാക്ഷികളായി നിലകൊള്ളുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും നാടുവാഴി പ്രഭുക്കൾക്കും ഭൂജന്മികൾക്കും എതിരായുള്ള 1921ലെ മലബാർ കലാപത്തിൻെറ പ്രധാന കേന്ദ്രമായിരുന്നു ഈ പ്രദേശം. അന്നത്തെ പോലീസ് ഇൻസ്പെക്ടറായിരുന്ന ഖാൻ ബഹദൂർ കെ. വി. ചേക്കുട്ടിയെ സമരസേനാനികൾ വെടിവെച്ച്കൊന്ന് തല കുന്തത്തിൽ നാട്ടി പ്രദർശിപ്പിച്ചിരുന്നു. ഇദ്ദേഹത്തിൻെറ സ്മരണക്കായി ബ്രിട്ടീഷ്സർക്കാർ നിർമ്മിച്ച പുള്ളിയിലങ്ങാടിയിലെ പൊതുകിണർ ഇന്നും നിലനിൽക്കുന്നു. ഖാൻ സാഹിബ് കെ. വി. ചേക്കുട്ടി അധികാരിയും, അദ്ദേഹത്തിൻെറ മകൻ റിട്ട: D S P ആയിരുന്ന കെ. വി. മുഹമ്മത് സാഹിബ്, സുപ്രസിദ്ധപണ്ഡിതൻ കെ. ടി. ഇബ്രാഹീം മുസലിയാർ കിടങ്ങയം എന്നിവർ ഈ പഞ്ചായത്തുകാരായിരുന്നു.

പ്രസിദ്ധ മതപണ്ഡിതനും ഫാറൂഖ് കോളേജിൻെറ സ്ഥാപകനുമായിരുന്ന മർഹൂം അബുസബാഹ് അഹമ്മദ് മൗലി ആദ്യകാലത്ത് ആനക്കയത്താണ് താമസിച്ചിരുന്നത്. ഒരു ഉന്നത കലാലയം സ്ഥാപിക്കുക എന്ന അദ്ദേഹത്തിൻെറ മഹനീയ ലക്ഷ്യംനേടാൻ അന്ന് ഇവിടെ വേണ്ടത്ര സൗകര്യം ലഭിക്കായ്കയാൽ അദ്ദേഹം തൻെറ പ്രവർത്തനമണ്ഡലം മഞ്ചേരിയിലേക്കും, അവിടെനിന്നും ഫറോക്കിലേ മാററുകയാണ് ഉണ്ടായത്.

കേരള ഭൂപരിഷ്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന കർഷക കുടിയാന്മാരെ ഭൂഉടമകളാക്കി മാററി. അതു ധാരാളം പേർക്ക നഷ്ടം വരുത്തിയെങ്കിലും വലിയൊരു സാമൂഹ്യ മാററത്തിനു കളമൊരുക്കി.

സ്വാതന്ത്ര്യസമര സേനാനികളുടെ ഒളിത്താവളമായിരുന്ന പന്തലൂർമല ഈ പ്രദേശത്തു ഒളിവിൽ പോയ പോരാളികളെ പിടികൂടാൻ കഴിയാതിരുന്ന ബ്രിട്ടീഷ് പട്ടാളം പൂക്കോട്ടൂർ യദ്ധത്തിനു ശേഷം പഞ്ചായത്തിൻെറ പടിഞ്ഞാറെ അററത്തുള്ള ആര്യാപറമ്പിൽ കുതിരവണ്ടിയിൽ പീരങ്കിഘടിപ്പിച്ച് പന്തലൂർ മലയിലേക്ക വെടിവെച്ചതായി പറയപ്പെടുന്നു. അക്കാലത്ത് മലയാള മനോരമ പത്രത്തിൻെറ സ്ഥാപകനായിരുന്ന മാമ്മൻമാപ്പിള പന്തലൂർ വനപ്രദേശത്തു് ഒളിച്ച താമസിക്കുകയും അതിനുശേഷം ആ മലപ്രദേശം പാട്ടത്തിനു എടുക്കുകയും ചെയ്തു എന്ന് പറയപ്പെടുന്നു. അന്ന് ഈ ഭാഗം കോഴിക്കോട് സാമൂതിരി രാജാവിൻെറ അധീനത്തിലായിരുന്നു. ഇന്ന് പഞ്ചായത്തിലെ ഏററവും വലിയ പ്ലാൻേറഷനായ ബാലനൂർ തയ്യിൽ പ്ലാൻേറഷൻ. ആയി മാറിയ മനോരമ പ്ലാൻേറഷൻ ഇതോടൊപ്പം ഇവിടെ തെക്കൻ കേരളത്തിലെ കുടിയേററക്കാർ വന്നു തുടങ്ങുകയും, കാർഷിക രംഗത്തും എസ്റ്റേററരംഗത്തും വിപ്ലവകരമായ മാററങ്ങൾ ഉണ്ടാകുകയും ചെയ്തു.

പഴയ മലബാർ ജില്ലാബോർഡിൻെറ കീഴിലായിരുന്ന ആനക്കയത്ത് ആദ്യപഞ്ചായത്ത്ബോർഡ് നിലവിൽ വന്നത് 1962ൽ ആണ് അന്ന് സ്പെഷൽ ഓഫീസറുടെ ഭരണമായിരുന്നു. 20-12-1963 ലാണ് പുതിയ തെരഞ്ഞെടുത്ത ബോർഡ് നിലവിൽ വന്നത് അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ. വി. എം. ചേക്കുട്ടിഹാജിയും, വൈസ്പ്രസിഡൻറ് പുഴക്കൽ മുഹമ്മദ്കുട്ടിയും ആയിരുന്നു. ഈ ബോർഡിൻെറ അവസാനക്കാലത്ത് ശ്രീ. സി. എം. ഹസ്സൻകുട്ടി (ചേപ്പൂർ) വൈസ്പ്രസിഡൻറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് താഴെ പറയുന്നവരായിരുന്നു മെമ്പർമാർ.

**മെമ്പർമാർ**

| | | |
|---|---|---|
| 1 | എ. പി മോയിൻഹാജി | ഇരുമ്പുഴി |
| 2 | ടി. ഇ. അലവി | പെരുമ്പലം |
| 3 | സി. മുഹമ്മദ് എന്ന കുഞ്ഞാൻഹാജി | പന്തലൂർ |
| 4 | കെ. ടി കുഞ്ഞാപ്പുഹാജി | പാപ്പിനിപ്പാറ |
| 5 | സി. എം. ഹസ്സൻകുട്ടി | ചേപ്പൂർ |
| 6 | കെ. നാടികുട്ടി | പാപ്പിനിപ്പാറ |
| 7 | ശ്രീമതി മാധവിഅമ്മ | (നോമിനേററഡ്മെമ്പർ) |

1963 മുതൽ 1979 വരെ ഈ പഞ്ചായത്ത് ബോർഡ് നിലവിലിരുന്നു 1954ലെ മലബാർ ജില്ലാ ബോർഡിലെ മെമ്പറായിരുന്ന എ പി. മോയിൻസാഹിബ് ഈ പഞ്ചായത്തിലെ ഭരണസമിതിയിലെ മെമ്പറായിരുന്നു. ഏറനാട് താലൂക്കിലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പ്രധാന പ്രവർത്തകനായിരുന്നു അദ്ദേഹം. ഈ പഞ്ചായത്തിലെ പ്രധാന വിദ്യാലയമായ ഇരുമ്പുഴി G M U P സ്കൂൾ സ്ഥാപിച്ചത് അദ്ദേഹം ജില്ലാബോർഡ് അംഗമായിരുന്ന കാലത്തായിരുന്നു. അദ്ദേഹം മഞ്ചേരി P C C പ്രസിഡൻറായും ഇരുമ്പുഴി സർവ്വീസ് സഹകരണബാങ്ക് പ്രസിഡൻറായും മരണം വരെ തുടർന്നുപോന്നു.

1979 മുതൽ എം. പി. ഹസ്സൻ (മുടിക്കോട്) പ്രസിഡൻറയി തെരഞ്ഞെടുക്കപ്പെടുകയും സി. കെ. മമ്മദ് (ഇരുമ്പുഴി) വൈസ്പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**അന്നത്തെ മെമ്പർമാർ**

| | | |
|---|---|---|
| 1 | ടി. എം. അലവികുഞ്ഞാൻഹാജി | പാപ്പിനിപ്പാറ |
| 2 | സി. കെ. മുഹമ്മദ് | ഇരുമ്പുഴി |
| 3 | സി. കെ. അസൈനാർ | പാണായി |
| 4 | എം. മോയുഹാജി | പെരിമ്പലം |
| 5 | കെ. എം. ഖദീജ | ആനക്കയം |
| 6 | സി. നീലകണ്ഠൻ | പന്തലൂർ |
| 7 | ടി. സൈതാലി മൗലവി | പന്തലൂർ |
| 8 | ഒ. പി. മുഹമ്മദ് | കിടങ്ങയം |

**1988–1995 ഭരണസമിതി അംഗങ്ങൾ**

| | | | |
|---|---|---|---|
| 1 | സി. കെ. ഹസ്സൻ | (പ്രസിഡണ്ട്) | |
| 2 | പാലപ്ര മുഹമ്മദ്മാസ്ററർ | (വൈസ്പ്രസിഡണ്ട്) | |
| 3 | കെ. സി. നാടിക്കുട്ടി | (മെമ്പർ) | പാപ്പിനിപ്പാറ |
| 4 | കെ. മോഹൻദാസ് | ,, | വടക്കുമുറി |
| 5 | കെ. കെ. കുഞ്ഞാലിഹാജി | ,, | ഇരുമ്പുഴി |
| 6 | കെ. പി. അബ്ദുറഅസീസ് | ,, | പാണായി |
| 7 | എം. മോയുഹാജി | ,, | പെരിമ്പലം |
| 8 | കെ. അബ്ദുറഹിമാൻ | ,, | ചിറെത്തുപാറ |
| 9 | ശ്രീമതി മേരി ഗീവർഗീസ് | ,, | പന്തലൂർ |

10 ഒ. സൈനുദ്ദീൻ ,, കിഴക്കുംപാടം

11 കെ. വി. നഷീദാബാനു ,, ആനക്കയം

1992–95 കാലഘട്ടത്തിൽ എം. മോയുഹാജി പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഇപ്പോഠ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ 2ന് അധികാരമേററു. ഇതിൽ നാലാംവാർഡുമെമ്പറായ ശ്രീ. സി. കെ. ഹസ്സൻ മുൻപഞ്ചായത്ത് പ്രസിഡൻറും, 13–ാം വാർഡുമെമ്പറായ ശ്രീ. പാലപ്ര മുഹമ്മദുമാസ്ററർ മുൻ വൈ. പ്രസിഡൻറും ആയിരുന്നു. 13ൽ 8 U D F അംഗങ്ങളും 5 L D F അംഗങ്ങളുമാണെങ്കിലും രാഷ്ട്രീയഭിന്നത കൂടാതെ എല്ലാവരും പഞ്ചായത്തിൻെറ പുരോഗതിക്കായി ഒററക്കെട്ടായി പ്രവൃത്തിച്ചു വരുന്നു.

ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ആദ്യകാല പ്രസിഡൻറ് കെ. വി. എം. ചേക്കുട്ടിഹാജിയുടെ പിതാവ് സംഭാവന നൽകിയതും 1974 ഓഫീസ് പ്രവർത്തനം ആരംഭിച്ചതുമാണ്. അതുവരെ ആനക്കയം ജംഗ്ഷനിൽ വാടകക്കെട്ടിലാണ് ഓഫീസ് പ്രവൃത്തിച്ചിരുന്നത്. പൊതുശ്മശാനം, പൊതുകളിസ്ഥലം, പൊതുഅറവുശാല, കോൺഫറൻസുഹാഠ എന്നിവ ഇല്ലാത്തത് പഞ്ചായത്തിൻെറ ഒരു ന്യൂനത തന്നെയാണ് ഇവ സ്ഥാപിക്കാൻ പഞ്ചായത്ത് ശക്തമായ നീക്കം നടത്തി വരുന്നു.

അതുപോലെ പഞ്ചായത്തിൻെറ എല്ലാഭാഗത്തും ശുദ്ധജലം, കറൻറ് എന്നിവ ലഭ്യമായിട്ടില്ല. ആനക്കയം കടലുണ്ടി പുഴയിൽ നിന്നും പമ്പുചെയ്യുന്ന ജലത്തിൽ ഭൂരിഭാഗവും മഞ്ചേരി മുൻസിപ്പാലിററിയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കപ്പെടണമെങ്കിൽ ആനക്കയം അർബ്ബൻ വാട്ടർസപ്ലൈസ്കീമും, പന്തലൂർറൂറൽ വാട്ടർ സപ്ലൈസ്കീമും നടപ്പിലാക്കണം. ആയതു ഉടനെ നടപ്പിലാകുമെന്ന പ്രതീക്ഷയിലാണ് പഞ്ചായത്ത് നിവാസികഠ.

വൈദ്യുതിയും തെരുവു വിളക്കുകളും എല്ലാ വാർഡുകളിലും എന്നാണ് എത്തുക എന്ന കാര്യം പറയാൻതന്നെ വയ്യാത്ത അവസ്ഥയാണ്.

**സന്നദ്ധ പ്രവർത്തന മേഖല**

ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന മഞ്ചേരി–മലപ്പുറം റോഡും, ആനക്കയം–ഒറവമ്പ്രം റോഡും ആനക്കയംപെരിന്തൽമണ്ണ റോഡും മാത്രമായിരുന്നു ജനങ്ങളുടെ യാത്രാസൗകര്യത്തിനുള്ള ഏക ആശ്രയം. എന്നാൽ സേവന സന്നദ്ധരായ ജനങ്ങഠ സംഘടിച്ച് വിവിധ വാർഡുകളിൽ റോഡുകഠ നിർമ്മിക്കാൻ മുന്നിട്ടിറങ്ങുകയും ഒന്നിലധികം റോഡുകഠ ഓരോ വാർഡിലും നിർമ്മിക്കുകയും ചെയ്തു.

1996 നവംബർ 1ൻെറ പുനരർപ്പണ ദിനത്തിൽ തുടങ്ങിവെച്ച ഈ ഗ്രാമപഞ്ചായത്തിലെ മിക്ക വാർഡുകളിലും വികസന പ്രവൃത്തനങ്ങളിലായി നൂറുക്കണക്കിനാളുകളുടെ മനുഷ്യധ്വാനം സംഭാവനയായി ലഭിച്ചുകൊണ്ടിരിക്കുന്നു. ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഒരു പ്രധാന നേട്ടമാണ് ഇത്.

**വായനശാല**

ഗ്രന്ഥശാലയുടെ അംഗീകാരമുള്ള പെരിമ്പലം പൊതുജന വായനശാല, പാപ്പിനിപ്പാറ ഗ്രാമസംഘം വായനശാല & ഗ്രന്ഥാലയം, പന്തല്ലൂർ പൊതുജന വായനശാല എന്നിവയും അംഗീകാരമില്ലാത്ത ചെറുപുഷ്പ യുവപ്രതിഭ ലൈബ്രറി & റീഡിംഗ്റൂം നെമ്മിനി എന്നിവയുമാണ് പഞ്ചായത്തിലെ പ്രധാന വായനശാലകഠ. കൂടാതെ വിവിധ മതസംഘടനകളും, സ്ഥാപനങ്ങളും നടത്തുന്ന ധാരാളം വായനശാലകളും ഉണ്ട്.

## വിദ്യാഭ്യാസം

1921ലെ മലബാർ കലാപത്തിനു ശേഷമാണ് പഞ്ചായത്തിൽ പ്രധാനമായും ഔപചാരിക വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താൻ തുടങ്ങിയത്. അതുവരെയുള്ള വിദ്യാഭ്യാസം ഓത്തുപള്ളികളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുകയായിരുന്നു.

പഞ്ചായത്തിൽ ഇപ്പോൾ 16 എൽ. പി. സ്കൂളുകളും, 5 എൽ. പി. യു. പി. സ്കൂളുകളും, രണ്ട് ഹൈസ്കൂളുകളുമാണ് നിലവിൽ ഉള്ളത്. ഈ വിദ്യാലയങ്ങളിലെല്ലാം കൂടി 8206 കുട്ടികൾ പഠനം നടത്തുന്നു. വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമല്ല. ഭൗതിക സൗകര്യങ്ങളുടെ അഭാവം, രക്ഷിതാക്കളുടെ ബോധക്കുറവ്, ശുദ്ധജലം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യം എന്നിവ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും വിഷമം സൃഷ്ടിക്കുകയും പഠന നിലവാരം മോശമാവാൻ കാരണമാവുകയും ചെയ്യുന്നു. യു. പി. സ്കൂളുകളിൽ ഒന്ന് പഞ്ചായത്ത് നേരിട്ടു നടത്തുന്ന പന്തല്ലൂർ പഞ്ചായത്ത് എ. യു. പി. സ്കൂളാണ്. ഹൈസ്കൂളുകളിൽ ഒന്ന് പഞ്ചായത്തിന്റെ കിഴക്കു ഭാഗമായ പന്തല്ലൂരിലും, രണ്ടാമത്തേത് പടിഞ്ഞാറുഭാഗമായ ഇരുമ്പുഴിയിലുമാണ് സ്ഥിതിചെയ്യുന്നത് ഇവ രണ്ടും C. H. മുഹമ്മത് കോയാസാഹിബ് വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ് അനുവദിച്ചത്.

★

## ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

# 4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

**a ഭൂപ്രകൃതി:-**

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാലു വിഭാഗങ്ങളായി തിരിക്കാം.

1 ഉയർന്ന സമതലം
2 ചെരിഞ്ഞ പ്രദേശം
3 സമതലം
4 പുഴയോര പ്രദേശം

പശ്ചിമഘട്ടത്തിന്റെ ഭാഗമായ കാളികാവ്, കരുവാരക്കുണ്ട് എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിച്ച് കിഴക്കു പടിഞ്ഞാറ് ഒഴുകുന്ന കടലുണ്ടിപ്പുഴ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി ഒഴുകി അറബിക്കടലിൽ കടലുണ്ടിയിൽ ചേരുന്നു.

മലപ്പുറം ജില്ലയിലെ ഏറ്റവും ഉയരം കൂടിയ മലകളിൽ ഒന്നായ പന്തലൂർമല ഈ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്ത് സ്ഥിതിചെയ്യുന്നു. കൂടാതെ കറുക്കക്കുന്ന്, കോട്ടമല, ഈർപ്പനച്ചി, ആര്യാം പറമ്പ്, മുണ്ടിക്കുളംകുന്ന്, വട്ടമ്മൽകുന്ന്, കറവത്തലമല, കമ്പിക്കാട്, നമ്പൂതിരിക്കാട്, എണങ്ങാംപറമ്പ് നിരപ്പറമ്പ്, ആയിരംകുന്ന്, തുവ്വക്കുന്ന്, വയപ്പാറമല എന്നിവയാണ് പ്രധാന കുന്നുകൾ.

**b ജനപ്രകൃതി**

ആനക്കയം പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 41, 014 ആണ്. 20799 പുരുഷന്മാരും, 20,215 സ്ത്രീകളുമാണ്. ജനസാന്ദ്രത 911ഉം, പട്ടികജാതി ജനസംഖ്യ 2321ഉം ആകുന്നു.

വിദ്യാഭ്യാസ രംഗത്ത് താരതമ്യേന പിന്നോക്കമാണ് ഈ പഞ്ചായത്ത്. വിദ്യാലയങ്ങളിൽ പോകുന്ന കുട്ടികളുടെ എണ്ണം കൂടി വരുന്നുണ്ടെങ്കിലും പഠന നിലവാരം കുറവാണ്. ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങളാണ് ഇതിനു നിദാനം.

അടുത്ത കാലത്തു കണ്ടുവരുന്ന ഒരു പ്രവണത കാർഷികരംഗത്തു നിന്നും കെട്ടിട നിർമ്മാണ രംഗത്തേക്കും മറ്റുമുള്ള തൊഴിലാളികളുടെ പിൻമാറ്റമാണ് ചെറുപ്പക്കാരുടെ ഇടയിൽ ഗൾഫ് പ്രവണതയും വർദ്ധിച്ചുവരുന്നു. ഇതിന്റെ ഫലമായി കെട്ടിട നിർമ്മാണ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എങ്കിലും അവരുടെ വരുമാനം ഉൽപാദന രംഗത്തേക്ക് തിരിച്ചു വിടുന്നില്ല എന്നത് ഒരു പോരായ്മ തന്നെയാണ്.

**c ജലപ്രകൃതി:-**

മഴയെ ആശ്രയിച്ചു മാത്രമാണ് ഇവിടുത്തെ കൃഷി നടത്തപ്പെടുന്നത്. ഭൂരിഭാഗവും കുടിവെള്ളത്തിനു കിണറുകളെയാണ് ആശ്രയിക്കുന്നത്. മഴ കുറഞ്ഞകാലങ്ങളിൽ കൃഷിക്കു ഉണക്കം ബാധിക്കുന്നു എന്നുമാത്രമല്ല, ഉയർന്ന പ്രദേശങ്ങളിലെ കിണറുകൾ വറ്റുകയും കുടിവെള്ളക്ഷാമം നേരിടുകയും ചെയ്യുന്നു. അടുത്തകാലത്തായി ചില കുഴൽ കിണറുകൾ സ്ഥാപിച്ചുവെങ്കിലും അവ വേണ്ടത്ര വിജയപ്രദമല്ല എന്നാണ് അനുഭവം. പഞ്ചായത്തിൽകൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴ പോലും വേനലിൽ വറ്റി വരളുന്നു. പുഴയിൽ ഇടക്കിടെ തടയണ നിർമ്മിക്കലാണ് ഇതിനു പരിഹാരം.

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5.(I) കൃഷിയും ജലസേചനവും

ആനക്കയം ഒരു പ്രധാന കാർഷിക ഗ്രാമമാണ്. തെക്കുകിഴക്കുഭാഗം മലപ്പുറം ജില്ലയിലെ ഏററവും ഉയരംകൂടിയ പ്രദേശങ്ങളിൽ ഒന്നായ പന്തല്ലൂർ മലയും പടിഞ്ഞാറുഭാഗം ഉയർന്ന്കിടക്കുന്ന ആര്യാപറമ്പും മധ്യത്തിൽ കൂടെ ഒഴുകുന്ന കടലുണ്ടിപുഴയും അതിൻെറ തീരപ്രദേശങ്ങളുമാണ്.

മുഖ്യകൃഷി തെങ്ങ്, നെല്ല്, റബർ, കമുങ്ങ് എന്നിവയാണ്. ഇടവിളകളായി വെററില, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, വാഴ, കുരുമുളക് എന്നിവ കൃഷിചെയ്യുന്നു. കുന്നിൻപ്രദേശങ്ങളിലും മററും കശുവണ്ടിയും കൃഷിചെയ്തുവരുന്നു. കൃഷിയും അതുമായി ബന്ധപ്പെട്ട പ്രവൃത്തികളുമായിരുന്നു മുൻകാല പ്രധാന ജീവിതമാർഗങ്ങൾ.

ഈ പഞ്ചായത്തിലെ ഭൂവിസ്തൃതി 2453 ഹെക്ടറാണ്. $\frac{2}{3}$ ഭാഗം സ്ഥലത്ത് വ്യവസ്ഥാപിതമായ രീതിയിൽ കൃഷിനടത്തുന്നുണ്ട്. $\frac{1}{3}$ ഭാഗംസ്ഥലത്ത് കാര്യമായ ഒരു കൃഷികളുമില്ല. മുൻകാലങ്ങ മുഖ്യകൃഷി നെല്ലായിരുന്നു. പാടങ്ങൾ മുഴുവനായി കൃഷി ഇറക്കിയിരുന്നു. കൂടാതെ പറമ്പിലും മോടൻ കൃഷി നടത്തിയിരുന്നു. ഈ കൃഷികളെല്ലാം കാലവർഷത്തെമാത്രം ആശ്രയിച്ചാണ് നടത്തിയിരുന്നത്. തോടുകളിൽ ചിറകെട്ടിയും, കയററുകട്ട ഉപയോഗിച്ചുമാണ് ജലസേചനം നടത്തിയിരുന്നത്. ആര്യൻ പൊന്നാര്യൻ, തവളക്കണ്ണൻ, എണ്ണപ്പട്ട, അരുവാക്കാരി, കുമ്പോളൻ, ചീര, നഗര, തെക്കൻചീര, കരിപ്പാലി എന്നിവയായിരുന്നു മുമ്പത്തെ നെൽവിത്തുകൾ ഇടക്കാലത്ത് കൂട്ടുമുണ്ടകൻ കൃഷി വ്യാപകമായി ഐ. ആർ. എട്ട്. മസൂരി, ടി. ടി വി, ജയ. എച്ച് 4 എന്നീ വിത്തുകളും പ്രചാരത്തിൽ വന്നു. നിലവിൽ ജ്യോതി, റോക്കററ്, പൊന്നി, ഐശ്വര്യ എന്നീ നെൽവിത്തുകളാണ് പ്രചാരത്തിൽ.

മുൻകാലങ്ങളിൽ പച്ചിലവളം, കാലിവളം, ചാരം എന്നിവയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇന്ന് കോഴിവളം, രാസവളം എന്നിവ പ്രധാനമായും, കാലിവളം, പച്ചിലവളം എന്നിവയും ഉപയോഗിക്കുന്നു. ജലസേചനത്തിനു ഇന്ന് പ്രധാനമായും V C Bയും പമ്പുസെററുകളും വ്യാപകമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനു തികയുന്നില്ല വൈദ്യുതി കമ്മി ഒരു വലിയ പ്രശ്നമാണ്. ചാമ, രാഗി, മുതിര. എള്ള്. പയർ, തുവര എന്നീ ഇടവിളകളുടെയും കൃഷി നേരത്തെ വ്യാപകമായിരുന്നു. ഇന്നു ഇവ തീരെ അപൂർവ്വമാണ്.

കിഴങ്ങുവർഗ്ഗങ്ങളായ കപ്പ, മധുരക്കിഴങ്ങ് എന്നിവ വ്യാപകമായിത്തന്നെ കൃഷിചെയ്തിരുന്നുവെങ്കിലും ഇന്നു അവയും ചുരുങ്ങി ചുരുങ്ങി വരികയാണ്.

കീടങ്ങളെ നശിപ്പിക്കാൻ നേരത്തെ ചാഴിവല, മുറം പുഴക്കോരി എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ചിലർ ആയതിന് മന്ത്രവാദങ്ങളും നടത്തിയിരുന്നു. ഇന്ന് ആധുനികരീതിയിലുള്ള കീടനാശിനികളും കുമിൾനാശിനികളും ആണ് ഉപയോഗിച്ചുവരുന്നത്. ഉപയോഗക്രമത്തിൽ പല പാകപ്പിഴവുകളും സംഭവിക്കുന്നതിനാൽ ബോധവൽക്കരണം ഏററവും ആവശ്യമാണ്.

നെൽകൃഷി ലാഭകരമല്ല എന്ന കാരണത്തിൽ വെള്ളം സുലഭമായികിട്ടുന്ന പാടങ്ങൾപോലും തരിശിടുന്ന പ്രവണത വ്യാപകമാണ്. ഒരു പൂനിലങ്ങൾ പലതും തോട്ടങ്ങൾ ആയി മാറുകയാണ്. പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന പ്രവണതയും കണ്ടുവരുന്നു. ഇതിനു കാരണം യാത്രാസൗകര്യം തന്നെയാണ്.

തോട്ടവിളകളോട് നേരത്തെ താൽപര്യം കുറവായിരുന്നു. ജന്മി-കുടിയാൻ വ്യവസ്ഥിതി നില നിന്നിരുന്നതിനാൽ കുടിയാന്മാരായ കർഷകർക്ക തോട്ടവിളകൾ ഇറക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം കുടിയാന് ഭൂമിയിൽ കൈവശാവകാശം ഇല്ലായിരുന്നു.

ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടെ കുടിയാന്മാർ പലരും ഭൂഉടമകളായിമാറി. ഹ്രസ്വ കാല വിളകളുടെ സ്ഥാനത്ത് ദീർഘകാലവിളകൾ രൂപപ്പെട്ടു. 1970നു ശേഷം ഗൾഫ്‌രാജ്യങ്ങളിൽ തൊഴിൽസാധ്യത കൂടിയതോടെ പലരും കൃഷിയും കൃഷിപ്പണിയും ഉപേക്ഷിച്ച് മററു തൊഴിൽമേഖലക ളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. നേരത്തെ ഇവിടെനിന്നും തൊഴിൽതേടി ജനങ്ങൾ തെക്കൻതിരു വിതാംകൂർ, വയനാട്, കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്‌നാട് എന്നിവിടങ്ങളിൽ പോയിരുന്നു. ഇന്ന് തെക്കൻതിരുവിതാംകൂർ, പാലക്കാട് തമിഴ്‌നാട് എന്നീ മേഖലകളിലെ ആളുകളാണ് ഇവിടെ പ്രധാ നമായും തൊഴിലെടുക്കുന്നത്. കോൺട്രാക്‌ററർമാർക്ക കീഴിൽ പണി എടുക്കുന്നവർ അധികവും പുറത്തു നിന്നുള്ളവരാണ്.

പഞ്ചായത്തിലെ ഭൂമിയുടെ വിവരം താഴെ കാണിച്ച പ്രകാരമാണ്:

| | | |
|---|---|---|
| നിലം | — 1061 . 405 | ഹെക്ടർ |
| പുരയിടം | — 9430 . 930 | ,, |
| പുറമ്പോക്ക് | — 661 . 660 | ,, |

പച്ചക്കറിയിൽ ഇവിടെ സ്വയം പര്യാപ്തമായിരുന്നു. ഇന്ന് തമിഴ്‌നാട് പച്ചക്കറിയാണ് മുഖ്യ ആശ്രയം.

കമുങ്ങ് കൃഷി പുഴയോരങ്ങളിൽ വ്യാപകവും ലാഭകരവും ആണെങ്കിലും ഇന്ന് ചില പ്രത്യേക രോഗങ്ങൾ കമുങ്ങ് കൃഷിക്ക് ഭീഷണിയാണ്.

കൂലി കൂടുതലായതിനാൽ കൃഷിപ്പണിക്ക് മനുഷ്യശേഷി ഉപയോഗിക്കുന്നത് ഇപ്പോൾ നഷ്ട മാണ്. അതിനാൽ യന്ത്രവൽക്കരണമാണ് ലാഭകരം പക്ഷെ ചെറുകിട ഭൂഉ മകൾ ആയതിനാലും പാടയോര റോഡുകൾ മിക്കവാറും സ്ഥലങ്ങളിൽ ഇല്ലാത്തതിനാലും കൂട്ടായ്മയുടെ അഭാവത്താലും ഇതു പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. (ഉദാ:- വടക്കുംമുറി, പടിഞ്ഞാററുമുറി, പന്തലൂർ)

കൃഷിയുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ, എന്നിവ സംരക്ഷിക്കാത്തതിനാൽ സൈഡ് പൊട്ടി കൃഷി നശിക്കാൻ കാരണമാകുന്നു. തോടുകളിലും പുഴയിലും തടയണകൾ ഇല്ലാത്തതിനാൽ ജല നിരപ്പ്താണ് വരൾച്ചക്ക കാരണമാകുന്നു.

**മണ്ണ്**

നദീതീരങ്ങളിലും പാടശേഖരങ്ങളിലും മലമ്പ്രദേശങ്ങളിലും വളക്കൂറുള്ള മണ്ണുണ്ടെങ്കിലും 4ൽ 3 ഭാഗം വരുന്ന ചെരിഞ്ഞ പ്രദേശങ്ങളിൽ വളക്കൂറുള്ള മണ്ണ് കുറവാണ്, പലസ്ഥലങ്ങളിലും ചെങ്കല്ലും കരിമ്പാറയും ധാരാളമായി കാണുന്നു.

**വളം**

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല രാസവളം ഉപയോഗിക്കുന്നത് ആയതിനാൽ പാഴ്ചെലവുകൾ വരുന്നു. സഹകരണബേങ്കുകൾ നടത്തുന്ന മൂന്നു രാസവള ഡിപ്പോകളാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. വളരെയധികം കർഷകർ അയൽപ്രദേശത്തെ പട്ടണങ്ങളിൽ നിന്ന് രാസവളം കൊണ്ടുവരുന്നുണ്ട്.

ജൈവവളമായി അധികം ഉപയോഗിക്കുന്ന കോഴിവളം, കാലിവളം, ചാരം എന്നിവ തമിഴ് നാട്ടിൽ നിന്നാണ് കൊണ്ടുവരുന്നത്. പച്ചിലവളം പ്രദേശികമായിതന്നെ ലഭിക്കുന്നു.

| | 93 — 94 | 94 — 95 | 95 — 96 |
|---|---|---|---|
| സഹകരണം | 94859 Kg. | 81332 Kg. | 78045 Kg. |
| സ്വകാര്യസ്ഥാപനം | ഇല്ല | ഇല്ല | ഇല്ല |

മേൽപറഞ്ഞ വിധത്തിലാണ് രാസവളത്തിന്റെ ഉപയോഗക്രമം രാസവളത്തിന്റെ ഉപയോഗം കുറഞ്ഞു വരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

**കീടനാശിനി**

നെല്ല്, പച്ചക്കറി, വാഴ എന്നിവക്ക കീടനാശിനികളും റബർ, കമുങ്ങ്, കുരുമുളക്, തെങ്ങ് എന്നിവക്ക കുമിംനാശിനികളും ഉപയോഗിക്കുന്നു. ബോധവൽക്കരണത്തിന്റെ കുറവ് ഈ രംഗത്ത് പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

**കാർഷികോപകരണങ്ങൾ**

ഉഴവുകാളകളെ ഉപയോഗിച്ചാണ് നേരത്തെ വയൽ ഉഴുതിരുന്നത്. കാളകളെ പോററുന്നതിനുള്ള ചെലവും അസൗകര്യവും കൂടിയതോടെ ഇന്ന് ട്രാക്ടർ, ട്രില്ലർ എന്നിവയുടെ ഉപയോഗം വ്യാപിച്ചു വരുന്നു. പഞ്ചായത്തിൽ ഇത്തരം യന്ത്രങ്ങൾ ആവശ്യത്തിനു ഇല്ലാത്തതിനാൽ സമീപസ്ഥലങ്ങളിൽ നിന്നും ഇവ കൊണ്ടുവന്നാണ് കർഷകർ ആവശ്യം നിറവേററുന്നത്.

**പാടശേഖരസമിതി**

നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് അടുത്തകാലത്തായി പാടശേഖരസമിതികൾ നിലവിൽ വന്നിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നേ ഉള്ളു.

**കുളങ്ങൾ:-**

പഞ്ചായത്തിൽ മൊത്തം 44 കുളങ്ങൾ ഉണ്ട്. അധികവും കൃഷിക്കും കുളിക്കാനും ഉപയോഗിക്കുന്നുണ്ട്. അപൂർവ്വം കുളങ്ങൾ കുടിവെള്ളത്തിനും ഉപയോഗിക്കുന്നുണ്ട്.

**കിണർ;-**

കൃഷി ആവശ്യാർത്ഥം ധാരാളം കിണറുകൾ ഉപയോഗിച്ചുവരുന്നു. അധികവും സ്വകാര്യവ്യക്തികളുടേതാണ്. പൊതു കിണറുകൾ കുടിവെള്ളത്തിനുവേണ്ടിമാത്രമാണ് ഉപയോഗിച്ചു വരുന്നത്. അപൂർവ്വം ചില കുഴൽ കിണറുകൾ ഉണ്ടെങ്കിലും കൃഷിക്ക ഉപയോഗിക്കുന്നില്ല.

**തോടുകൾ:-**

പഞ്ചായത്തിൽ നിരവധി തോടുകളുണ്ട്. ഇവയിലെ വെള്ളം ചിറകെട്ടി തടഞ്ഞു നിർത്തിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കടലുണ്ടി പുഴയിലെ വെള്ളം പമ്പ് ചെയ്ത് തോട്ടങ്ങൾ നനയ്ക്കാൻ ഉപയോഗിക്കുന്നു. വൈദ്യുതിയുടെ ദൗർലഭ്യം വലിയ തടസ്സമാണ്.

## പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങൾ

| | | |
|---|---|---|
| പൊതു ജലസേചന കിണർ | — | 35 |
| VCB | — | 11 |
| കുഴൽ കിണർ | — | 18 |
| കുളം | — | 44 |
| അയക്കെട്ട് | — | 219 ഹെക്ടർ |

**പ്രധാന തോടുകൾ:-**

| | | | |
|---|---|---|---|
| 1 | പുന്നാംതോട് | — | 1½km |
| 2 | ഓളിക്കൽതോട് | — | 1½km |
| 3 | കാക്രത്തോട് | — | 4km |
| 4 | പന്തലൂർതോട് | — | 1km |
| 5 | ഇരുമ്പുഴികണ്ടിൽതോട് | — | ½km |
| 6 | വാക്കമൂളിതോട് | — | 1km |
| 7 | ചാലപ്പുറം തോട് | — | ¾km |
| 8 | എടക്കണ്ടം തോട് | — | ½km |
| 9 | ഒസ്സാൻ തോട് | — | ¾km |
| 10 | ചക്കിങ്ങൽപടിതോട് | — | ½km |
| 1 | പനങ്കരതോട് | — | ¼km |
| 12 | പുത്തൻതോട്-വടക്കുംമുറി | — | ¾km |
| 13 | അവുത്തിതോട് | — | ¼km |
| 14 | കണ്ടിൽതോട് | — | 2½km |
| 15 | പാണായിതോട് | — | 1½km |
| 16 | കണ്ടൻതോട് | — | 2½km |
| 17 | പുളിയിലങ്ങാടിതോട് | — | ½km |
| 18 | പാമ്പോട്ടുചോലതോട് | — | ½km |

ഇവയാണ് പ്രധാന തോടുകൾ

**കടലുണ്ടിപുഴ:-**

കരുവാരക്കുണ്ടിൽ നിന്നും ഉത്ഭവിച്ച് കിഴക്കുപടിഞ്ഞാറായി ഒഴുകുന്ന കടലുണ്ടിപുഴ കടലുണ്ടിയിൽ കടലിൽ ചേരുന്നു. 13 കി മീ ആണ് ഇതിന്റെ നീളം ധാരാളം ശുദ്ധജലം ലഭിക്കുന്ന ഈ പുഴ മലിനീകരണത്തിൽനിന്നും ഏറെക്കുറെ മുക്തമാണ്. ഇതിലെ ജലം അല്പംമാത്രമെ കൃഷിക്ക ഉപയുക്തമാകുന്നുള്ള മഞ്ചേരി മുൻസിപ്പാലിററിയിലേക്ക് ശുദ്ധജലവിതരണത്തിനു ഈ പുഴയിലെ ജലം പമ്പ ചെയ്യുന്നു. ധാരാളം മണൽ ഈ നദിയിൽനിന്നും വാരിയെടുക്കുന്നു. ഇതു മൂലം കുറെ പേർക്ക് ജോലിയും ലഭിക്കുന്നുണ്ട്.

ഈ പുഴയിൽ ഇടക്കിടെ തടയണകൾ നിർമ്മിച്ചാൽ വെള്ളം തടഞ്ഞുനിർത്താനും ജലക്ഷാമവും വരൾച്ചയും ഒരു പരിധിവരെ കുറക്കാനും കഴിയുന്നതാണ്. സർക്കാറിന്റെ ശ്രദ്ധ ഈ വിഷയത്തിൽ അടിയന്തിരമായി പതിയേണ്ടതാണ്.

പുഴയുടെ പാർശ്വഭാഗങ്ങൾ മഴക്കാലത്ത് ഇടിഞ്ഞു പോകുന്നത് മണ്ണൊലിപ്പിനും ധനനഷ്ടത്തിനും കാരണമാകുന്നു. അത്തരം സ്ഥലങ്ങൾ കണ്ടെത്തി കരിങ്കൽ കെട്ടുകൾ പണിയേണ്ടതാണ്. പുഴയോരങ്ങളിൽ കണ്ടൽ ചെടികളും വച്ചുപിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

**നിർദ്ദേശങ്ങൾ:-**

1 തോടുകൾക്ക ആവശ്യമായ സ്ഥലങ്ങളിൽ VCB കളും ചെക്ക്ഡാമുകളും നിർമ്മിച്ച് കൃഷിക്ക ഉപയുക്തമാക്കുക.
2 തോടുകളുടെയും പുഴയുടെയും കരകൾ ഇടിച്ചിൽ തടയാൻ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക.
3 കടലുണ്ടി പുഴയിൽ തടയണകൾ നിർമ്മിക്കുക.
4 പ്രധാന കൃഷിയായ തെങ്ങുകൃഷിക്ക പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക. ഇവ യഥാസമയം ലഭ്യമാക്കുക.
5 കേരോൽപന്നങ്ങൾക്ക മതിയായ വില ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
6 കാർഷിക ഉപകരണങ്ങളും വളവും കുറഞ്ഞ നിരക്കിൽ കർഷകർക്ക ലഭ്യമാക്കുക.
7 റബർ കൃഷിക്കനൽകുന്ന ആനുകൂല്യങ്ങൾ തെങ്ങ്, കവുങ്ങ്, കശുമാവ് കൃഷിക്കാർക്കും നൽകുക.
8 ആവശ്യമായ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8 കൃഷിക്കാർക്ക വൈദ്യുതി ലഭിക്കാൻ ഇന്നുള്ള പ്രയാസങ്ങൾ ഒഴിവാക്കുക.
10 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
11 നല്ലയിനം നടിൽവസ്തുക്കൾ യഥാസമയം കർഷകർക്ക നൽകുക.
12 കൃഷിഭവൻ മുഖേന നൽകുന്ന സഹായങ്ങൾ യഥാസമയം ലഭ്യമാക്കുക.
13 വിളകൾക്ക ന്യായമായ വില ലഭ്യമാക്കാൻ പഞ്ചായത്തുതലത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
14 കർഷകർക്കിടയിൽ കൂട്ടായ്മ ഉണ്ടാക്കാൻ ആവശ്യമായ ബോധവൽകരണം നടത്തുക.
15 ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കാൻ കൃഷിക്കാർക്ക ബോധവൽക്കരണവും പ്രോൽസാഹനവും നൽകുക
16 കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കാൻ പഞ്ചായത്ത തലത്തിൽതന്നെ സംവിധാനങ്ങൾ കണ്ടെത്തുക.
17 വെള്ളം സുലഭമായ കുളങ്ങളും ചോലകളും നന്നാക്കി കൃഷിക്ക് ഉപയോഗിക്കുക.
18 കൃഷിനാശം സംഭവിക്കുന്നവർക്ക യഥാസമയം നഷ്ടപരിഹാരം നൽകുക.
19 മണ്ണിടിച്ചിൽ തടയാൻ തോടുകൾക്കും പുഴകൾക്കും സംരക്ഷണഭിത്തികൾ കെട്ടുക.
20 കൃഷിക്കായി കുളം, കിണർ, പമ്പുസെററ് എന്നിവ സ്ഥാപിക്കുന്നതിന് കൂടുതൽപേർക്ക് സഹായം നൽകുക.
21 തരിശുഭൂമികൾ കൃഷി ചെയ്യുന്നതിന് കൂടുതൽപേർക്ക് സഹായം നൽകുക.
22 നെൽകൃഷിക്ക് സബ്സീഡി വർദ്ധിപ്പിക്കുക.
23 കൃഷിഭവൻ ഒരു ഉപഘടകം പന്താവൂരിൽ സ്ഥാപിക്കുക.

★

# 5.(2) മൃഗസംരക്ഷണവും മത്സ്യബന്ധനവും

**a മൃഗസംരക്ഷണം**

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. സങ്കര യിനത്തിൽപ്പെട്ട പന്നി, മുയൽ എന്നിവയും ചുരുക്കമായി വളർത്തിവരുന്നു. പക്ഷികളിൽ ഏററവും പ്രധാനം കോഴിയാണ്. അതു തന്നെ വൻതോതിലുള്ള ഫാമുകൾ അല്ല. ചുരുക്കം ചില ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. മുട്ടക്കോഴികളെ പഴയ രീതികളിൽ വീടുകളിൽ വളർത്തിവരുന്നു. അപൂർവ്വം ചില വീടുകളിൽ ഒന്നും, രണ്ടും താറാവുകളേയും വളർത്തുന്നു

കന്നുകാലികളിൽ ഏറിയ പങ്കും സങ്കര ഇനങ്ങളാണ്. നാടൻ ഇനങ്ങളെ പോററുന്നത് ഒട്ടും ആദായകരവും പ്രായോഗികവും അല്ല. അതിനാൽ ഹോൾസ്റ്റയിൻ, ജഴ്സി, സ്വിസ് ബ്രൗൺ തുടങ്ങിയ വയുടെ ബീജസങ്കലനം നടത്തി വർഗ്ഗോദ്ധാരണം നടത്തുന്നു.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| പശുക്കൾ | — | 1720 |
| എരുമകൾ | — | 328 |
| കാളകൾ | — | 159 |
| ആടുകൾ | — | 3364 |

70 ശതമാനം വീടുകളിലും നാടൻ കോഴികളെ ചുരുങ്ങിയ രീതിയിൽ വളർത്തുന്നു. ഇവ അടുക്ക ളയും പരിസരത്തേയും ആശ്രയിച്ച് വളരുന്നു.

**കാലിരോഗങ്ങൾ**

കാലികൾക്ക പിടിപെടുന്ന ഒരു പ്രധാന രോഗമാണ് 'അകിടുവീക്കം.' തക്കസമയത്ത് രോഗ നിർണ്ണയം നടത്തി ചികിത്സിക്കാത്തതുമൂലം കനത്ത നഷ്ടം സംഭവിക്കാറുണ്ട്. മറെറാരു പ്രധാന രോഗ മാണ് കുളമ്പ് രോഗം ഈ രോഗം പെട്ടെന്ന് പടന്ന് പിടിച്ച് കാലികളുടെ പാൽ ഉല്പാദനം കുറക്കുന്നു. ഇവക്ക പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്. കൂടാതെ പലതരം സാംക്രമിക രോഗങ്ങളും കന്നു കാലികളെ പിടികൂടാറുണ്ട് അവക്കെല്ലാം പ്രതിരോധ കുത്തിവെയ്പുകൾ ഉണ്ടെങ്കിലും കർഷകരിൽ പലരും ഇവയെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. കോഴിവസന്തയാണ് മറെറാരു പ്രധാനരോഗം. ഇത് പെട്ടെന്ന് പകരുന്ന ഒരു വ്യാധിയായതിനാൽ കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങാൻ കാരണ മാകുന്നു. ഇതിനു പ്രതിരോധകുത്തിവെയ്പാണ് പരിഹാരം. ഇതിനുള്ള സൗജന്യ കുത്തിവെയ്പ് എല്ലാ മൃഗാസ്പത്രികളിലും ലഭ്യമാണെങ്കിലും ജനങ്ങൾ വേണ്ടത്ര ബോധവാന്മാരായിട്ടില്ല. അതിനാൽ കൂടുതൽ ബോധവൽകരണം ആവശ്യമാണ്.

ഈ പഞ്ചായത്തിലെ ഏക മൃഗാസ്പത്രി പന്തല്ലൂർ വില്ലേജിലെ കടമ്പോടിലാണ്. ഇതിന്റെ പ്രയോജനം ആനക്കയം വില്ലേജിലേക്ക് ഉപയോഗപ്പെടുന്നില്ല. ഇതു മൂലം ഈ ഭാഗത്തുള്ളവർക്ക പ്രയാ സങ്ങൾ നേരിടുന്നു. അതിനാൽ ആനക്കയം വില്ലേജിൽ ഇരുമ്പുഴി, ആനക്കയം, എന്നിവിടങ്ങളിൽ ഓരോ മൃഗാസ്പത്രികളൊ, അല്ലെങ്കിൽ കന്നുകാലി വികസന ഉപകേന്ദ്രങ്ങളൊ തുറന്നു പ്രവർത്തനം

ആരംഭിക്കേണ്ടതാണ്. എന്നാൽ മാത്രമെ മൃഗസംരക്ഷണ വകപ്പുകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന നേട്ടം കർഷകരിൽ എത്തിച്ചേരുകയുള്ളൂ.

പാലുൽപാദകരുടെ ഒരു സഹകരണസംഘം പന്തലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന 'പന്തലൂർ ക്ഷീരോല്പാദക സഹകരണ സംഘം' എന്ന പേരിൽ 1982ൽ പ്രവർത്തനം ആരംഭിച്ചു. ഇതു ജില്ലയിൽ നന്നായി പ്രവൃത്തിക്കുന്ന സംഘങ്ങളിൽ ഒന്നാണ്. ഉൽപാദകരു ഗുണമേന്മയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വില കൃത്യസമയങ്ങളിൽ ലഭിക്കുമ്പോൾ, ഉപഭോക്താവിന് ശുദ്ധിയും കൃത്രിമരഹിതവുമായ പാൽ നിശ്ചിത വിലക്ക ലഭിക്കുന്നു. ഉല്പാദകരു ആവശ്യമായ കാലിത്തീററ കുറഞ്ഞ നിരക്കിൽ സംഘം വിതരണം ചെയ്യുന്നു. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ ഉല്പാദകന് കറവമാടുകളെ വാങ്ങിക്കാൻ സംഘം ലോണം നൽകുന്നുണ്ട്. സംഘത്തിന്റെ പാൽ മഞ്ചേരി, പാണ്ടിക്കാട് എന്നീ പട്ടണങ്ങളിലാണ് പ്രധാനമായും വിററഴിക്കുന്നത് ഇപ്പോൾ സംഘത്തിലെ അംഗങ്ങളുടെ ദിനംപ്രതി പാലുൽപാദനം 180 ലിററാണ്. നെൽകൃഷി മററു നാണ്യ വിളകൾക്ക വഴിമാറിക്കൊടുത്തതിനാൽ കാലിത്തീററക്കാവശ്യമായ വൈക്കോൽ ലഭ്യമാകാത്തതും കർഷകരെ വിഷമിപ്പിക്കുന്നു.

കാലിത്തീററകളിൽ മായത്തിനു പുറമെ, വിലക്കൂടുതലും തീററ പുൽ ലഭ്യമല്ലാത്ത അവസ്ഥയും, മേച്ചിൽസ്ഥലങ്ങളുടെ അപര്യാപ്തതയും, ചികിത്സാചെലവുകൾ, ചികിത്സാ കേന്ദ്രങ്ങളുടെ കുറവ്, ഉരുക്കളുടെ ക്രമാതീതമായി വില, ലോൺലഭിക്കാനുള്ള പ്രയാസങ്ങൾ, പാലിന്റെ വിപണി എന്നിവയെല്ലാം പാലുൽപാദനത്തിന്റെ മുരടിപ്പിനു കാരണമാകുന്നു.

ഇറച്ചികോഴികളെ വളർത്തുന്ന ചില യൂണിററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ലാഭകരമായി നടത്താൻ കഴിയുന്നില്ല. കോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച വില, വർദ്ധിച്ച തീററച്ചെലവ് എന്നിവ ഈ രംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നില്ല. വിപണനം ഇപ്പോൾ ഒരു പ്രശ്നമല്ല. അന്യസ്ഥലങ്ങളിൽ നിന്നും ധാരാളം ഇറച്ചികോഴികൾ ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു.

**പ്രധാന പ്രശ്നങ്ങൾ:-**

1 മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ അപര്യാപ്തത
2 കാലികളുടെയും തീററികളുടെയും വിലവർദ്ധന
3 മിൽക്ക സൊസൈററികളുടെ അപര്യാപ്തത
4 തീററപുൽ, മേച്ചിൽ സ്ഥലങ്ങളുടെ കുറവ്
5 പേ വിഷബാധ
6 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീററ, മരുന്നുകൾ എന്നിവയുടെ വില വർദ്ധന
7 ചികിത്സയുടെയും ബീജസങ്കലനത്തിന്റെയും അപര്യാപ്തത
8 പ്രതിരോധ ചികിത്സയെക്കുറിച്ചുള്ള അജ്ഞത

**സാധ്യതകൾ:-**

1 ആവശ്യമായത്ര മൃഗാസ്പത്രികളൊ, ഉപകേന്ദ്രങ്ങളൊ സ്ഥാപിക്കുക.
2 ഓരോ പഞ്ചായത്തിലും ഓരോ കാലിത്തീററ ഫാക്ടറി സ്ഥാപിക്കുക.
3 കാലിത്തീററയുടെ വില കുറക്കാൻ സർക്കാർ തലത്തിൽ സംവിധാനം കാണുക.
4 കൂടുതൽ ക്ഷീരോൽപാദക സംഘങ്ങൾ സ്ഥാപിക്കുക.
5 തീററപുൽകൃഷി വർദ്ധിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക

6 പേവിഷബാധക്കെതിരായ കുത്തിവെയ്പ്പ് എല്ലാ വളർത്തുമൃഗങ്ങൾക്കും നടത്തുക.
7 സർക്കാർതലത്തിൽ ഹാച്ചറികൾ (വിരിയിൽകേന്ദ്രം) ഓരോ പഞ്ചായത്തിലും തുടങ്ങുക.
8 ഓരോവാർഡിലും തെരഞ്ഞെടുക്കപ്പെട്ട രണ്ടോ മൂന്നോ സ്ത്രീകൾക്ക് കോഴിവസന്തക്കെതിരായ കുത്തിവെപ്പ് പരിശീലനം നൽകുക.
9 പഞ്ചായത്തിൽ ഒരു ആധുനിക അറവുശാലയും അവിടെ ഒരു വെററിനറി സർജനേയും നിയമിക്കുക.

**മത്സ്യമേഖല**

ഈ പഞ്ചായത്തിൽ മത്സ്യബന്ധനവും മത്സ്യകൃഷിയും വലിയതോതിൽ ഇല്ലെന്നുപറയാം. കുറഞ്ഞതോതിലെങ്കിലും മത്സ്യബന്ധനം നടക്കുന്നത് കടലുണ്ടി പുഴയിൽനിന്നാണ്. ഇത് വേനൽക്കാലത്ത് പാറെറവററി വരളുന്നതിനാൽ മത്സ്യസമ്പത്ത് വളരെ കുറഞ്ഞുവരുന്നു. വററാത്ത വലിയ കുളങ്ങൾ പഞ്ചായത്തിൽ തുലോം കുറവാണ്. ഉള്ളവതന്നെ സ്വകാര്യമേഖലയിലുമാണ്. അതിനാൽതന്നെ മത്സ്യകൃഷി പ്രോത്സാഹിക്കപ്പെടുന്നില്ല. കടലുണ്ടി പുഴയിൽ തടയണകൾ നിർമ്മിക്കപ്പെടുകയാണെങ്കിൽ അതു മത്സ്യം വളർത്തലിന് ഉപയോഗപ്പെടുത്താവുന്നതാണ്. നഞ്ചുകലക്കൽ, തോട്ടപൊട്ടിക്കൽ എന്നിവ കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കടര് സമഗ്ര വികസന രേഖ

## 5 (3) വ്യവസായം

വ്യവസായമേഖലയിൽ ആനക്കയം പഞ്ചായത്ത് ഏററവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ബീഡിതിരപ്പ് എന്നീ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ തീരെ ഇല്ല. ജനങ്ങൾ പാരമ്പര്യമായി കൃഷിക്കാരോ, കർഷകതൊഴിലാളികളോ ആയാണ് ജീവിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വ്യവസായ സംസ്കാരമോ, വ്യവസായ താൽപര്യമോ അറിവോ പൊതുവെ കുറവാണ്.

എന്നാൽ കാർഷികരംഗത്തുനിന്നും വ്യവസായരംഗത്തേക്ക് പ്രവേശിക്കാനുള്ള ഒരു പ്രവണത അടുത്ത കാലത്തായി കണ്ടുവരുന്നു. എളിയ തുടക്കമെന്ന നിലയിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായിപലവിധ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ ഉയർന്നു വന്നിട്ടുണ്ട്. അവയുടെപട്ടിക താഴെ കൊടുക്കുന്നു.

| ക്രമനമ്പ്ര് | യൂനിററിന്റെപേരു് | എണ്ണം |
|---|---|---|
| 1 | സ്മാാംക്രഷർയൂനിററുകൾ | 4 |
| 2 | യന്ത്രവത്കൃതചെങ്കൽവെട്ടുകപ്പാറികൾ | 5 |
| 3 | റോളർഫ്ളോർ മില്ലുകൾ | 1 |
| 4 | ഇർച്ചമില്ലുകൾ | 4 |
| 5 | റൈസ്, ഫ്ളോർ & ഓയിൽമില്ലുകൾ | 19 |
| 6 | വേലിക്കമ്പിനിർമ്മാണം | 1 |
| 7 | ഹോളോബ്രിക്സ് (കോൺക്രീററ്) | 1 |
| 8 | ടെഡ്ഡ് റബർയൂനിററ് | 1 |
| 9 | അവിൽമിൽ | 1 |
| 10 | ഐസ്ക്രീം യൂനിററ് | 1 |
| 11 | ഫർണീച്ചർഷെഡ്ഡുകൾ (മരപ്പണിയൂണിററുകൾ) | 18 |
| 12 | പ്രിൻറിംഗ്പ്രസ്സ് | 1 |

മേൽപറഞ്ഞവയിലെല്ലാം കൂടി 220 പേർ ജോലിചെയ്യുന്നു. അതിൽ 30 സ്ത്രീതൊഴിലാളികളാണ്.

സ്ത്രീ തൊഴിലാളികളുടെ നേതൃത്വത്തിൽ രണ്ടു വ്യവസായ യൂണിററുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവ പ്രവർത്തനരഹിതമാണ്. പൊതുമേഖലയിലൊ സ്വകാര്യമേഖലയിലൊ ഉള്ള വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. മൺപാത്രനിർമ്മാണവും, മുള (ഈററ) ഉപയോഗിച്ചുള്ള കൊട്ടനിർമ്മാണവും മാത്രമാണ് പരമ്പരാഗത കുടിൽവ്യവസായങ്ങളായിട്ടുള്ളത്. മൺപാത്രനിർമ്മാണത്തിൽ പത്തു കുടുംബങ്ങളും കൊട്ടനിർമ്മാണത്തിൽ 15 കുടുംബങ്ങളും ഏർപ്പെട്ടിരിക്കുന്നു. മൺപാത്രങ്ങളുടെ ആവശ്യക്കുറവും വിലക്കുറവും കളിമണ്ണിന്റെ ദൗർലഭ്യതയും മൂലം ഈ വ്യവസായം തകർച്ചയെ നേരിടുന്നു. മുളയുടെ ദൗർലഭ്യതയും വിലക്കൂടുതലും കുട്ടനെയ്ത്തുകാരെ ദുരിതത്തിലാഴ്ത്തുന്നു.

**പ്രശ്നങ്ങൾ**

വ്യവസായം തുടങ്ങുന്നതിനാവശ്യമായ വൈദ്യുതി, ഗതാഗതം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. യോജിച്ച സ്ഥലങ്ങൾ ധാരാളം ലഭ്യമാണ്. ധാരാളം തൊഴിലാളികളും, ഗൾഫുബന്ധംമൂലം സാമ്പത്തികഭദ്രത നേടിയ ധാരാളം യുവാക്കളും ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും വ്യവസായ രംഗത്തേക്ക് അവർ ആകർഷിക്കപ്പെടുന്നില്ല. സാങ്കേതിക പരിജ്ഞാനക്കുറവ്, തൊഴിൽപ്രശ്നം ഉണ്ടാകുമെന്നുള്ള ഭയം, ഉൽപന്നങ്ങൾ വിററഴിക്കുന്നതിലുള്ള ആശങ്ക എന്നിവ വ്യവസായങ്ങൾ തുടങ്ങുന്നതിന് തടസ്സമാകുന്നു. ഈ പഞ്ചായത്തിലെ കാർഷികോൽപന്നങ്ങളായ നാളികേരം, റബർ മുതലായവ വന്നിട്ടില്ല. മൊത്തത്തിൽ വ്യവസായികബോധം തന്നെ പഞ്ചായത്തിൽ ഇല്ല. അതുമാററി എടുക്കേണ്ടതുണ്ട്.

**സാധ്യതകൾ**

അഭ്യസ്ഥവിദ്യരടക്കം ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ലഭ്യമാണ്. പ്രേരണയും പരിശീലനവും നൽകിയാൽ വ്യവസായം തുടങ്ങാൻ താൽപര്യമുള്ളവരുമുണ്ട്. ധാരാളം പാറ ലഭിക്കാനുള്ള സാധ്യതയും പഞ്ചായത്തിൽ ഉണ്ട്.

**പഞ്ചായത്തിൽ തുടങ്ങാൻ സാധ്യതയുള്ള വ്യവസായ യൂണിററുകൾ**

1 കോഴിവളർത്തൽ.
2 ഫർണിച്ചർ നിർമ്മാണം (മരം, സ്റ്റീൽ)
3 ഓയിൽ മിൽ.
4 സിമൻറുകൊണ്ടുള്ള ഗൃഹനിർമ്മാണ വസ്തുക്കൾ.
5 ചകിരിതുപ്പ നിർമ്മാണം.
6 ട്രഡ്ഡ് റബർ നിർമ്മാണം.
7 യന്ത്രവൽകൃത ചെങ്കൽ വെട്ടു ക്വാറി.
8 ഗ്രാനൈററ് ക്രഷർ.
9 സിമൻറ് ബ്രിക്സ്.
10 ഇഷ്ടിക നിർമ്മാണം.
11 ഹവായ് ചെരുപ്പ നിർമ്മാണം.
12 ഇലക്ട്രിക്കൽ വർക്കഷോപ്പ്.
13 ജനറൽ എഞ്ചിനീയറിംഗ് യൂണിററ്.
14 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
15 സോപ്പ്നിർമ്മാണം.
16 കറി പൗഡർ നിർമ്മാണം.
17 ഓട്ടോമൊബൈൽ വർക്കഷോപ്പ്
18 റബർ ലാററക്സ്.
19 പ്ലാസ്റ്റിക്ക ഉൽപന്നങ്ങൾ (ഫർണിച്ചർ)
20 പഴയപ്ലാസ്റ്റിക്ക ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ.
21 പ്ലാസ്റ്റിക്കകവർ നിർമ്മാണം.
22 വിവിധതരം റബർ ഉൽപന്നങ്ങൾ.

**നിർദ്ദേശങ്ങൾ:-**

1 പഞ്ചായത്തിൽ വിപുലമായ തോതിൽ ഒരു വ്യവസായ സെമിനാർ നടത്തി ജനങ്ങളിൽ വ്യവസായ താൽപര്യം വളർത്തേണ്ടതാണ്.
2 ഈ സെമിനാറിൽ വച്ച് വ്യവസായ തൽപരരെ കണ്ടെത്താം.
3 വ്യവസായ തൽപരർക്ക ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.
4 വ്യവസായസ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം ഉണ്ടാക്കണം.
5 വൈദ്യുതി, വായ്പ എന്നിവ കാലതാമസം കൂടാതെ ആവശ്യക്കാർക്ക ലഭിക്കണം.
6 വ്യവസായം തുടങ്ങാൻ ആവശ്യമായ സ്ഥലങ്ങൾ വിവിധ ഭാഗങ്ങളിൽ കണ്ടെത്തേണ്ടതാണ്.
7 പഞ്ചായത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റും ഒരു ഡവലപ്മെൻറ് പ്ലോട്ടും തുടങ്ങേണ്ടതാണ്.
8 കമേർസ്യൽ ബാങ്കുകളുടെ ശാഖ ഓരോ പഞ്ചായത്തിലും ആരംഭിക്കേണ്ടതാണ്.
9 സ്ത്രീകൾക്ക വ്യവസായം തുടങ്ങാൻ പ്രത്യേകം പരിഗണനയും സാമ്പത്തിക സഹായവും നൽകേണ്ടതാണ്.
10 പട്ടികജാതിക്കാർക്കും പ്രത്യേകം പരിഗണനയും സഹായവും നൽകേണ്ടതാണ്.

മേൽനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ വ്യവസായ വൽക്കരണത്തിന്റെ ഗതി ത്വരിതപ്പെടുന്നതാണ്.

# ആനക്കയം ഗ്രാമ പഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5(4) വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി പിന്നോക്കംനിൽക്കുന്ന ഈ പഞ്ചായത്തിൽ 79-80 കാലഘട്ടത്തിലാണ് ഹൈസ്കൂളുകൾ ആരംഭിച്ചത്. അതുവരെ പ്രൈമറിവിദ്യാഭ്യാസ സൗകര്യം മാത്രമെ ലഭ്യമായിരുന്നുള്ളു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും മഞ്ചേരി, മലപ്പുറം, പാണ്ടിക്കാട് എന്നീ പ്രദേശങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഇക്കാരണത്താൽ ഈ പ്രദേശങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടിയവർ വളരെ കുറവാണ്. സാക്ഷരതയിൽ ഈ പഞ്ചായത്ത് ഏറെക്കുറെ മുന്നിലാണ്. സ്വകാര്യ വിദ്യാലയങ്ങളിൽ അധികവും മദ്രസകൾ രൂപാന്തരപ്പെട്ട ഉണ്ടായവയാണ്. എൽ. പി. സ്കൂളുകൾ അധികവും മാപ്പിളബോഡ് സ്കൂളുകൾ എന്നും ഹിന്ദുബോർഡ് സ്കൂളുകൾ എന്നുമാണ് അറിയപ്പെട്ടിരുന്നത്.

### പട്ടിക E 1

| നമ്പ്ര് | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ സർക്കാർ | മാനേജ്മെന്റ് | ആകെ |
|---|---|---|---|---|---|---|---|---|
| 1 | **AMLPS** പാപ്പിനിപ്പാറ | എയിഡഡ് | 113 | 143 | 256 | — | 9 | 9 |
| 2 | ഗോവിന്ദമെമ്മോറിയൽ ALPS വടക്കുംമുറി | ,, | 59 | 55 | 114 | — | 5 | 5 |
| 3 | **GMLPS** വടക്കുംമുറി | ഗവൺമെന്റ് | 170 | 163 | 333 | 9 | — | 9 |
| 4 | **AMLPS** വെങ്ങാലൂർ | എയിഡഡ് | 106 | 80 | 186 | — | 6 | 6 |
| 5 | **AMLPS** പൊട്ടിക്കുഴി | ,, | 79 | 77 | 156 | — | 5 | 5 |
| 6 | **AMLPS** പെരിമ്പലം | ,, | 88 | 110 | 198 | — | 5 | 5 |
| 7 | **AMLPS** മുട്ടിപ്പാലം | ,, | 60 | 49 | 109 | — | 5 | 5 |
| 8 | **GMLPS** ആനക്കയം | ഗവ | 68 | 60 | 128 | 6 | — | 6 |
| 9 | **AMLPS** ചേപ്പൂർ | എയിഡഡ് | 79 | 76 | 155 | — | 5 | 5 |
| 10 | **AMLPS** ചിററത്തുപാറ | ,, | 111 | 83 | 194 | — | 5 | 5 |
| 11 | **GLPS** പന്തലൂർ | ഗവ | 133 | 112 | 245 | 7 | — | 7 |
| 12 | **GMLPS** കടമ്പോട് | ,, | 133 | 134 | 267 | 11 | — | 11 |
| 13 | **MMLPS** വടക്കപറമ്പ | എയിഡഡ് | 126 | 122 | 248 | — | 11 | 11 |
| 14 | **GLPS** കിഴക്കപറമ്പ | ഗവ | 101 | 80 | 181 | 6 | — | 6 |
| 15 | **St.** ജോസഫ് **ALPS** പന്തലൂർ ഹിൽസ് | എയിഡഡ് | 47 | 45 | 92 | — | 5 | 5 |
| 16 | **ALPS** കിടങ്ങയം | ,, | 163 | 135 | 298 | — | 10 | 10 |
| 17 | **HSA ups** പാപ്പിനിപ്പാറ | എയിഡഡ് | 119 | 119 | 238 | — | 11 | 11 |
| 18 | **GM UPS** ഇരുമ്പുഴി | ഗവ | 566 | 539 | 1135 | 37 | — | 37 |
| 19 | ക്രസൻറ് **AUPS** പെരിമ്പലം | എയിഡഡ് | 116 | 140 | 256 | — | 9 | 9 |

| നമ്പ്ര് | സ്കൂറം | മാനേജ് മെൻറ് | വിദ്യാർത്ഥികറം ആൺ | പെൺ | ആകെ | അദ്ധ്യാപകർ സർക്കാർ | മാനേജ് മെൻറ് | ആകെ |
|---|---|---|---|---|---|---|---|---|
| 20 | GUPS ആനക്കയം | ഗവ | 303 | 265 | 571 | 19 | — | 19 |
| 21 | പഞ്ചായത്ത് AUPS പന്തലൂർ | എയിഡഡ് | 459 | 419 | 878 | — | 22 | 22 |
| 22 | ഗവ. ഹൈസ്കൂറം, ഇരുമ്പുഴി | ഗവ | 476 | 410 | 886 | 33 | — | 33 |
| 23 | പന്തലൂർ ഹൈസ്കൂറം പന്തലൂർ | എയിഡഡ് | 483 | 590 | 1073 | — | 51 | 51 |
| | | ആകെ | 4161 | 4036 | 8197 | 150 | 142 | 292 |

കേരളപ്പിറവിക്കശേഷംമാത്രമാണ് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് കുറെയൊക്കെ മുന്നേററം ഉണ്ടായത്. ഈ പഞ്ചായത്തിൽ ഇരുമ്പുഴി, പന്തലൂർ എന്നീ രണ്ട ഹൈസ്കൂളുകളും 5 യു. പി സ്കൂളുകളും 16 എൽ. പി. സ്കൂളുകളും നിലവിൽ ഉണ്ട്. യു. പി സ്കൂളിൽ ഒന്നായ പന്തലൂർ എ.യു.പി സ്കൂറം, പഞ്ചായത്ത് നേരിട്ട നടത്തുന്നതാണ്.

## പട്ടിക E 2

**LP, UP, HS** വിഭാഗത്തിലെ ആൺകട്ടികറം, പെൺകട്ടികറം SC, St വിഭാഗം കണക്ക്

| | LP | % | UP | % | HS | % |
|---|---|---|---|---|---|---|
| ആൺകട്ടികറം | 1958 | 51 | 1244 | 53 | 9 9 | 49 |
| പെൺകട്ടികറം | 1849 | 49 | 1137 | 47 | 1000 | 51 |
| SC, St ആൺകട്ടികറം | 113 | 5.7 | 83 | 6.1 | 50 | 5.2 |
| SC, St പെൺകട്ടികറം | 99 | 5.3 | 67 | 5.6 | 67 | 6.7 |

വിവിധകാരണങ്ങളാൽ ഒന്നാംക്ലാസിൽ പഠിക്കുന്ന മുഴവൻ കട്ടികളും സെക്കൻററി വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. സ്കൂളിൽ ചേരാത്ത കട്ടികറം ഇന്ന തീരെ ഇല്ലെന്നുതന്നെ പറയാം. മുഴവൻ കട്ടികളും പത്താംതരം പാസമെങ്കിലും പൂർത്തിയാക്കാൻവേണ്ട നടപടികറം അത്യാവശ്യമാണ്. കൊഴിഞ്ഞുപോക്കിന്റ പ്രധാന കാരണം ദാരിദ്ര്യവും ബോധവൽക്കരണത്തിൻെറ അഭാവവുമാണ്.

ഈ പഞ്ചായത്തിലെ L P വിഭാഗത്തിൽ 1958 ആൺകട്ടികളും 1849 പെൺകട്ടികളും, U P വിഭാഗത്തിൽ 1244 ആൺകട്ടികളും 1137 പെൺകട്ടികളും, ഹൈസ്കൂറം വിഭാഗത്തിൽ 959 ആൺകട്ടികളും 1000 പെൺകട്ടികളും അടക്കം 8197 കട്ടികറം പഠിക്കുന്നു. അതുപോലെ ഗവ. വിഭാഗത്തിൽ 150 ഉം സ്വകാര്യമേഖലയിൽ 142 അടക്കം 292 അദ്ധ്യാപകരും ജോലിചെയ്യുന്നു.

നേരത്തെയുള്ള അദ്ധ്യാപകരിൽ അധികവും തെക്കൻ ജില്ലകളിൽനിന്നും വന്നിട്ടുള്ളവരാണ് എന്നാൽ അടുത്ത കാലത്ത് നിയമനം നേടിയിട്ടുള്ള അദ്ധ്യാപകർ ഭൂരിഭാഗവും ഈ ജില്ലയിൽനിന്നുള്ളവരാണ്. വിദ്യാർത്ഥികറം അധികവും പൊതു വിദ്യാലയങ്ങളിൽ ചേർന്നാണ് പഠിക്കുന്നത്. അപൂർവ്വം വിദ്യാർത്ഥികറം മാത്രമെ പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠനം നടത്തുന്നുള്ളൂ.

താരതമ്യേന ഉന്നത നിലവാരം പുലർത്തുന്ന ഹൈസ്കൂളാണ് പന്തല്ലൂർ ഹൈസ്കൂൾ. ഇവിടെ 596 പെൺകുട്ടികളടക്കം 1073 കുട്ടികൾ പഠിക്കുന്നു. 46 അദ്ധ്യാപകർ ഉൾപ്പെടെ 51 ജീവനക്കാരും ഉണ്ട്. 95_96ൽ 40ശതമാനമാണ് SSLC വിജയം. 1979ൽ ഇതു ആരംഭിച്ചത്.

ആനക്കയം ഗ്രാമപഞ്ചായത്തിലെ ഏക ഗവ. ഹൈസ്കൂളാണ് ഇരുമ്പുഴി ഗവ. ഹൈസ്കൂൾ. 1972ൽ ഇത് തുടങ്ങിയത് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും ക്ലാസുമുറികളുടെ അഭാവം പ്രശ്നം സൃഷ്ടിക്കുന്നു. ഇവിടെ പഠന നിലവാരം സംസ്ഥാന അവറേജിനേക്കാൾ വളരെ കുറവാണ്. 411 പെൺകുട്ടികളടക്കം 895 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. 28ൽ 24 അദ്ധ്യാപകരെ ഇപ്പോൾ ഇവിടെ ഉള്ളു. എത്തിപ്പെടാനുള്ള പ്രയാസവും, പ്രാഥമിക സൗകര്യങ്ങളുടെ അഭാവവും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതും പഠനനിലവാരത്തെ കുറക്കാൻ കാരണമാണ്.

കോളേജുകളോ ഉന്നതവിദ്യാഭ്യാസത്തിനുള്ള മററു സൗകര്യങ്ങളൊ ഈ പഞ്ചായത്തിൽ ഇല്ല. S S L Cക്കു ശേഷമുള്ള പഠനത്തിന് മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ എന്നീ പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ ആകെ 4 പ്രീപ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ രണ്ടെണ്ണം ഇംഗ്ലീഷ്മീഡിയമാണ്. 3-5 വയസ്സിനിടയിലുള്ള കുട്ടികൾ സാമൂഹ്യക്ഷേമവകുപ്പ് നടത്തുന്ന 38 അംഗനവാടികളിലായിട്ടാണ് പഠിക്കുന്നത്. കൂടുതൽ അംഗനവാടികൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഇവിടത്തെ ഹാജർനില പൊതുവെ കുറവാണ്. ഭൗതികസൗകര്യങ്ങളുടെയും വിനോദ ഉപാധികളുടെയും കുറവാണ് കുട്ടികളെ ആകർഷിക്കാതിരിക്കാൻ കാരണം.

മദ്രസകൾ എല്ലാ വാർഡുകളിലും രണ്ടും മൂന്നും തോതിൽ പ്രവൃത്തിക്കുന്നുണ്ട്. അവക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ട്. പൊതുവിദ്യാലയങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ പൊതുവെ പഠനനിലവാരം തൃപ്തികരമല്ല. ഇതിനു പ്രധാന കാരണം രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവും ബോധവൽക്കരണത്തിന്റെ കുറവുമാണ്. ചെറിയ ഒരു വിഭാഗം കുട്ടികൾ രക്ഷിതാക്കളുടെ നിയന്ത്രണം ഇല്ലായ്മയും ഇതിനൊരു കാരണമാണ്.

പഞ്ചായത്തിൽ 93.86 ശതമാനം ജനങ്ങളും സാക്ഷരരാണ്. 1990ലെ സാക്ഷരതായജ്ഞം ഈ പഞ്ചായത്തിൽ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസപരിപാടി ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ല. ഡി. പി. ഇ. പിയിൽ പന്തലൂർ GLP, കിഴക്കേപറമ്പ GMLP, ആനക്കയം GUP എന്നിവിടങ്ങളിൽ ഈരണ്ട് ക്ലാസ്മുറികളോടുകൂടിയ ഓരോ കെട്ടിടങ്ങളും, ആനക്കയം GUPയിൽ ഒരു കുഴൽകിണറും, ഇരുമ്പുഴി GUPയിൽ ഒരു മൂത്രപ്പുരയും നിർമ്മാണം നടന്നുവരുന്നു. DPEP പ്രവർത്തനം വിദ്യഭ്യാസരംഗത്ത് പൊതുവെ ഒരു ഉണർവുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

ഈ പഞ്ചായത്ത് അതൃത്തിയിലെ ഹൈസ്ക്കൂളുകളിൽ നിന്നും SSLC പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്കും, LSS, USS വിജയികൾക്കും പഞ്ചായത്ത് പ്രോത്സാഹന സമ്മാനങ്ങൾ നൽകി വരുന്നു. അതുപോലെ സ്കൂൾ P T A കളും പന്തല്ലൂർ സർവ്വീസ് സഹകരണ ബേങ്ക്, ഹൗസിംഗ് സൊസൈററി എന്നിവയും SSLC വിജയികൾക്ക് സമ്മാനങ്ങൾ നൽകി വരുന്നുണ്ട്. ഇതിനും പുറമെ വിവിധ സംഘടനകളും SSLC വിജയികൾക്കു സമ്മാനങ്ങൾ നൽകുന്നുണ്ട്.

ഭൗതിക സൗകര്യങ്ങളുടെ അഭാവം, വർദ്ധിച്ച അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, രക്ഷിതാക്കളുടെ താല്പര്യക്കുറവ് എന്നിവ പഠനനിലവാരം താഴാൻ കാരണമാണ്. കൂടാതെ ലൈബ്രറി, ലബോറട്ടറി,

പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ഫർണിച്ചറുകളുടെ അപര്യാപ്തത, ശുദ്ധജലം, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ ലഭ്യതയും സ്കൂളുകളിൽ പരിമിതമാണ്. ഇതും പഠനനിലവാരത്തെ ബാധിക്കുന്നു.

വിദ്യാർത്ഥി സമരങ്ങൾ ഇരുമ്പുഴി ഗവ. ഹൈസ്കൂളിൽ പഠനത്തെ ബാധിക്കുന്നുണ്ടെങ്കിലും പന്തലൂർ ഹൈസ്കൂളിൽ P T A യുടെയും നാട്ടുകാരുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമരങ്ങൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഒരു വിഭാഗം കുട്ടികൾ ട്യൂഷൻ സെൻററുകളേയും ആശ്രയിക്കുന്നുണ്ട്

**പഞ്ചായത്തിൽ പുതുതായി വിദ്യാലയങ്ങൾ ആവശ്യമുള്ള സ്ഥലങ്ങൾ**

L P സ്കൂളുകൾ:-

1 ഇരുമ്പുഴി വാളാപറമ്പ് ശിശുവിഹാറിൽ ഒരു L P സ്കൂൾ.

2 കരുമാഞ്ചേരി പറമ്പിൽ ഒരു L P സ്കൂൾ.

U. P. സ്കൂളുകൾ

1 ഇരുമ്പുഴിവടക്കും മുറി G L P അപ്ഗ്രെയിഡ് ചെയ്ത് U P ആക്കുക.
2 പന്തലൂർ G M L P സ്കൂൾ അപ്ഗ്രെയിഡ് U P സ്കൂൾ ആക്കുക.
3 കിഴക്കൻ പന്തലൂരിൽ ഒരു U P സ്കൂൾ തുടങ്ങുക.
4 ചേപ്പൂർ A M L P അപ്ഗ്രെയിഡ്ചെയ്ത് U P ആക്കുക.

ഹൈസ്കൂൾ

1 ഇരുമ്പുഴി ഗവ. യു. പി അപ്ഗ്രെയിഡ് ചെയ്ത് ഗേൾസ് ഹൈസ്കൂൾ ആക്കുക.
2 ആനക്കയം G U P അപ്ഗ്രെയിഡ് ചെയ്ത് ഹൈസ്കൂളാക്കുക.
3 പാപ്പിനിപ്പാറയിൽ ഒരു ഹൈസ്കൂൾ ആരംഭിക്കുക.
4 പന്തലൂർ ഹൈസ്കൂളിൽ +2 ആരംഭിക്കുക.

നിലവിലുള്ള ഹൈസ്കൂളുകൾ പഞ്ചായത്തിന്റെ രണ്ടററത്തുമായതിനാൽ സമീപസ്ഥ മുൻസിപ്പാലിററികളിലെ ഹൈസ്കൂളുകളിലേക്ക് ധാരാളം വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നു.

**പഠന നിലവാരം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ**

1 P. T. A. മദർ P. T. A. ശക്തമാക്കണം.
2 നിലവാരം കുറഞ്ഞ കുട്ടികൾക്ക P T A സഹകരണത്തോടെ വെക്കേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
3 പാഠ്യേതര പ്രവർത്തനങ്ങൾക്ക പ്രത്യേകം ഊന്നൽ നൽകണം.
4 ഇന്നത്തെ പ്രൊമോഷൻ സമ്പ്രദായത്തിൽ സമൂലമായ മാററം വരുത്തണം.
5 ഇന്നത്തെ സ്കൂൾ പരിശോധനയിൽ റിക്കാർഡുകൾ മാത്രം നോക്കുന്നതിനുപകരം ക്ലാസ്സുപഠനം വിലയിരുത്താനുള്ള സംവിധാനവും ഏർപ്പെടുത്തണം.
6 ടെക്സ്റ്റ്ബുക്കുകൾ സ്കൂളുകൾ തുറക്കുന്നതോടുകൂടി തന്നെ ലഭിക്കുവാൻ ശക്തമായ സംവിധാനം വേണം
7 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം. ○

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (5) കുടിവെള്ളം

**പൊതുജനാരോഗ്യം**

വെള്ളം, വായു, പാർപ്പിടം, ഭക്ഷണം ഇവ ഒരു ജനതയുടെ പരമപ്രധാനമായ അടിസ്ഥാന ആവശ്യങ്ങളാണ്. ശുദ്ധമായ വായു, വെള്ളം എന്നിവ ലഭ്യമാക്കലാണ് ഒരു ജനവിഭാഗത്തിൻെറ ആരോഗ്യത്തിന് ആവശ്യമായിട്ടുള്ളത്.

ഈ പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിലെ അധിക കിണറുകളും തുറന്ന കിണറുകളാണ്. നാമമാത്രമായി കുഴൽകിണറുകളും ഉണ്ട്. തുറന്ന കിണറുകളിൽ അധികവും മഴക്കാലം കഴിയുന്നതോടെ വെള്ളം ഇല്ലാതാകുന്ന അവസ്ഥയാണ്.

കേരള വാട്ടർ അതോറിററിയുടെ ആനക്കയം ശുദ്ധജല വിതരണ പദ്ധതി മാത്രമാണ് നിലവിലുള്ള ഏക പദ്ധതി. കടലുണ്ടിപ്പുഴയിൽ നിന്നാണ് ഇതിലേക്ക് ആവശ്യമായ ജലം ശേഖരിക്കുന്നത്. മഞ്ചേരി മുനിസിപ്പാലിററിയിലേക്കും ഇവിടെനിന്നും വെള്ളം പമ്പുചെയ്യുന്നുണ്ട്.

ഈ പദ്ധതിയിൽ ഈ പഞ്ചായത്തിൽ ആകെ 66 പൊതുടാപ്പുകളും 350 ഹൗസ് കണക്ഷനുകളും ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്തിൽ ആകെ 35 പൊതുകിണറുകളും 2383 സ്വകാര്യകിണറുകളും ഉണ്ടെങ്കിലും 17 പൊതുകിണറുകളും 357 സ്വകാര്യകിണറുകളും മഴക്കാലത്ത് മാത്രം വെള്ളം കിട്ടുന്നതും ബാക്കിയുള്ളവയിൽ പകുതിയും വേനൽക്കാലത്ത് തീരെവെള്ളം കിട്ടാത്തവയുമാണ്. KWAയുടെ വെള്ളം പമ്പുചെയ്യുന്ന കടലുണ്ടിപ്പുഴയിൽ വേനൽക്കാലങ്ങളിൽ വെള്ളം ഉണ്ടാകാറില്ല. മാത്രമല്ല വോൾട്ടേജ് ക്ഷാമംകൊണ്ടും മററുകാരണങ്ങളാലും വർഷകാലങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് ജലവിതരണം നടക്കുന്നത്.

പന്തലൂർ വില്ലേജിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പന്തലൂർ ശുദ്ധജലവിതരണ പദ്ധതി നിലവിൽ വന്നിട്ടില്ല. ആനക്കയം വില്ലേജിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് ആനക്കയം അർബർ വാട്ടർ സപ്ലൈ സ്കീമിൻെറ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തീകരിച്ചുകഴിഞ്ഞാൽ ആനക്കയം വില്ലേജിൻെറ ഏതാനും ഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കാൻ കഴിയുമെങ്കിലും ടാങ്കിനേക്കാൾ ഉയർന്നു നിൽക്കുന്ന ചില പ്രദേശങ്ങളിൽ ഇപ്പോഴത്തെ അവസ്ഥ തുടരാനാണ് സാധ്യത. ഇത്തരം പ്രദേശങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീം, കുഴൽകിണർ എന്നിവയിലൂടെ പ്രശ്നം പരിഹരിക്കേണ്ടതാണെന്ന് ഗ്രാമ സഭകളിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

കടലുണ്ടിപ്പുഴ ഈ പഞ്ചായത്തിൻെറ മധ്യത്തിലൂടെയാണ് ഒഴുകുന്നതെങ്കിലും മഴക്കാലത്തുള്ള വെള്ളം തടയണയില്ലാത്തതിനാൽ ഒഴുകിപ്പോകുന്നു. അവ തടഞ്ഞുനിർത്താൻ സംവിധാനങ്ങൾ ഇതുവരെയുണ്ടായിട്ടില്ല.

മഞ്ചേരി വാട്ടർ സപ്ലൈ സ്കീമിൻെറ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിച്ച് കടലുണ്ടിപ്പുഴയിലെ വെള്ളം ആനക്കയം പഞ്ചായത്തിൽ മാത്രം വിതരണം ചെയ്യുന്ന പക്ഷം ഈ പഞ്ചായത്തിലെ അത്യാവശ്യമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

ഈ പഞ്ചായത്തിൽ 45 കുളങ്ങൾ ഉണ്ടെങ്കിലും അവയിൽ ഒന്നു പോലും കുടിവെള്ളആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു് നിലവിലുള്ള പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

1 പഞ്ചായത്തിൻെറ ഉയർന്ന ഭാഗങ്ങളിൽ വർഷകാലത്ത് തന്നെ ശുദ്ധ ജലം ലഭിക്കുന്നില്ല.
2 പഞ്ചായത്തിൻെറ മററു പ്രദേശങ്ങളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.
3 KWAയുടെ ജലവിതരണം വോൾട്ടേജ് ക്ഷാമംമൂലം ഒന്നിടവിട്ട ദിവസംമാത്രമേ നടക്കുന്നുള്ളു.
4 ചില പ്രദേശങ്ങളിൽ $\frac{1}{2}$ കിലോമീററിലധികം ദൂരം ശുദ്ധജലത്തിന് നടക്കേണ്ടി വരുന്നു.
5 കടലുണ്ടിപ്പുഴയിലെ വെള്ളം തടഞ്ഞു നിർത്തുന്നതിന് മാർഗ്ഗങ്ങളില്ല.

**പരിഹാരസാധ്യതകളും നിർദ്ദേശങ്ങളും**

1 കടലുണ്ടിപ്പുഴയിലും പഞ്ചായത്തിലെ പ്രധാന തോടുകളിലും രണ്ട് മൂന്ന് സ്ഥലങ്ങളിലെങ്കിലും തടയണ നിർമ്മിക്കണം. വെള്ളം പാഴായിപ്പോകുന്നത് തടയാനും സമീപപ്രദേശങ്ങളിലെ കിണറുകൾ. തോടുകൾ എവിവയിലെ ജലവിതാനം ഉയരാനും ഇത്കൊണ്ട് സാധിക്കും.
2 പഞ്ചായത്തിൻെറ ഉയന്ന സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് ശുദ്ധജലവിതരണം നടത്തണം
3 പന്തലൂർ, ആനക്കയം അർബർ വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കി ശുദ്ധജല വിതരണം നടത്തണം
4 KWAയുടെ ലൈനുകളിൽ എല്ലാ ദിവസവും വെള്ളം എത്തിക്കുന്നതിന് പമ്പ്ഹൗസിൽ വോൾട്ടേജ് ക്ഷാമം പരിഹരിച്ച് ദിവസവും എല്ലാ പ്രദേശത്തും വെള്ളം എത്തിക്കണം.
5 കുടിവെള്ളപ്രശ്നം രൂക്ഷമായ സ്ഥലങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കണം.
6 നിലവിലുള്ള കിണറുകൾ ആഴംകൂട്ടി കുടിവെള്ളം ലഭ്യമാക്കണം.
7 മലപ്പുറം മുനിസിപ്പാലിററിയിലെ കാട്ടുങ്ങൽ സമ്മർ പമ്പിംഗ് നടത്തി ദിവസം നാലുമണിക്കൂറെങ്കിലും ആനക്കയം പഞ്ചായത്തിലേക്ക് നൽകണം
8 മലപ്പുറം മുനിസിപ്പാലിററിയിലെ സൗകര്യപ്പെടുന്ന സ്ഥലങ്ങളിൽനിന്ന് ആനക്കയം പഞ്ചായത്തിലേക്ക് വെള്ളം നൽകണം.
9 ഓപ്പൺവെൽ ആവശ്യമുള്ള സ്ഥലങ്ങളിൽ അവ കുഴിക്കണം.
10 KWAയുടെ ലൈൻ പല സ്ഥലത്തുനിന്നും നീട്ടുന്നതിന് ഗ്രാമസഭകളിൽനിന്നു് ആവശ്യം ഉയർന്നിട്ടുണ്ട്.
11 ഉപയോഗശൂന്യമായ കിണറുകൾ കുളങ്ങൾ എന്നിവ പല സ്ഥലങ്ങളിലും നിലവിലുണ്ട്. ആയത് നന്നാക്കി കുടിവെള്ളം ലഭ്യമാക്കണം.

**ആരോഗ്യം**

അടുത്ത കാലംവരെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യ കുടുംബങ്ങളായിരുന്നു ആരോഗ്യത്തെ പ്രധാന ആശ്രയമായിരുന്നത്. ആധുനിക ചികിത്സ സംവിധാനം അടുത്ത കാലത്താണ് ഉയർന്നുവന്നത് എന്നാൽ അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തീർത്തും തൃപ്തികരമല്ല. ആരോഗ്യരംഗത്ത് ഇന്ന് പഞ്ചായത്തിൽ 9 സർക്കാർ സ്ഥാപനങ്ങളുണ്ട്. ഇവകൂ പുറമെ സ്വകാര്യ മേഖലയിൽ 7 ആയുർവ്വേദ വൈദ്യൻമാരും 6 ഹോമിയോ ക്ലിനിക്കുകളും ഒട്ടേറെ മരുന്നു വിൽപന ശാലകളുമുണ്ട്.

ഈ സ്ഥാപനങ്ങളെല്ലാമുണ്ടെങ്കിലും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഇന്നും നിരാശാജനകമാണ്. കൂടുതൽ ആളുകളും സമീപ ടൗണുകളിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ കുഷ്ഠരോഗി, ക്ഷയരോഗി എന്നിവ ഇന്നും അന്യം നിന്നു പോയിട്ടില്ല. ഈ പഞ്ചായത്ത് പരിധിയിൽ കിടത്തി ചികിൽസ നടത്തുന്ന ആശുപത്രികളില്ല. ആകെയുള്ളത് 10 കിടക്കകൾ സൗകര്യമുള്ള മുടിക്കോട് പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻറർ മാത്രമാണ് അവിടെ പ്രസവ സംബന്ധമായ അസുഖങ്ങൾക്കുമാത്രമെ കിടത്തി ചികിത്സയൊള്ളു. എന്നാൽ അവിടെ സ്ഥിരമായി ഒരു ഡോക്ടറില്ല. വിദഗ്ദ ചികിൽസക്ക് മഞ്ചേരിയിലുള്ള ഗവ. ജില്ലാ ആശുപത്രിയേയും മററ് സ്വകാര്യ ആശുപത്രികളേയുമാണ് ആശ്രയിക്കുന്നത്.

**ആരോഗ്യ രംഗത്ത് ഇന്ന് നിലവിലുള്ള സ്ഥാപനങ്ങൾ**

പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രൈമറി ഹെൽത്ത് സെൻറർ | 1 |
| സബ് സെൻററുകൾ | 6 |

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെഎണ്ണം |
|---|---|---|---|
| 1 | ഐ പി പി സബ് സെൻറർ പാപ്പിനിപാറ | 1 | 1 |
| 2 | ഐ പി പി സബ് സെൻറർ പണായി | 6 | 1 |
| 3 | ഐ പി പി സബ് സെൻറർ പുള്ളിലങ്ങാടി | 8 | 1 |
| 4 | ഐ പി പി സബ് സെൻറർ ചേപ്പൂര് | 9 | 1 |
| 5 | ഐ പി പി സബ് സെൻറർ പന്തല്ലൂർ | 10 | 1 |
| 6 | പ്രൈമറി ഹെൽത്ത് സെൻറർ മുടിക്കോട് | 11 | 14 |
| 7 | ഐ പി പി സബ് സെൻറർ കിടങ്ങയം | 13 | 1 |

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭിക്കുന്നില്ല. മുഴുവൻ സമയ ഡോക്ടറെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ആരോഗ്യരംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യമുണ്ട്. ഫീൽഡ് വർക്കേഴ്സ് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തണം. ആരോഗ്യരംഗത്ത് പൊതു സ്ഥാപനങ്ങൾ ഉപയോഗിക്കാൻ ജനങ്ങൾ തയ്യാറാവണം ആരോഗ്യ പ്രവർത്തകരുടേയും ജനങ്ങളുടേയും കൂട്ടായ്മയോടുള്ള പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

**കക്കൂസ്**

ആരോഗ്യരംഗത്ത് ശുചിത്വം ഒരു പ്രധാന ഘടകമാണ്. ശുചിത്വം പാലിക്കുന്നതിൽ പ്രധാനം കക്കൂസുകളാണ്. പഞ്ചായത്തിൽ ഏകദേശം 40% വീടുകളിലും കക്കൂസ് നിലവിലില്ല. അതുകൊണ്ട്തന്നെ വിരശല്യം, വയറിളക്കം തുടങ്ങിയ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നു.

കക്കൂസ് നിർമ്മാണത്തിന് സാമ്പത്തിക പരാധീനത മിക്ക കുടുംബങ്ങളേയും ബാധിക്കുന്നു. അതുപോലെ കോളനികളിലും മററുമുള്ള സ്ഥലപരിമിതിയും, ഇതുസംബന്ധിച്ച ബോധമില്ലായ്മയും കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നു.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിവയയുടെ സഹായ ത്താൽ സാമ്പത്തിക സമാഹരണവും കോളനികളിലും മററും പൊതു സെപ്ററിക് ടാങ്കുകൾ നിർമ്മിച്ചു കൊണ്ടും ആരോഗ്യ ബോധവൽക്കരണ യൂനിററുകളുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസ്സുകളും, ഫീൽഡ് പബ്ലിസിററി വിഭാഗത്തിന്റെ പ്രദർശനങ്ങളും സ്ലൈഡ്പ്രദർശനവും നടത്തിക്കൊണ്ടും ഇത് പരിഹരി ക്കേണ്ടതാണ്.

**പരിസരശുചിത്വം**

വ്യവസായ ശാലകളില്ലാത്തതിനാൽ പരിസരമലിനീകരണം ഗുരുതരമല്ല. എങ്കിലും ശുചീകര ണത്തിന്റെ അഭാവത്തെക്കുറിച്ച് എല്ലാ വാർഡുകളിലും ഒട്ടേറെ പരാതികളുണ്ട്.

**ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും**

റോഡരികിൽ മത്സ്യവില്പനയും അറവുശാലകളും നിർത്തലാക്കി ആധുനിക അറവുശാലകൾ നിർ മ്മിച്ച് ഗുണനിലവാരമുള്ളതും രോഗങ്ങളില്ലാത്തതുമായ മൃഗങ്ങളെമാത്രം അറക്കുന്നതിനുള്ള സംവിധാ നം ഏർപ്പെടുത്തുക. ഈ നിർദ്ദേശങ്ങൾ പൊതുവെ എല്ലാ ഗ്രാമസഭകളിലും പൊന്തിവന്നിട്ടുണ്ട്.

8-ാംവാർഡിൽ ആനക്കയത്തും, 10-ാം വാർഡിൽ പന്തലൂർ അങ്ങാടി, കടമ്പോട്, 11-ാം വാർഡിൽ മുടിക്കോട്, 5-ാം വാർഡിൽ ഇരുമ്പുഴി തുടങ്ങിയ അങ്ങാടികളിൽ ചപ്പുചവറുകൾ ഇട്ട് പരിസരം വൃത്തികേടാക്കുന്നത് തടയണം. കോളനികളിലുംമററും മലിനജലം കെട്ടിനിൽക്കുന്നത് തട യണം. അങ്ങാടികൾ വൃത്തിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും വേണം. ശുചിത്വം പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികൾ കൈകൊള്ളണം.

വർഷക്കാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പകർച്ചവ്യാധികൾപടർന്ന് പിടിക്കാറുണ്ട്. ഇതിനെതിരെ കിണറുകളിൽ ക്ലോറിനേഷൻ, ഈച്ചനശീകരണം കൊതുകനശീകരണംഎ ന്നിവഉപയോഗപ്പെടുത്തണം. ആരോഗ്യശീലങ്ങളെകുറിച്ചുള്ള ബോധവല്ക്കരണംവളരെയേറെഗുണംചെയ്യും.

അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കിമാററാൻ ശ്രദ്ധിച്ചാൽ അത് വള മായും ഉപയോഗിക്കാം. ഒപ്പം പരിസരവും ശുചീകരിക്കപ്പെടും. വീടിനടുത്ത് വെള്ളം കെട്ടിനിൽക്കു ന്നത് തടയുക, വീടുകളിൽ DDT തളിക്കുക, കുത്താടികളുള്ളിടത്ത് മണ്ണെണ്ണ ഒഴിച്ച് നശിപ്പിക്കുക. എ ന്നീ പ്രവർത്തനങ്ങൾ വഴി കൊതുകുകളെ നശിപ്പിക്കാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങളിൽ ആരോ ഗ്യപ്രവർത്തകരോടൊപ്പം സന്നദ്ധ പ്രവർത്തകരും പങ്കാളികളാവണം.

**പൊതുശ്മശാനം**

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ആവശ്യമാണെന്ന് എല്ലാഗ്രാമസഭകളിലും പൊന്തിവന്നിട്ടുണ്ട്. പഞ്ചായത്തിൽ 10-ാം വാർഡിൽ ബ്ലോക്കിന്റെ കീഴിലുള്ള സ്ഥലം ഇതിനുപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി പുക യില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കുമരുന്ന് എന്നിവ പ്രചരണപ്രവർത്തനങ്ങൾ വഴി ബോധ വൽക്കരണം നടത്തി നിയന്ത്രണവിധേയമാക്കേണ്ടതാണ്. രക്തദാനം, നേത്രദാനം എന്നിവയുടെ മഹ ത്വം ജനങ്ങളെ ബോധ്യപ്പെടുത്തണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യ പ്രവർത്തകരേയും, സന്നദ്ധപ്രവർത്തകരേയും കൂട്ടിയിണക്കി ഒരുമിച്ച് പ്രവർത്തിച്ചാൽ ആരോ ഗ്യരംഗത്ത് വൻനേട്ടങ്ങളുണ്ടാക്കാൻ കഴിയും.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ പൊതുസ്ഥാപനങ്ങൾ | സ്ഥാപനങ്ങൾ സ്വകാര്യം | പ്രധാന രോഗങ്ങൾ | പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | സബ് സെന്റർ 1 | വൈദ്യശാല 1<br>ഹോമിയോ 1 | വയറിളക്കം<br>പനി<br>ചർദ്ദി<br>ചെങ്കണ്ണ്<br>ജലദോഷം | തൃപ്തികരമല്ല<br>മരുന്നില്ല<br>സ്റ്റാഫില്ല<br>പ്രതിരോധകുത്തി<br>വപ്പെുകൾനടക്കുന്നുണ്ട് | സബ്സെന്ററിൽ സ്ഥിരമായി ഡോക്ടർ മാർ ഉണ്ടാവണം |
| 2 | ഇല്ല | വൈദ്യശാല 1 | വയറിളക്കം<br>ഛർദ്ദി<br>പനി<br>ജലദോഷം | പ്രതിരോധകുത്തി വെപ്പുകൾ നടത്താറുണ്ട്. | സബ്സെന്ററെങ്കിലും സ്ഥാപിക്കണം. ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം. |
| 3 | ഇല്ല | — | ,, | പ്രതിരോധകുത്തി വെപ്പുകൾ അംഗനവാടികളും സ്കൂളുകളും കേന്ദ്രീകരിച്ച നടക്കുന്നു. | സബ്സെന്റർ നിർമ്മിക്കണം. |
| 4 | ഇല്ല | വൈദ്യശാല 1<br>ഹോമിയോ 1 | പനി<br>ഛർദ്ദി<br>ജലദോഷം<br>കാൻസർ | കുത്തിവെപ്പുകൾ നടക്കാറുണ്ട്. | കരുവാഞ്ചേരിപ്രദേശത്ത് ആയുർവ്വേദ ഹോസ്പിററൽ സബ്സെന്റർ നിർമ്മിക്കണം. |
| 5 | ഇല്ല | ഹോമിയോ 1 | പനി<br>ജലദോഷം<br>വയറിളക്കം | 6 കിലോമീററർ വിട്ടുള്ള ജില്ലാ ആശുപത്രിയെ ആശ്രയിക്കണം | സബ്സെന്റർ ഹോമിയോ അലോപതിആശുപത്രികൾ സ്ഥാപിക്കണം |
| 6 | സബ് സെന്റർ | - | ,, | സ്ഥിരമായിഡോക്ടറില്ല, മരുന്നില്ല, കുത്തിവെപ്പുകൾനടക്കാറുണ്ട്. ക്ലാസ്സുകൾ നടക്കാറില്ല. | ആനക്കയം കേന്ദ്രമാക്കിഗവ ആശുപത്രി സ്ഥാപിക്കണം. |
| 7 | ഇല്ല | ഇല്ല | ,,<br>ചെങ്കണ്ണ് | ഗതാഗതസൗകര്യം വളരെ കുറച്ച്മാത്രമുള്ള ഇവിടുത്തുകാർക്ക് നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുണ്ട്. | ഹെൽത്ത്സെന്റർ സ്ഥാപിക്കണം. |

| | | | | | |
|---|---|---|---|---|---|
| 8 | സബ്<br>സെൻറർ | ഹോമിയോ 1<br>വൈദ്യശാല 1 | പനി<br>ഛർദ്ദി<br>വയറിളക്കം<br>ചെങ്കണ്ണ്<br>ജലദോഷം | പ്രതിരോധകുത്തിവെപ്പുകൾ നടക്കാറുണ്ട്. | ഗവ. ആശുപത്രി സ്ഥാപിക്കുക, സബ്സെൻററിൽ ഡോക്ടറെ നിയമിക്കുക. |
| 9 | സബ്<br>സെൻറർ 1 | ഇല്ല | ,, | ഡോക്ടറില്ല വേണ്ടത്രസ്റ്റാഫില്ല മരുന്നില്ല കുത്തിവെപ്പുകൾ സ്കൂളുകേന്ദ്രീകരിച്ച് നടക്കാറുണ്ട്. | സ്ഥിരമായി ഡോക്ടറെ നിയമിക്കണം. ബ്ലീച്ചിംഗ്പൗഡർ വിതരണം ചെയ്യുക. ആയുർവ്വേദആശുപത്രി സ്ഥാപിക്കണം. |
| 10 | സബ്<br>സെൻറർ 1 | വൈദ്യശാല 3<br>ഹോമിയോ 2 | ,, | ഡോക്ടറുടെ അഭാവം. അടുത്തുള്ള ഹെൽത്ത് സെൻററിൽ ഡോക്ടറില്ല. കുത്തിവെപ്പുകൾ നടത്താറുണ്ട്. ത്വക്ക് പരിശോധന നടത്താറുണ്ട്. | ആഴ്ചയിൽ 3 ദിവസമെങ്കിലും സബ്സെൻററിൽ ഡോക്ടർ വേണം. ഹെൽത്ത്സെൻററിൽ ഒരു ലേഡീഡോക്ടറെ വേണം. ആയുർവ്വേദ— ഹോമിയോ ആശുപത്രികൾ തുടങ്ങണം. |
| 11 | ഹെൽത്ത്<br>സെൻറർ 1 | ഹോമിയോ 1<br>സ്വകാര്യ ആശുപത്രി 1 | പനി<br>വയറിളക്കം<br>ചിക്കൻപോക്സ്<br>ഛർദ്ദി<br>ജലദോഷം | പ്രവർത്തനം തൃപ്തികരമല്ല. ശുദ്ധജലമില്ല. ഡോക്ടറില്ല. പ്രതിരോധകുത്തിവെപ്പുകൾ നടത്താറുണ്ട്. | സ്ഥിരമായി ഡോക്ടറെ നിയമിക്കുക. ശുദ്ധജലവിതരണം മെച്ചപ്പെടുത്തുക. എല്ലാ രോഗികളേയും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക |
| 12 | ഇല്ല | ഇല്ല | ,, | അടുത്തുള്ള ഹെൽത്ത് സെൻററിനെ ആശ്രയിക്കണം. സ്ഥിരം ഡോക്ടറില്ലാത്തത് വളരെബുദ്ധിമുട്ടുണ്ടാക്കുന്നു. പ്രതിരോധകുത്തിവെപ്പുകൾ നടത്താറുണ്ട്. | സബ്സെൻററുകൾ സ്ഥാപിക്കുക. ഹെൽത്ത്സെൻററിൽ എക്സ്റേ, ലാബ്സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഒരു ലേഡിഡോക്ടറെ നിയമിക്കുക, |
| 13 | സബ്<br>സെൻറർ 1 | വൈദ്യശാല 1 | ,, | അടുത്തുള്ള ഹെൽത്ത് സെൻററിൽ സൗകര്യങ്ങൾ കൂട്ടണം. കുത്തിവെപ്പുകൾ നടത്താറുണ്ട്. ചർച്ചാക്ലാസ്സുകൾ നടക്കാറില്ല. | സബ്സെൻററിൽ ആഴ്ചയിൽ 2 ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ഡോക്ടറെ നിയമിക്കണം. |

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (6) ഗതാഗതം, ഊർജ്ജം, മാർക്കററ്.

**ഗതാഗതം:**

ഒരു നാടിന്റെ ജീവനാഡിയാണ് നിരത്തുകൾ. പ്രദേശത്തിന്റെ വികസന കാര്യത്തിൽ അതു നിർണ്ണായക പങ്ക് വഹിക്കുന്നു. 1962ൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ ചുരുക്കം ചില റോഡുകൾ മാത്രമെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളു. അവയാണെങ്കിൽ ടാർ ചെയ്യാത്തവയും ആയിരുന്നു. എന്നാൽ ഇന്നു മിക്കവാറും എല്ലാ മുക്കുമൂലകളിലും റോഡുകൾ എത്തിക്കഴിഞ്ഞു. അവയൊക്കെ പക്ക റോഡുകളായി കഴിഞ്ഞിട്ടില്ല എന്നത് യഥാർത്ഥ്യമാണ്. ഏതു പ്രദേശത്തുകാർക്കും ഇപ്പോഴും ഏററവും മുൻഗണന നൽകുന്നത് റോഡിനു തന്നെയാണ്. വികസനമെന്നാൽ റോഡുനിർമ്മാണം എന്നാണ് ഇന്നത്തെ ധാരണ.

95–96ൽ പുതുതായി നിർമ്മിച്ച 28.303 കി.മി ദൂരം അടക്കം 119.699 കി.മി ദൂരം റോഡാണ് ഇപ്പോൾ പഞ്ചായത്തിൽ ഉള്ളത്. V R M ഗ്രാൻറിനു അർഹതയുള്ള റോഡുകൾ 45.226 കി. മി ദൂരവും V T C ഗ്രാൻറിനു അർഹതയുള്ള റോഡുകൾ 46.170 കി.മീ ദൂരവുമാണ്. 1996നവംബർ ഒന്നിന്റെ പുനരർപ്പണദിനത്തോടനുബന്ധിച്ച് നിർമ്മാണം തുടങ്ങിയ പത്തോളം റോഡുകൾ ഇവക്കു പുറമേയാണ് 24.306 കി.മി ദൂരമാണ് ടാർറോഡുകൾ.

മലപ്പുറം മഞ്ചേരി ജില്ലാ റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ കൂടി ആനക്കയം ടച്ച് ചെയ്ത് കടന്നുപോകുന്നു. ആനക്കയത്തുനിന്നും പെരിന്തൽമണ്ണ റോഡും തിരിഞ്ഞുപോകുന്നു. ഈ റോഡിൽ കടലുണ്ടി പുഴക്കു 1964ൽ നിർമ്മിച്ച ആനക്കയം പാലം ഗതാഗതത്തിനു് ആക്കം കൂട്ടി. ഈ പാലം നിർമ്മാണഘട്ടത്തിൽ 12 ഓളം തൊഴിലാളികൾ മണ്ണിനടിയിൽപ്പെട്ടു മരണമടഞ്ഞ ദുഃഖസംഭവം ഇവിടെ സ്മരിക്കുന്നു.

പഞ്ചായത്തുവക 7 വെയിററിംഗ് ഷെഡുകളും മററു രണ്ടു വെയിററിംഗ് ഷെഡുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

**റോഡ് നിർമ്മാണം – ഘടന:**

1 P W D റോഡുകൾ പൊതുവെ മെച്ചപ്പെട്ടതാണെങ്കിലും, ആനക്കയം ഒറവമ്പ്രം റോഡിന്റെ നില റീടാറിംഗ് നടത്താത്തതിനാൽ ശോചനീയമാണ്. കോൺക്രീററു് ഡ്രൈനേജുകൾ ഇല്ലാത്തതുമൂലം റോഡുസൈഡുകൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു. ഫണ്ടിന്റെ അഭാവം മൂലം പഞ്ചായത്തു റോഡുകളുടെ റീടാറിംഗ് യഥാസമയം നടക്കുന്നില്ല. കൂടാതെ റോഡുകളുടെ വീതിക്കുറവും വളവുകളും ഇടക്കിടെ അപകടങ്ങൾ വരുത്തിവെക്കുന്നു. (ഉദാ:– മുട്ടിപ്പാലം വളവ്, പാണായി വളവ്, വാക്കൊള്ളിപാലം വളവ്, ശിശുവിഹാർ വളവ് മുതലായവ.) ഈ ഭാഗത്തുള്ള വളവുകൾ വീതികൂട്ടിപ്രശ്നം പരിഹരിക്കേണ്ടതാണ്.

2 പുതിയ റോഡുകൾ:–

ചേപ്പൂര് — കോട്ടമല — നെന്മിനി ചർച്ച് റോഡും, കളത്തിങ്ങൽപടി — പുല്ലഞ്ചേരി —പയ്യനാട് റോഡ് എന്നിവ PWD ഏറെറടുക്കാൻ നടപടികൾ സ്വീകരിച്ചുവെങ്കിലും ഇപ്പോൾ അത് നിശ്ച

ലാണസ്ഥായിച്ചാണ്.

3 ഗ്രാമീണ റോഡുകൾ:-

ഗ്രാമീണറോഡുകൾ ഭൂരിഭാഗവും ടാർ ചെയ്യാത്തതിനാൽ എല്ലാ കാലാവസ്ഥയിലും വാഹന ഗതാഗത യോഗ്യമല്ല. മെററൽ ചെയ്ത് ടാർ ചെയ്യാൻ എല്ലാ ഭാഗങ്ങളിൽ നിന്നും ശക്തിയായ ആവശ്യം ഉയർന്നിട്ടുണ്ട്.

4 പുതിയ മൺറോഡുകൾ:-

മിക്ക വാർഡുകളിലും പുതിയ റോഡുകൾ നിർമ്മിക്കാൻ ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള ഇടവഴികൾ വീതികൂട്ടി റോഡാക്കി മാററാനാണ് മിക്ക നിർദ്ദേശങ്ങളും.

**ആവശ്യകതകൾ;**

1. മലപ്പുറം- മഞ്ചേരി റോഡിലെ പ്രധാന വളവുകൾ വീതികൂട്ടി ഡിവൈഡർ സ്ഥാപിക്കുക.
2. ടാറിംഗിനോട് തൊട്ടുനിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്ററുകൾ സൈഡിലേക്ക് മാററിസ്ഥാപിക്കുക.
3. ഇടക്കിടെ അശാസ്ത്രീയമായ രീതിയിൽ റോഡുകളിൽ റീ കാമ്പിളിംഗ് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.
4. കച്ചവടസ്ഥാപനങ്ങളും സ്വകാര്യ വ്യക്തികളും റോഡ് സൈഡിൽ നിർമ്മാണ വസ്തുക്കളും മററും ശേഖരിക്കുന്നത് തടയുക.

ഇത്യാദി കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിയണം.

**പുതിയ റോഡുകൾ:**

1 ഇരുമ്പുഴി—വടക്കുംമുറി പാപ്പിനിപ്പാറ റോഡ് 2 പാണായി - പെരിമ്പലം - ആനക്കയംറോഡ് 3 ചേപ്പൂർ - പന്തല്ലൂർ ഹിൽസ്—നെന്മിനി 4 കടമ്പോട്—മുള്ളറങ്ങാട് റോഡ് 5 നരിയാട്ടുപാറ - നെന്മിനി പള്ളി റോഡ് 6 കിടങ്ങയം —അരിച്ചോൾ റോഡ് 7 നറുകര —ആല്പംകുന്ന് റോഡ് എന്നിവ ഈ പഞ്ചായത്തിലെ വികസന സാദ്ധ്യതകളുള്ള പ്രധാന റോഡുകളാണ്. ഇവ PWD ഏറെറടുത്തു നന്നാക്കുകയാണെങ്കിൽ ബസ്റൂട്ട് ഏർപ്പെടുത്താൻ നല്ല സാധ്യകയുള്ളതാണ്.

2 പെരിമ്പലം —പാണായി റോഡിൽ ടാറിടാൻ ബാക്കിയുള്ള 300 മീ ദൂരം ടാറിടുകയാണെങ്കിൽ ആനക്കയം—പെരിമ്പലം —പാണായി റൂട്ടിൽ ഒരു മിനിബസ് റിംഗ് സർവ്വീസ് നടത്താം.

3 കളത്തിങ്ങൽപടി—പുല്ലഞ്ചേരി പയ്യനാട്—വള്ളുവങ്ങാട് റോഡ് ശരിയായാൽ പാണ്ടിക്കാട്—മഞ്ചേരി—മലപ്പുറം നിലവിലുള്ള 24 കി. മി 16 കി. മീ ആയി ചുരുക്കാവുന്നതാണ്.

4 ആനക്കയം—ഒറവമ്പ്രം റോഡിൽ ചിററത്തുപാറക്കടവിൽ ഒരു പാലം നിർമ്മിച്ചാൽ മാത്രമെ പന്തല്ലൂർ, കിടങ്ങയം ഭാഗത്തെ യാത്രക്ലേശത്തിനു പരിഹാരമാകൂ.

5 ഇരുമ്പുഴി പനമ്പററകടവിൽ കൂട്ടിലങ്ങാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിനു കടലുണ്ടി പുഴക്കു ഒരു പാലവും അത്യാവശ്യമാണ്. ഈ പാലം വന്നാൽ മഞ്ചേരി— കൂട്ടിലങ്ങാടി ദൂരം ഗണ്യമായി കുറക്കാൻ കഴിയും.

**റോഡ് വികസനം:**

ഭൂവിലയും റോഡുകളുടെ അതിരിൽ മരങ്ങളു, കെട്ടിടങ്ങളും സ്ഥിരപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള പഞ്ചായത്തു റോഡുകൾ വീതികൂട്ടുക ദുഷ്കരമാണ്.

**ജനകീയ പദ്ധതിയും ജനശക്തിയും:**

പുതിയ റോഡുനിർമ്മാണത്തിൽ ജനപങ്കാളിത്തവും ശ്രമദാനവും കാര്യമായി ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശീയരായ ആളുകൾക്ക താൽപര്യം ഉണ്ടെങ്കിൽ മാത്രമെ പുതിയ റോഡുകൾ പൂർത്തിയാക്കാൻ കഴിയൂ. ഒട്ടാകെ ചെലവിന്റെ 1/3 ഭാഗമെങ്കിലും ജനപങ്കളിത്തം ഉണ്ടാകണം. മിക്കഭാഗങ്ങളിലും ജനപങ്കാളിത്തം കിട്ടുന്നു എന്നത് നല്ല കാര്യമാണ്.

ചേപ്പൂര്-പന്തലൂർ ഹിൽസ്-അരിക്കണ്ടം പാക്ക്റോഡ് 10 കി. മി. ദൂരം ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. അടുത്ത കാലത്ത് PWD ഏറ്റെടുത്ത് ഈ റോഡ് ഇന്നു തീർത്തും ഗതാഗത യോഗ്യമല്ല. ഗതാഗതയോഗ്യമാക്കുന്നതിന് ഒന്നരക്കോടിരൂപയാണ് PWD എസ്റ്റിമേററ് കണക്കാക്കിയിരിക്കുന്നത്. ഇതു പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കാൻ വിവിധഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തു ഉടമയിൽ നിരവധി റോഡുകൾ മുഴുവൻ വാർഡുകളിൽ ഗതാഗത യോഗ്യമല്ലാതെ ഉണ്ട്. ഇവയെല്ലാം പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കാൻ കോടിക്കണക്കിനു രൂപ ആവശ്യമാണ്. ഫണ്ടിന്റെ അഭാവം കാരണം പഞ്ചായത്തിനു പ്രവൃത്തികൾ ഏററെടുത്തു് പൂർത്തിയാക്കാൻ കഴിയുന്നില്ല. റോഡുപ്രവർത്തികൾക്ക വേണ്ടി പഞ്ചായത്തിന്റെ എല്ലാ ഗ്രാമസഭകളിൽ നിന്നും നിരവധി ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ആയതിനു ആവശ്യമായി വരുന്ന സംഖ്യയുടെ ഒരു ഭാഗം പൊതു ജനങ്ങളിൽ നിന്ന് പണമായും, സാധനങ്ങളായും, ശ്രമദാനമായും സ്വരൂപിച്ചാൽ പോലും ഭീമമായ ഒരു തുക പഞ്ചായത്ത് കണ്ടെത്തേണ്ടി വരും. പഞ്ചായത്തിനു ഈ വിഷയത്തിൽ സർക്കാർ സഹായം തന്നെയാണ് ആശ്രയം.

പഞ്ചായത്തിന്റെ പ്രധാന റോഡുകൾ

| Sl No | റോഡിന്റെ പേരു് | ദൂരം K. M. | വീതി മീററിൽ | ടാർചെയ്തത്/ ചെയ്യാത്തത് | ഇനം |
|---|---|---|---|---|---|
| 1 | മഞ്ചേരി മലപ്പുറം റോഡ് | 5 | 15 | ടാർചെയ്തത് | ജില്ലാറോഡ് |
| 2 | ആനക്കയം ഒറുവംപുറം റോഡ് | 10 | 12 | ,, | |
| 3 | ചിററത്തുപാറ വള്ളിക്കാപ്പററ ലിങ്ക്റോഡ് | 3.2 | 8 | ,, | |
| 4 | മഞ്ചേരി പൂക്കോട്ടൂർ റോഡ് | | | ,, | |
| 5 | ആനക്കയം പെരിന്തൽമണ്ണറോഡ് | 1 | | ,, | |
| 6 | പുളിയിലങ്ങാടി | 1 | 8 | ,, | |
| 7 | ചേപ്പൂർ പന്തലൂർ ഹിൽസ് അരിക്കണ്ടം പാക്ക്റോഡ് | 10 | 8 | ടാർചെയ്യാത്തത് | |

പഞ്ചായത്തിന്റെ പ്രധാന റോഡുകൾ

| Sl No | റോഡിന്റെ പേര് | ദൂരം K·M· | വീതി K·M· | ടാർ ചെയ്തത് | ടാർ ചെയ്യാത്തത് | ഭാഗികം |
|---|---|---|---|---|---|---|
| 1 | പാണായി മുട്ടിപ്പാലം | 1.5 | 8 | ✓ | — | — |
| 2 | ആലുംകുന്ന്–നറുകരറോഡ് | | 8 | — | — | ✓ |
| 3 | ഇരുമ്പുഴി–പൂക്കോട്ടൂർറോഡ് | 4.4 | 6 | — | — | ✓ |
| 4 | വടക്കുംമുറി–പാപ്പിപ്രറോഡ് | | 6 | — | ✓ | — |
| 5 | ഇരുമ്പുഴി–വാളാപറമ്പ്റോഡ് | | 6 | — | — | ✓ |
| 6 | പാണായി–പെരിമ്പലംറോഡ് | 4.7 | 6 | ✓ | — | — |
| 7 | ആനക്കയം–പെരിമ്പലംറോഡ് | 3 | 8 | — | — | ✓ |
| 8 | കടമ്പോട്–മുള്ളറങ്ങാട് റോഡ് | 3 | 6 | ✓ | — | — |
| 9 | നരിയാട്ടുപാറ–നെന്മിനിപള്ളി റോഡ് | 3 | 8 | ✓ | — | — |
| 10 | കിടങ്ങയം അരീച്ചോലറോഡ് | 2.2 | 6.5 | — | — | ✓ |
| 11 | മുടിക്കോട് വടക്കപറമ്പ് റോഡ് | | 7 | — | — | – |
| 12 | മുടിക്കോട് കടമ്പോട് | 2 | 8 | — | — | — |

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (7) പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്കാരികവുമായി വളരെയധികം പിന്നിൽ നിൽകുന്ന ഈ പഞ്ചായത്ത് ആനക്കയം, പന്തലൂർ എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്.

ഈ പഞ്ചായത്തിൽ കോൺക്രീററ്, ഓട്, ഓല എന്നിവ ഉപയോഗിച്ചുള്ള വീടുകളാണ് പൊതുവെയുള്ളത്. ഇതിൽ ഓട് മേഞ്ഞ വീടുകളാണ് അധികവും. ഗൾഫ് പണത്തിൻെറ സ്വാധീനം പൊതുവെ കുറവായതിനാൽ കോൺക്രീററ് വീടുകൾ കുറവാണ്.

ഭൂരിപക്ഷവും കൂലിവേല ചെയ്യുന്നവരായതിനാൽ ഓട് മേഞ്ഞ വീടുകൾ അധികവും. ചളി മണ്ണ് കട്ടകൊണ്ടും തരംതാണ മരങ്ങൾ ഉപയോഗിച്ചും ഉണ്ടാക്കിയതാണ്.

പന്തലൂർ വില്ലേജിൽ അധികവു ആനക്കയം വില്ലേജിൻെറ ഏതാനും ഭാഗങ്ങളിലും ഓലമേഞ്ഞ വീടുകളാണ് പുതുതായി നിർമ്മിക്കുന്നവയിൽ നല്ല പങ്കും. ഇതിൽ തന്നെ നല്ല ഭാഗം വീടുകൾ താൽക്കാലിക ഷെഡ്ഡുകളാണ്.

സാധാരണക്കാരായ കൂലിതൊഴിലാളികൾ വില കുറഞ്ഞ സ്ഥലങ്ങളിൽ ഭൂമി വാങ്ങാൻ നിർബ്ബന്ധിതരായതിനാൽ അവർക്ക് ഭൂമി സംബന്ധമായരേഖകളൊ വഴി സൗകര്യമോ കുറവാണ്.

ഒരോ ഭൂവുടമയുടെ കീഴിൽത്തന്നെ ദീർഘകാലം കാർഷിക ജോലിയിൽ ഏർപ്പെട്ട പല കുടുംബങ്ങളും അവരുടെ തൊഴിലുടമകളുടെ സ്ഥലങ്ങളിൽ താമസിക്കുന്നവരായതിനാൽ അവർക്ക് സ്വന്തമായി രേഖകളോ വീടോ ഇല്ലാത്തവരാണ്.

ലക്ഷംവീട് കോളനികൾക്ക് വേണ്ടി പുള്ളിയിലങ്ങാടി, പാപ്പിനിപാറ എന്നിവിടങ്ങളിൽ പഞ്ചായത്ത് സ്ഥലം നീക്കിവെച്ചിട്ടുണ്ടെങ്കിലും പുള്ളിയിലങ്ങാടിയിൽ മാത്രമേ വീട് വെച്ചിട്ടുള്ളു. അതിൽത്തന്നെ പഞ്ചായത്ത് നിർമ്മിച്ച ആറ് വീടുകൾ ഒരു വീടിൻെറ രണ്ട് ഭാഗത്തും താമസിക്കുന്ന തരത്തിലുള്ളതും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവയുമാണ്.

പാപ്പിനിപാറയിൽ ലക്ഷംവീട് കോളനിക്ക് വേണ്ടി നീക്കിവെച്ച സ്ഥലം വീതിച്ചു നൽകിയിട്ടുണ്ടെങ്കിലും അത് താമസ യോഗ്യമല്ലെന്ന് ആക്ഷേപമുണ്ട്.

വീടുകളുടെ തരം തിരിവ് പട്ടിക:-

| വാർഡ് നമ്പർ | ഓട് | ടെറസ് | ഓല | ഇതരനില | ആകെ |
|---|---|---|---|---|---|
| 1 | 492 | 25 | 18 | 59 | 594 |
| 2 | 342 | 33 | 89 | 88 | 552 |
| 3 | 254 | 19 | 72 | 38 | 376 |

| വാർഡ് നമ്പർ | ഓട് | ടെറസ് | ഓല | ഇരുനില | ആകെ |
|---|---|---|---|---|---|
| 4 | 384 | 46 | 93 | 99 | 622 |
| 5 | 249 | 85 | 09 | 86 | 429 |
| 6 | 346 | 38 | 83 | 82 | 549 |
| 7 | 292 | 45 | 22 | 91 | 450 |
| 8 | 663 | 99 | 80 | 148 | 990 |
| 9 | 373 | 22 | 23 | 31 | 449 |
| 10 | 573 | 45 | 181 | 109 | 908 |
| 11 | 310 | 25 | 90 | 67 | 492 |
| 12 | 433 | 35 | 161 | 94 | 723 |
| 13 | 307 | 24 | 79 | 79 | 489 |
| ആകെ | 5011 | 541 | 1000 | 1071 | 7623 |

റോഡ് വക്കുകളിലുള്ളതിലധികം വീടുകൾ ഉൾപ്രദേശങ്ങളിലാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. വയൽ നികത്തി വീടുകൾ ഉണ്ടാക്കുന്നതിലുപരിയായി കുടകൾ ആണ് നിർമ്മിച്ചു കാണുന്നത്.

വീടു നിർമ്മാണത്തിന് സാമ്പത്തിക സഹായം, ലോണുകൾ എന്നിവ ഉപയോഗിക്കുന്നവർ വളരെ കുറവാണ്.

പന്തലൂർ ഹൗസിംഗ് സൊസൈററി, മഞ്ചേരി അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ് ബാങ്ക് എന്നിവയാണ് ഈ പഞ്ചായത്തു നിവാസികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്

എന്നാൽ അമിതമായ കൂട്ടപലിശയും അതി കഠിനമായ നിയമ വ്യവസ്ഥകളും ഈടു വ്യവസ്ഥകളും വായ്പ ലഭിക്കാനുള്ള കാലതാമസവും കാരണം ഇതിനെ ഒരു സേവന മേഖലയായി കാണാൻ പാവപ്പെട്ടവർ തയ്യാറാവുന്നില്ല.

ഈ പഞ്ചായത്തിൽ ആയിരത്തിൽ പരം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. എന്നാൽ കൂലിവേലക്കാരും താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരും. ചെറുകിട കർഷകരുമായ ഇത്തരക്കാർക്ക് മേൽപറഞ്ഞ കാരണങ്ങളാൽ സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളുമായി ഇടപെടാൻ സാധിക്കുന്നില്ല.

അതിനു പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 ഭവന വായ്പക്കുള്ള പലിശനിരക്ക് കുറയ്ക്കുക.
2 വായ്പയ്ക്ക് കൂട്ടപലിശ സമ്പ്രദായം ഇല്ലാതാക്കുക.
3 കൂടുതൽ ആളുകൾക്ക് ലോണുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
4 നിയമ വ്യവസ്ഥകൾ ലഘൂകരിക്കുക.

ദുർബല വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും ഇപ്പോൾ നൽകുന്ന സാമ്പത്തിക സഹായം അതിൻെറ അപര്യാപ്തതയും സങ്കീർണ്ണമായ വ്യവസ്ഥകളും കാരണം മുഴവൻ സംഖ്യയും അനുവദിച്ചു

കിട്ടാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന 22,000 രൂപ ലഭിക്കാൻ ഇപ്പോൾ 80,000 രൂപയിൽ അധികം ചിലവ് വരുന്ന പ്ലാൻ അനുസരിച്ച് പണി പൂർത്തിയാക്കേണ്ടതുണ്ട്. അത് തന്നെ മുൻകൂറായി ചിലവഴിക്കുകയും വേണം. ആയതിനാൽ വളരെ പാവപ്പെട്ട ആളുകൾക്ക് ഇത് ഉപകരിക്കുന്നില്ല.

ഇതിന് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പ്രാദേശിക നിരക്ക് അനുസരിച്ച് എസ്റ്റിമേററ് തയ്യാറാക്കി പണം അനുവദിക്കണം.
2 അനുവദിച്ചു കിട്ടുന്ന സംഖ്യക്കനുസരിച്ച് വീടിന്റെ പ്ലാൻ തയ്യാറാക്കാൻ ഗുണഭോക്താവിനു അനുവാദം നൽകുക.
3 നൽകുന്ന സഹായം ഘട്ടം ഘട്ടമായി മുൻകൂർ നൽകുക.

ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അനുവദിച്ചത് | = 73 |
| പണിപൂർത്തിയാക്കിയത് | = 57 |
| ഇനി പൂർത്തീകരിക്കാനുള്ളത് | = 16 |

കെട്ടിടനിർമ്മാണത്തിനും വരുന്ന വർദ്ധിച്ച ചിലവ് കാരണം, അനുവദിക്കപ്പെട്ട ആനുകൂല്യം മുഴുവൻ ഉപയോഗിക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല.

മാത്രമല്ല, കൂട്ടസ്വത്ത് മാത്രമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക്, ഇപ്പോൾ സ്വന്തമായോ കൂട്ടമായോ വീട്പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

**ഓലപ്പുരകൾ;**

ഈ പഞ്ചായത്തിൽ ആയിരത്തോളം ഓലപ്പുരകൾ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വീടുകളുടെ മാത്രം കണക്കാണിത്. എന്നാൽ കുറെ വീടുകൾ രജിസ്റ്റർ ചെയ്യാത്തവയും ഉണ്ട്.

ഇക്കാലത്ത് ഭക്ഷ്യപ്രശ്നത്തേക്കാൾ ഉപരി സമൂഹത്തെ അലട്ടിക്കൊണ്ടിരിക്കുന്നത് സ്വന്തമായി ഒരു വീടും പെൺമക്കളുടെ വിവാഹവുമാണ്. ദരിദ്രരായ ജനവിഭാഗത്തിന് സ്വന്തമായി വീടുവെയ്ക്കാൻ ഇന്നത്തെ പരിതസ്ഥിതിയിൽ ഒരു മാർഗ്ഗവും ഇല്ല.

ജനാധിപത്യമാർഗ്ഗത്തിൽ സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയുംചെയ്യുന്ന ഒരു സമൂഹം വളർന്നുവരണമെങ്കിൽ അവരുടെ അടിയന്തിരപ്രശ്നങ്ങൾ പരിഹരിക്കുകതന്നെവേണം.

ഓലപ്പുരകൾ ഇല്ലാത്ത ഒരു പഞ്ചായത്ത് എന്ന നിലയിലേക്ക് ഈ പഞ്ചായത്തിനെ ഉയർത്തിക്കൊണ്ടുവരാൻ, മററു പല ഭാഗങ്ങളിലേക്കും തിരിച്ചുവിടുന്ന **JRY** പോലുള്ള ഫണ്ടുകൾ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഉപയോഗിക്കേണ്ടതാണ്.

ഇപ്പോൾ ഓലപ്പുരകൾ കെട്ടിമേയുന്നതിന് പഞ്ചായത്ത് നൽകുന്ന ധനസഹായം 10%ത്തിൽ താഴെ ആളുകൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു. മാത്രമല്ല ഇപ്പോൾനൽകുന്ന 300രൂപ ഈ ആവശ്യത്തിന് തീരെ അപര്യാപ്തമാണ്.

20 പട്ടികജാതി കോളനികളിലായി 34?ൽപരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വീടുകളിൽ ഭൂരിപക്ഷം കുടുംബങ്ങൾക്കും ഇതുവരെ ഭവന നിർമ്മാണത്തിന് ഒരു സഹായവും ലഭിച്ചിട്ടില്ല. പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ മാററിയെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ മുക്കാൽപങ്കും ഇതിന്‌വേണ്ടി ഉപയോഗിക്കേണ്ട അവസ്ഥയിൽ ഇതിന് പ്രത്യേകം പ്രസക്തിയുണ്ട്.

ഇതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പഞ്ചായത്തിലെ മുഴുവൻ ഓലപ്പുരകളും ഓടിട്ട വീടുകളാക്കുന്നതിന് **JRY** പോലുള്ള ഫണ്ടുകൾ വകയിരുത്തുക.
2 വില്ലേജ്തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
3 കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത്തലത്തിൽ പൊതുവിതരണകേന്ദ്രങ്ങൾ ആരംഭിക്കുക.
4 വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
5 വീട്‌വെയ്ക്കുന്നതിനുള്ള ധനസഹായം 50,000 രൂപയായും രാജീവ്ദശലക്ഷ പാർപ്പിടപദ്ധതി, മൈത്രിപോലുള്ള ഭവനനിർമ്മാണലോണുകളുടെ അപേക്ഷയും വിതരണവും പഞ്ചായത്ത് മുഖേനആക്കുക
6 പുറമ്പോക്കുകളിലും പൊതുസ്ഥലങ്ങളിലും മരങ്ങൾവെച്ച് പിടിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുക.
7 പുറമ്പോക്കുകളിലും പൊതുസ്ഥലങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ച് മുറിച്ചെടുക്കുന്നതിന് ഭൂരഹിതർക്ക് അനുമതി നൽകുക.
8 കെട്ടിടനിർമ്മാണ പരിശീലനം ട്രൈസം കോഴ്സിൽ ഉൾപ്പെടുത്തുക.
9 ഓരോ വാർഡിലും ഓരോ ഏക്കറിലും ഹൗസിംഗ് കോളനികൾ സ്ഥാപിച്ച് അഗതികൾ, വിധവകൾ, അനാഥർ എന്നിവർക്ക് മുൻഗണന നൽകി ദുർബല വിഭാഗങ്ങൾക്ക് വിതരണം ചെയ്യുക
10 പഞ്ചായത്തിൽ ലഭിക്കാവുന്ന മിച്ചഭൂമികൾ, ഹൗസിം കോളനികൾക്ക് വേണ്ടി ഉപയോഗിക്കുക
11 ഭൂമി വാങ്ങുന്നതിന് ദുർബ്ബല വിഭാഗങ്ങൾക്ക് ലോൺ അനുവദിക്കുക.
12 സ്റ്റേജ് സർട്ടിഫിക്കററ് നൽകുന്നതിനുള്ള അധികാരം ജനപ്രതിനിധികൾക്ക് നൽകുക.
13 കുടുംബ സ്വത്തിൽ വിഹിതമുള്ളവരും മററുസ്വന്തം പേരിൽ ഭൂമി ഇല്ലാത്തവരുമായവർക്ക് ഇപ്പോൾ സർക്കാറിൽ നിന്നുള്ള സാമ്പത്തിക സാഹായങ്ങൾ ലഭിക്കുന്നില്ല അത്തരക്കാർക്ക് മററു അവകാശികളുടെ സമ്മതപ്രകാരം കൂട്ടുസ്വത്തിൽ വീടുനിർമ്മിക്കുന്നതിന് സർക്കാർസഹായം ലഭ്യമാക്കണം.

**വൃദ്ധ മന്ദിരം**

സ്വന്തമായി കുടുംബാംഗങ്ങളില്ലാത്തവരും, വീടില്ലാത്തവരും വീടുണ്ടെങ്കിലും ആശ്രിതരില്ലാത്തവരുമായ.നൂറോളം ആളുകൾ ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്. രോഗാവസ്ഥയിലും ജോലിചെയ്യാൻ കഴിയാത്ത സന്ദർഭങ്ങളിലും അയൽവാസികളുടെയും നാട്ടുകാരുടെയും സഹായം മാത്രമാണ് ഇവർക്കുള്ളത്.

ഇത്തരക്കാരുടെ ജീവിതം വളരെ ക്ലേശകരമാണെന്നതിൽ രണ്ടഭിപ്രായമില്ല. ആയതിനാൽ ഇത്തരം അശരണരുടെയും വൃദ്ധരുടെയും സംരക്ഷണത്തിനും പരിചരണത്തിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

# 5 (7) സാമൂഹ്യക്ഷേമം

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ കീഴിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും ക്ഷേമനിധി ബോർഡുകളുടെ ചില പ്രവർത്തനങ്ങളും മാത്രമാണ് ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് ഉള്ളത്

പട്ടികജാതി വികസന കോർപ്പറേഷന്റെയും വനിതാവികസന കോർപ്പറേഷന്റെയും ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ ഇവിടെ കാര്യമായി നടന്നിട്ടില്ലെന്നുതന്നെ പറയാം.

മററു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെയധികം വിസ്തൃതിയും ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിൽ അനുവദിക്കപ്പെടുന്ന തുകയുടെ കുറവും അതുനടപ്പാക്കാനുള്ള ഉദ്യോഗസ്ഥരുടെ എണ്ണക്കുറവും കാരണം ഈ രംഗത്ത് കൂടുതൽ മുന്നേറാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യമായി ഉപയോഗിക്കപ്പെട്ടിട്ടില്ല. തിരുവനന്തപുരത്ത്നിന്ന് ആസ്ഥാനം കോഴിക്കോട്ടേക്ക് മാററിയതിന് ശേഷം മാത്രമാണ് ഈ വകുപ്പിന്റെ ചില പ്രവർത്തനങ്ങളെങ്കിലും ഇവിടങ്ങളിൽ നടന്നത്. അത തന്നെ ഇപ്പോൾ പുരോഗമിക്കുന്നില്ല.

കൂടുതലും കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളും ഉള്ള ഈ പഞ്ചായത്തിൽ 60% തൊഴിലാളികൾക്കും ക്ഷേമനിധിയുമായി ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ല.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ പ്രവർത്തനം നടത്തുന്നത് മലപ്പുറം വികസനബ്ലോക്കിന്റെ കീഴിലുള്ള ആനക്കയം, പന്തല്ലൂർ എന്നീ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ വഴിയാണ്.

ഈ പഞ്ചായത്തിൽ 2546 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. അതിൽ 105 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 303 കുടുംബങ്ങൾക്കാണ് വിവിധ വകുപ്പുകളിലായി ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചത്.

ഇതിലൂടെ 95 കുടുംബാംഗങ്ങൾക്ക് പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

IRDP സർവ്വേലിസ്റ്റിൽപെടാത്തതിനാൽ അതഹപ്പെട്ടവരും, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുമായപല കുടുംബങ്ങൾക്കും സർക്കാരിൽ നിന്നും ആനുകൂല്യം നിഷേധിക്കപ്പെടുന്നുഎന്ന പരാതി നിലനിൽക്കുന്നുണ്ട്

ബ്ലോക്ക്മുഖേന തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിൽ ബേങ്കുകൾ കാണിക്കുന്ന കാറകരമായ അനാസ്ഥ ഈ രംഗത്തെ ഏററവും വലിയ പ്രശ്നമാണ്. ആനുകൂല്യങ്ങൾക്ക തിരഞ്ഞെടുക്കപ്പെടുന്നവർക്ക്. സ്വന്തം ജാമ്യത്തിൽ പണം അനുവദിച്ചുകിട്ടാൻ നടപടിയുണ്ടായാൽ മാത്രമേ ഭൂരഹിതർക്കും യുവാക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു.

ഇരുമ്പുഴി. പന്തല്ലൂർ എന്നിവിടങ്ങളിലെ ഗ്രാമീണബേങ്കുകൾ, ആനക്കയം, ഇരുമ്പുഴി, പന്തല്ലൂർ എന്നിവിടങ്ങളിലെ സഹകരണബേങ്കുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ.

ഇവയിൽ സാമ്പത്തികസഹായം നൽകുവാനുള്ള ഫണ്ട് സഹകരണബാങ്കുകൾക്ക് പരമാവധി അനുവദിക്കേണ്ടതാണ്.

**ഈ രംഗത്തെ പ്രശ്നങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.**

1 പഞ്ചായത്തിന്റെ വിസ്തൃതി പരിഗണിച്ച് നിലവിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ വിഭജിച്ച് ഇരുമ്പുഴി, ആനക്കയം, ചിറാത്തുപാറ, മുടിക്കോട് എന്നിങ്ങനെ നാലു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ തുറന്ന് സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്.

2 IRDP ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വർഷംതോറും സർവ്വേ നടത്തണം.

3 IRDP സഹായം നൽകുന്നതിനുള്ള ഫണ്ട് പഞ്ചായത്തിലെ സഹകരണ ബേങ്കുകൾക്ക് കൂടുതൽ നൽകുക.

4 ഗുണഭോക്താക്കളുടെ യോഗം വിളിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ലാഭകരമാക്കാൻ വേണ്ട സഹായം അനുവദിക്കുകയും ചെയ്യുക.

5 ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ളവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ IRDP ലിസ്റ്റിൽ പേരുള്ളവർക്ക പുറമെ വരുമാന സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിലൊ റേഷൻകാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലൊ ലിസ്റ്റിൽ പേർ ഉൾപ്പെടാത്തവർക്ക് കൂടി നൽകണം.

**D W C R A**

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി സ്ത്രീകൾ ചെറിയ യൂനിററുകളിലായി തൊഴിൽരംഗത്ത് പ്രവർത്തിക്കുന്ന സംഘമാണ് D W C R A.

ഈ രംഗത്ത് ഇതുവരെയായി നടന്ന പ്രവർത്തനങ്ങളുടെ പട്ടികയിൽനിന്നും അതു സംബന്ധമായ വിവരണം ലഭിക്കുന്നതാണ്.

**D W C R A** പദ്ധതിപ്രകാരമുള്ള തൊഴിൽ സംരഭങ്ങളുടെ പട്ടിക

| WARD No. | തൊഴിൽസംരഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്നവർ | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| VIII | ആടുവളർത്തൽ | 91 92 | 9 | — |
| X | കൊപ്രസംസ്കരണം | 81/90 | 15 | ഇപ്പോൾ പ്രവർത്തനമില്ല. |
| XII | റെഡിമെയ്ഡ് യൂനിററ് | 91/92 | 11 | പ്രവർത്തിക്കുന്നുണ്ട്. |
| XIII | അടയ്ക്ക തോട സംസ്കരണം | 95/96 | 12 | പ്രവർത്തനം തുടങ്ങി. |

ദേശസാൽകൃത ബേങ്കുകളുടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പറയാവുന്നതല്ല. രൂപീകരിക്കപ്പെടുന്ന യൂണിററുകൾക്ക് പണം അനുവദിക്കുന്നതിന് ബാങ്കുകൾ പാലിക്കുന്ന നിയമങ്ങൾ ലഘൂകരിക്കാതെ ഈ രംഗത്ത് മുന്നേറാൻ കഴിയുകയില്ല. സ്വന്തംജാമ്യത്തിൽ പണം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇതു സംബന്ധമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.**

1 യൂനിററിലെ വനിതകൾക്ക് യൂനിററ് ആരംഭിക്കുന്നതിനു മുമ്പ് പരിശീലനം നൽകുക.

2 പരിശീലനത്തിനു സ്റ്റൈപന്റ് നൽകുക.

3 DWCRA യുടെ സാമ്പത്തിക സഹായം യൂനിററായും അല്ലാതെയും നൽകുക.

4 ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രം ആരംഭിക്കുക.

5 സാമ്പത്തിക സഹായം നൽകാൻ സഹകരണ ബേങ്കുകൾക്ക ഫണ്ട് കൂടുതൽ നൽകി പ്രാപ്തരാക്കുക

6 പ്രതികൂല സാഹചര്യങ്ങളിൽ നഷ്ടം വരുന്ന യൂനിററുകൾക്ക പുനരുജ്ജീവിപ്പിക്കുന്നതിന് വിദഗ്ദരുടെ നിർദ്ദേശങ്ങളും ആവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കുക.

7 നീതികരിക്കാവുന്ന കാരണങ്ങളാൽ നഷ്ടം വരുന്ന യൂനിററുകളിലെ അംഗങ്ങൾക്ക് മററു യൂനിററുകൾ തുടങ്ങുന്നതിനുള്ള സഹായം നൽകുകയും നഷ്ടം വന്ന യൂനിററുകൾക്ക് അനുവദിച്ച ലോൺ തിരിച്ചടക്കുന്നതിനുള്ള ബാധ്യതയിൽ നിന്ന് അംഗങ്ങളെ ഒഴിവാക്കുകയും ചെയ്യുക.

8 നഷ്ടം വരാൻ ഇടയായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് പ്രതിനിധികൾക്ക് അധികാരം നൽകുക.

9 യൂനിററ് കൺവീനർ മാർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനവും ചർച്ചയും നടത്തുക.

**ട്രൈസം;-**

18നും 35നും ഇടയിൽ പ്രായമുള്ളവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നൽകുന്ന പരിശീലനമാണ് ട്രൈസം.

വിവിധ ട്രേഡുകളിലായി, ആനക്കയം സർക്കിളിൽ 54ഉം പന്തല്ലൂർ വില്ലേജിൽ 8ഉം പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ രണ്ടു വില്ലേജുകളിലും 4 പേർ വീതമാണ് ഈ പരിശീലനത്തിൻെറ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ കണ്ടെത്തിയവരായിട്ടുള്ളത്. ബാക്കിയുള്ളവരിൽ 34പേർ മററു തൊഴിലുകളിൽ ഏർപ്പെട്ടവരും 20 പേർ ഒരു തൊഴിലും ചെയ്യാത്തവരുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

| WARD | പരിശീലനവിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ നേടിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | Radio - T V Mechanism | 2 | — | 2 | — |
| | Embroidery | 2 | 2 | — | — |
| | Printing - Composing | 4 | — | 2 | 2 |
| | Welding | 1 | — | 1 | — |
| II | Radio - T V | 2 | — | 2 | — |
| | Embroidey | 3 | 2 | 1 | — |
| | Printing | 5 | — | 2 | 3 |
| | Type Writting | 2 | — | — | 2 |
| III | Radio - TV | 2 | — | 2 | — |
| | Printing | 1 | — | 1 | — |
| | Type Writting | 2 | — | — | 2 |
| IV | Refrigerator | 1 | — | 1 | — |
| V | Printing | 4 | — | 2 | 2 |
| | Welding | 3 | — | 1 | 2 |
| VI | Radio - T V | 3 | — | 1 | 2 |
| | Embroidery | 1 | — | 1 | — |
| | Printing | 2 | — | 1 | 1 |
| | Plumbing | 1 | — | 1 | 1 |

| WARD | പരിശീലനവിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ നേടിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| VII | Radio - T V | 1 | — | — | 1 |
| | Welding | 2 | — | — | 2 |
| | Spray Painting | 1 | — | 1 | — |
| VIII | Spray Painting | 3 | — | 3 | — |
| | Wiring | 1 | — | 1 | — |
| | Type Writting | 1 | — | 1 | — |
| | Radio - T V | 1 | — | — | 1 |
| IX | Embroidery | 1 | — | 1 | — |
| | Welding | 1 | — | 1 | — |
| | Plumbing | 1 | — | 1 | — |
| X | Printing & Composing | 2 | 1 | 1 | — |
| XII | Printing | 5 | 2 | 3 | — |
| | Welding | 1 | 1 | — | — |
| | TOTAL | 62 | 8 | 34 | 20 |

ആവശ്യമുള്ളവരെ കണ്ടെത്തുന്നതിലുള്ള അപാകതയും തൊഴിൽ സാധ്യതയുള്ള ട്രൈഡുകൾ തിരഞ്ഞെടുക്കാൻ ഗുണഭോക്താവിന് അവകാശം ഇല്ലാത്തതും പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗങ്ങളില്ലാത്തതും ഈ രംഗത്തെ പ്രശ്നങ്ങളാണ്. പരിശീലനത്തിന് തിരഞ്ഞെടുക്കുന്നവർ പരിശീലനം പൂർത്തീകരിക്കാത്തതിനാൽ 2തരം നഷ്ടം സംഭവിക്കുന്നു.

ഒന്ന്:– പരിശീലനകാലത്ത് നൽകപ്പെട്ട സ്റ്റൈപന്റ് നഷ്ടപ്പെടുന്നു.

രണ്ട്:– അർഹതപ്പെട്ടവരുടെ ചാൻസ് നഷ്ടപ്പെടുന്നു.

പരിശീലനകേന്ദ്രങ്ങൾ വളരെ അകലെയാകുന്നതിനാൽ ചിലവ് കൂടുന്നതും അനുവദിക്കപ്പെട്ട ട്രൈഡിനോട് പരിശീലകനുള്ള വിമുഖതയുമാണ് ഇതിന് കാരണം.

**ഇതിനു പരിഹാരമായി താഴെപറയുന്ന നിർദ്ദേശങ്ങളാണ് പരിഗണിക്കേണ്ടത്.**

1 പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക, ഇഷ്ടമുള്ള ട്രെഡ് തിരഞ്ഞെടുക്കുന്നതിന് അനുവാദം നൽകുക

2 സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുക

3 പരിശീലനം പൂർത്തിയാക്കിയവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു സാമ്പത്തിക സഹായം അനുവദിക്കുക

4 പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുക.

5 കെട്ടിടനിർമ്മാണംപോലുള്ള കൂടുതൽ തൊഴിൽസാധ്യതകളുള്ള ട്രെഡുകൾ ട്രൈസംകോഴ്സിൽ ഉൾപ്പെടുത്തുക.

6 പരിശീലന കേന്ദ്രങ്ങൾ സർക്കാറിന് കീഴിലാക്കി ഗുണനിലവാരവും ഉയർന്ന പഠനിലവാരവും ഉറപ്പ് വരുത്തുക.

**ടൂൾകിററ്:–**

ഗ്രാമീണ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടവർക്കു ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതാണ് ടൂൾസ്കിററ് പദ്ധതി.

ഇതുപ്രകാരം ആനക്കയം പഞ്ചായത്തിലെ രണ്ട് വില്ലേജുകളിലായി താമസിക്കുന്ന 150ൽപരം പരമ്പരാഗത തൊഴിലാളികളിൽ 52 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള നൂറോളം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ല. പ്രത്യേകിച്ച് കശവ കുടുംബങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ചുള്ള ഉപകരണങ്ങൾ എത്തിക്കേണ്ടതാണ്.

ഇതിനെക്കുറിച്ച് ഗുണഭോക്താക്കൾക്ക് സാന്ദർഭികമായ ബോധവല്ക്കരണവും നടത്തേണ്ടതാണ്.

## C R S P

ഈ പഞ്ചായത്തിലെ 1397 കുടുംബങ്ങൾ സാനിററി കക്കൂസ് ഇല്ലാത്തവരാണെന്ന് **IRDP** സർവ്വേയിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

ഇതിൽ ആനക്കയം സർക്കിളിൽ 64ഉം പന്തലൂർ സർക്കിളിൽ 26ഉം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചുവെങ്കിലും ആനക്കയം സർക്കിളിൽ 58 പേർക്കു പന്തലൂർ സർക്കിളിൽ 14 പേർക്കും മാത്രമേ ഇത് പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളു. ആനക്കയം സർക്കിളിൽ 822ഉം പന്തലൂർ സർക്കിളിൽ 485ഉം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തവരാണ്.

കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| WARD No. | സാനിട്ടറികക്കൂസുകൾ ഇല്ലാത്ത വീടുകൾ | ഇതുവരെ അനുവദിച്ചകക്കൂസുകൾ 1992 to 96 | പൂർത്തീകരിച്ച എണ്ണം | ബാക്കിയുള്ളവർ |
|---|---|---|---|---|
| I to IX | 900 | 65 | 59 | 835 |
| X | 124 | 17 | 9 | 107 |
| XI | 123 | 4 | 3 | 119 |
| XII | 126 | 2 | 1 | 124 |
| XIII | 124 | 2 | — | 122 |
| Total | 1397 | 90 | 72 | 1307 |

വലിയ ഒരു വിഭാഗം കക്കൂസ് ഇല്ലാത്തവരാണെന്നിരിക്കെ ഇപ്പോൾ നല്കിവരുന്ന സഹായം വളരെ കുറച്ച്പേർക്ക് മാത്രമേ ലഭിക്കുന്നുള്ളു. മാത്രമല്ല അനുവദിക്കുന്ന പണം നിർമ്മാണച്ചിലവിന് തികയാത്തതിനാൽ വളരെ ദരിദ്രരായ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1 കക്കൂസിന് സഹായം നൽകുമ്പോൾ കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുക.

2 ചിലവ് കുറഞ്ഞ കക്കൂസ് നിർമ്മിക്കുന്ന രീതി പഞ്ചായത്തിലെ നിർമ്മാണത്തൊഴിലാളികൾക്ക് എത്തിക്കുക.

3 ചുരുങ്ങിയ സഹായം 5,000 രൂപയായി ഉയർത്തുകയും സഹായം മുൻകൂറായി ഘട്ടങ്ങളായും വിതരണം ചെയ്യുക.

4 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കുന്നതിന് **JRY** പോലുള്ള ഫണ്ടുകൾ കൂടുതൽ വകയിരുത്തുക.

**വില്ലേജ് ഓഫീസ് വഴിയുള്ള സഹായങ്ങൾ**

പെൻഷനുകളും അനാഥരായ പെൺകുട്ടികൾക്കുള്ള ധനസഹായങ്ങളും ആണ് ഇപ്പോൾ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്നത്.

ഇതിൽ നൽകിവരുന്ന പെൻഷൻ തുകകൾ കൃത്യസമയത്ത് ലഭിക്കുകയോ അർഹരായവർക്ക് മുഴവൻ അനുവദിക്കപ്പെടുകയോ ചെയ്തിട്ടില്ല.

അനാഥകൾക്ക് വിവാഹത്തിന് നൽകപ്പെടുന്ന സഹായം പലപ്പോഴും ലഭിക്കാറില്ല. മാത്രമല്ല അപേക്ഷനൽകുന്ന നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം അർഹരായ പലർക്കും അപേക്ഷ നൽകാൻ സാധിക്കുന്നില്ല.

**ഇതിന് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്.**

1 വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ നൽകണമെന്ന വ്യവസ്ഥ പെട്ടന്നുള്ള വിവാഹങ്ങൾക്ക് അപേക്ഷ നൽകുന്നതിന് പ്രയാസം സൃഷ്ടിക്കുന്നതിനാൽ ആ വ്യവസ്ഥ പിൻവലിക്കണം.

2 വരന്റെ സമ്മത പത്രം, വിവാഹത്തിന്റെ മുമ്പ് നൽകുന്ന സഹായാപേക്ഷയിൽ വേണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ സാമൂഹികാചാരങ്ങളും നാട്ടുമര്യാദകളും അതിന് തടസ്സമായതിനാൽ പലർക്കും അപേക്ഷ നൽകാൻ കഴിയാതെ വരുന്നു. അതിനാൽ ആ വ്യവസ്ഥ പിൻവലിക്കണം.

3 മതാദ്ധ്യക്ഷന്റെയോ ജനപ്രതിനിധികളുടെയോ ശുപാർശ പ്രകാരം സഹായം നൽകുന്നതിനുള്ള അധികാരവും ഫണ്ടും ഗ്രാമ പഞ്ചായത്തുകൾക്ക കൈമാറണം.

4 അപേക്ഷകയ്ക്ക് വിവാഹ ദിവസത്തേക്ക് പണം ലഭിക്കുന്ന വിധം നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

5 അപേക്ഷാ ഫോറത്തിൽ നൽകേണ്ട വിവരങ്ങളും സർട്ടിഫിക്കറ്റുകളും ഇപ്പോൾ വളരെ പ്രയാസപ്പെട്ട ശേഖരിക്കേണ്ടതാണ്. അവ ലഘൂകരിക്കേണ്ടതാണ്.

**മററു പെൻഷനുകൾ**

ഈ പഞ്ചായത്തിൽ വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, തൊഴിലില്ലായ്മ വേതനം, ക്ഷയ രോഗികൾക്കുള്ള പെൻഷൻ എന്നിവയാണ് ഉള്ളത്.

ജനങ്ങളുടെ അറിവില്ലായ്മയും പൊതുപ്രവർത്തകരുടെ താൽപര്യക്കുറവും, നിയമത്തിന്റെ ഊരാക്കുടുക്കുകളും ഉദ്യോഗസ്ഥരുടെ കടുംപിടുത്തവും കാരണം അർഹതപ്പെട്ട പലർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. മാത്രമല്ല, അനുവദിക്കപ്പെട്ട പലർക്കും യഥാസമയം പെൻഷൻപണം ലഭിക്കുന്നില്ല. അതേസമയം അനർഹരായ ആളുകൾക്ക് ലഭിക്കുന്നുണ്ടെന്ന ആക്ഷേപം നിലനിൽക്കുകയും ചെയ്യുന്നു.

പുതിയ പഞ്ചായത്ത് രാജ് സംവിധാനം പരിപൂർണ്ണമാകാത്തതിനാൽ നിലവിലുള്ള എല്ലാ പെൻഷനുകളും അപേക്ഷ സ്വീകരിച്ചിരുന്ന ഓഫീസുകളിൽനിന്ന് അതിനുള്ള അധികാരം എടുത്തുമാററുകയും പഞ്ചായത്തുകൾക്ക് അധികാരവും ഫണ്ടും നൽകാതിരിക്കുകയും ചെയ്യാത്തതിനാൽ പുതിയ അപേക്ഷകർക്ക് അപേക്ഷ നൽകാൻ കഴിയുന്നില്ല.

**വിധവാപെൻഷൻ**

പ്രായപൂർത്തിയായ ആൺമക്കളില്ലാത്ത വിധവകൾക്ക് നൽകിവരുന്ന ഈ ആനുകൂല്യത്തിന്റെ നിയമവ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കർഷകത്തൊഴിലാളി പെൻഷൻ

പോലെത്തന്നെ വരുമാനത്തിന്റെ അടിസ്ഥാനത്തിലും വിവാഹിതരായ ആൺമക്കളെ പരിഗണിക്കാതെയും എല്ലാവിധവകൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മാത്രമല്ല അനുവദിക്കപ്പെടുന്ന ആനുകൂല്യം യഥാസമയം വിതരണം ചെയ്യേണ്ടതുമാണ്.

**കർഷകതൊഴിലാളി പെൻഷൻ**

കൃഷിഎന്നതിന്റെ നിർവ്വചനത്തിലെ അവ്യക്തത കാരണം കർഷകത്തൊഴിലാളി പെൻഷൻ എല്ലാ തൊഴിലാളികൾക്കും ലഭിക്കുന്നില്ല. ഇപ്പോൾ അതിനു ശുപാർശ ചെയ്യുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസറിൽനിന്ന് മാററിയെങ്കിലും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. അതിനാൽ പുതിയ അപേക്ഷകർക്ക അപേക്ഷനൽകാൻ സാധിക്കുന്നില്ല.

**വാർദ്ധക്യകാല പെൻഷൻ**

കേന്ദ്രസർക്കാർ ഈയിടെ പ്രഖ്യപിച്ച ഈ പദ്ധതി, പ്രചരണത്തിന്റെ അഭാവം മൂലം അർഹരായ എല്ലാവർക്കും ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, അപേക്ഷിച്ചവർക്ക മുഴുവൻ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ആക്ഷേപമുണ്ട്.

വിവാഹിതരായ ആൺമക്കൾ വേറെ വീടുകളിൽ താമസിക്കുന്നുവെങ്കിലും അവരെക്കൂടി പരിഗണിച്ചാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്. അതിനാൽ സ്വന്തമായി ജീവനോപാധിയില്ലാത്ത വൃദ്ധക്ക് അവർ സ്വന്തമായാണ് താമസിക്കുന്നതെങ്കിൽപോലും ആനുകൂല്യം ലഭിക്കുന്നില്ല.

**തൊഴിലില്ലായ്മവേതനം**

ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മവേതനം രകെപ്പററുന്നവരുടെഎണ്ണം വളരെ കുറവാണ്. വളരെ വിശാലമായ പരിധിയുള്ള മലപ്പുറം എംപ്ലോയ്മെൻറ് എക്സ്ചേയ്ഞ്ചിൽനിന്നാണ് ഈ പഞ്ചായത്തിലുള്ളവർക്ക് വേതനം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും.

ഗുണഭോക്താക്കളായസ്ത്രീകൾ രാവിലെമുതൽ വൈകുന്നേരംവരെ തുഛമായ വേതനത്തിന്വേണ്ടി ഒരു സഹായിയോടൊപ്പം കാത്ത്നിൽക്കുന്നതിനാൽ കിട്ടുന്ന പണം അതു വാങ്ങുന്നതിന് ചിലവാകുന്നു.

തൊഴിലില്ലായ്മവേതനവിതരണം പഞ്ചായത്ത് ഓഫീസുകൾവഴി വിതരണം ചെയ്യുകയാണ് ഇതിനു പരിഹാരം.

പെൻഷൻ നൽകുന്നതിൽ കാതലായ മാററങ്ങൾ ആവശ്യമാണ്. അതുസംബന്ധമായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ആൺമക്കളുടെ പ്രായപരിധി എല്ലാ വിധവകൾക്കും പെൻഷൻ നല്കണം, പ്രത്യേകിച്ചും ആൺമക്കൾ വിവാഹിതരാണെങ്കിൽ അവരെ പരിഗണിക്കാതിരിക്കണം.
2. വിവാഹപ്രായംകഴിഞ്ഞ അവിവാഹിതർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നില്ല ആയത്, ഇരുപത്തിഅഞ്ചുവയസ്സുവഴിഞ്ഞ അവിവാവാഹിതർക്കും പെൻഷൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കണം.
3. 'അന്യന്റെ ഭൂമിയിൽ അധ്വാനിക്കുന്നവൻ കർഷകതൊഴിലാളി' എന്ന അടിസ്ഥാനത്തിൽ 60 വയസ്സുകഴിഞ്ഞ എല്ലാതരം കർഷകതൊഴിലാളികൾക്കു പെൻഷൻ നൽകണം.

4 കർഷകതൊഴിലാളിപെൻഷന് അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കാനുള്ള അധികാരവും ഫണ്ടും ഗ്രാമപഞ്ചായത്തുകാർക്ക് ഉടൻ കൈമാറണം.

5 വിവാഹിതരായ ആൺമക്കളും, വേറിട്ട് താമസിക്കുന്ന ആൺമക്കളേയും പരിഗണിക്കാതെ 60 വയസ്സുകഴിഞ്ഞ നിരാലംബർക്ക് പെൻഷൻ അനുവദിക്കണം.

6 തൊഴിലില്ലായ്മവേതനവിതരണം ഗ്രാമപഞ്ചായത്ത് ഓഫീസുകൾവഴി ആക്കുക.

**പെൻഷൻവിതരണം സംബന്ധിച്ച പട്ടിക**

| പെൻഷൻ | സർക്കിളുകൾ ആനക്കയം | പന്തല്ലൂർ | ആകെ |
|---|---|---|---|
| അഗതിപെൻഷൻ | — | 133 | 133 |
| വിധവാപെൻഷൻ | 116 | 90 | 206 |
| വികലാംഗപെൻഷൻ | 55 | 37 | 92 |
| വാർധക്യപെൻഷൻ | 4 | 6 | 10 |
| അവശകലാപെൻഷൻ | — | 1 | 1 |
| ക്ഷയരോഗിപെൻഷൻ | 13 | 12 | 25 |
| കർഷകതൊഴിലാളിപെൻഷൻ | 1824 | 643 | 2467 |
| തൊഴിലില്ലായ്മവേതനം | 652 | 248 | 900 |
| ആകെ | 2664 | 1170 | 3834 |

**അംഗൻവാടികൾ**

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ് അംഗൻവാടികൾ. ഈ പഞ്ചായത്തിൽ 38 അംഗൻവാടികളും പഞ്ചായത്ത് നഴ്സറി സ്കൂളും ഉണ്ട്.

**I C D S** ലക്ഷ്യമിട്ട രൂപത്തിൽ അംഗൻവാടികൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ദരിദ്രരും തൊഴിലാളികളുടെ മക്കളുടെ മക്കളുടെ കുട്ടികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്ന രൂപത്തിൽ അംഗൻവാടികളിലെ ഭക്ഷണക്രമം മാറ്റിയെടുക്കേണ്ടതുണ്ട്.

ആനക്കയം പഞ്ചായത്തിൽ ഈയിടെയായി അനുവദിക്കപ്പെട്ട പ്രവർത്തനം തുടങ്ങിയ അംഗൻവാടികളിൽ 24 എണ്ണം സ്വന്തമായി കെട്ടിടം ഇല്ലാത്തവയാണ്. പല സ്ഥലങ്ങളിലും കെട്ടിടനിർമ്മാണത്തിന് ആവശ്യമായസ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ടെങ്കിലും സർക്കാർഫണ്ട് അനുവദിക്കാത്തതിനാലും അനുവദിച്ച സ്ഥലങ്ങളിലെ ഫണ്ട്, പ്രാദേശിക നിലവാരമനുസരിച്ച് തികയാതെ വരുന്നതിനാലും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകുന്നില്ല.

കൂലിത്തൊഴിലാളികളായ സ്ത്രീകൾക്ക്, അവർ ജോലിക്ക്പോകുന്ന സന്ദർഭങ്ങളിൽ കൊച്ചുകുട്ടികളുടെ സംരക്ഷണത്തിന് ഉതകുംവിധം അംഗൻവാടികളുടെ പ്രവർത്തനസമയം ക്രമീകരിക്കേണ്ടതുണ്ട്.

വളരെ ദീർഘിച്ചതും ഭാരിച്ചതുമായ തൊഴിൽചെയ്യേണ്ട അംഗൻവാടി ജീവനക്കാർക്ക് വളരെ ചെറിയ ശമ്പളം മാത്രമാണ് ലഭിക്കുന്നത്. അതിനാൽ മറ്റുജോലികൾചെയ്യാൻ കഴിവുള്ള പലരും ഈ രംഗത്തേക്ക് വരുന്നില്ല.

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യങ്ങളായ ഉപകരണങ്ങളോ, കുട്ടികൾക്ക് കളിപ്പാട്ടങ്ങളോ ഈ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടില്ല.

അതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്നിട്ടുള്ളത്.

**നിർദ്ദേശങ്ങൾ**

1 ആനക്കയത്ത് അനുവദിച്ച മോഡൽ അംഗനവാടിക്ക കെട്ടിടം നിർമ്മിക്കുക.
2 സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് അവ നിർമ്മിക്കുന്നതിനു 50,000 രൂപവീതം 24 അംഗൻവാടികൾക്കു അനുവദിക്കുക.
3 അംഗൻ വാടികൾക്കു ആവശ്യമായ ഫർണിച്ചറുകൾ, മററു ഉപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ എത്തിക്കുക
4 അംഗൻ വാടികളോടനുബന്ധിച്ചുള്ള മഹിളാ സമാജങ്ങൾ മുഖാന്തിരം ചെറുകിട കുടിൽവ്യവസായങ്ങൾ തുടങ്ങുവാനുള്ള പദ്ധതി നടപ്പാക്കുക
5 അംഗൻവാടി ജീവനക്കാർക്കു സർക്കാർ സ്കൂൾ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുക.
6 അംഗൻവാടികളിൽ പ്രാഥമിക ചികിത്സാ (First Aid) സൗകര്യം ഏർപ്പെടുത്തുക.
7 ഒരു നിശ്ചിത കാലയളവിൽ കുട്ടികളെ മെഡിക്കൽ പരിശോധനയ്ക്കു വിധേയമാക്കുക.
8 കുട്ടികൾക്കു യൂനിഫോം നടപ്പാക്കുക
9 പോഷകാഹാരക്കുറവുള്ള കുട്ടികൾ ഗർഭിണികൾ എന്നിവർക്കു പ്രത്യേക പരിചരണ സൗകര്യം ഏർപ്പെടുത്തുക.
10 ദീർഘകാല ചികിത്സ ആവശ്യമുള്ള കുട്ടികൾക്കു സാമ്പത്തീക സഹായം അനുവദിക്കുക.
11 സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ വാർഷിക അററ കുററപ്പണികൾ നടത്തുക.
12 സ്ത്രീകളുടെ അറിവു വർദ്ധിപ്പിക്കുന്നതിനു ഉതകുന്ന മിനി ലൈബ്രറികൾ അംഗൻവാടിയിൽ സ്ഥാപിക്കുക.

**പൊതു വിതരണം**

പതിനാറു പൊതുവിതരണ കേന്ദ്രങ്ങളാണു ഈ പഞ്ചായത്തിൽ ഇപ്പോൾ ഉള്ളത്. ജനങ്ങളുടെ മുഖ്യാഹാരമായ അരിക്കുപുറമെ മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ് എന്നിവയാണ് പ്രധാനമായും ഈ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ പൊതു വിതരണ കേന്ദ്രങ്ങളിൽ അധികവും മഞ്ചേരി പി. സി. സി എം. സൊസൈററിയുടെയും ഒന്ന് ആനക്കയം സഹകരണ ബേങ്കിൻെറയും കീഴിലുള്ളവയും ബാക്കിയുള്ളവ സ്വകാര്യ വ്യക്തികൾ നടത്തുന്നവയുമാണ്.

ജനങ്ങളുടെ മുഖ്യ ഭക്ഷ്യവസ്തു അരിയാണെങ്കിലും അതിന് മറ്റുള്ളവയെ അപേക്ഷിച്ച് പൊതുമാർക്കററിൽ വില കൂടുന്നില്ല. , എന്നാൽ പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ക്രമാതീതമായ വിലക്കയററം സാധാരണ ജനങ്ങളെ വിഷമത്തിലാക്കുന്നുണ്ട്.

ഗൾഫ്പണത്തിൻെറ സ്വാധീനം വർദ്ധിച്ചശേഷം ജനങ്ങളുടെ ഭക്ഷണകാര്യത്തിൽ വലിയ മാററം ഉണ്ടായിട്ടുണ്ട്. അരിക്കുവേണ്ടി ചിലവഴിക്കുന്നതിൻെറ അനേകംമടങ്ങ് തുക മററു ഭക്ഷണസാധനങ്ങൾവേണ്ടി ചിലവഴിക്കേണ്ടിവരുന്നു.

ഇത്തരം വസ്തുക്കളുടെ ക്രമാതീതമായ വിലക്കയററം പിടിച്ചുനിർത്തുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുവിവരണം ശക്തിപ്പെടുത്തുക മാത്രമേ നിർവ്വാഹമുള്ളു. എന്നാൽ അതിന് ഉതകുന്ന മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിൽ ഇല്ല.

റേഷൻഷാപ്പുകളിൽ വിതരണം ചെയ്യപ്പെടുന്ന അരി ഗുണനിലവാരമില്ലാത്തതാണെന്ന് പര

ധൈ ആക്ഷേപം ഉയർന്നിട്ടുണ്ട്. മാത്രമല്ല, അനുവദിക്കപ്പെട്ട അളവ് തികച്ചും കിട്ടുന്നില്ലെന്നും പല ഗ്രാമസഭകളിലും ആക്ഷേപമുണ്ട്. ഗോഡൗണുകളിൽ നിന്നും തൂക്കി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾ, ചാക്കുകളുടെ ഗുണനിലവാരമില്ലായ്മ കാരണം മുഴുവനായും പൊതുവിതരണ കേന്ദ്രങ്ങളിൽ എത്തുന്നില്ല. ഇത് ഉപഭോക്താവിന് അളവിൽ കുറവ് വരുത്തിനല്കാൻ വിതരണക്കാരെ നിർബന്ധിതരാക്കുന്നു.

200 ലിററർ അളവുണ്ടാകേണ്ട മണ്ണെണ്ണബാരലുകൾ പൊതുവിതരണകേന്ദ്രങ്ങളിലെത്തുമ്പോൾ 10 ലിററെങ്കിലും കുറവുണ്ടാകാറുണ്ട്. ഗോഡൗണുകളിലെ ഈ വെട്ടിപ്പ് കാരണം കാർഡുടമകൾക്ക് അനുവദിക്കപ്പെട്ട അളവ് മുഴുവൻ നൽകാൻ വിതരണക്കാർക്ക് കഴിയാറില്ല.

കേരളസർക്കാർ ഈയിടെ പ്രഖ്യാപിച്ച 4 കിലോ അരിക്കുള്ള സബ്സീഡി പല കാർഡുടമകൾക്കും വിഷമം സൃഷ്ടിക്കുന്നുണ്ട്. സബ്സീഡിയുള്ള അരിയും ബാക്കിയുള്ളതും രണ്ടുതരമാവുന്നത് വിതരണക്കാർക്കും ഉപഭോക്താവിനും ഏറെ പ്രയാസമുണ്ടാക്കുന്നു.

ഭാരിച്ച ഒരു ജോലി ചെയ്യേണ്ട വിതരണക്കാർക്ക് ഇന്നുനൽകുന്ന വേതനം, കമ്മീഷൻ എന്നിവ വളരെ കുറവാണെന്ന് അതുമായി ബന്ധപ്പെട്ടവർക്കും പരാതിയുണ്ട്.

റേഷൻകാർഡുകൾ ഇന്നു പലകാര്യങ്ങൾക്കും അത്യാവശ്യമുള്ള ഒരു രേഖയാണ് എന്നാൽ ഈ പഞ്ചായത്തിൽ റേഷൻവാർഡുകൾ ഇല്ലാത്ത കുടുംബങ്ങൾ വളരേയേറെ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പല റേഷൻകാർഡുകളിലും മുഴുവൻ കുടുംബാംഗങ്ങളുടെ പേർ ഉൾപ്പെട്ടിട്ടില്ല. പുതുതായി കാർഡ് വിഭജനം നടത്തുന്നത് നിർത്തിവെച്ചത് മൂലം പല പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്.

വളരെ വിശാലതയും ജനസംഖ്യയുമുള്ള ഏറനാട് താലൂക്കിൽ റേഷൻകാർഡു സംബന്ധമായ പ്രവർത്തനങ്ങൾക്ക ഒരു ഉദ്യോഗസ്ഥൻ മാത്രമായതിനാൽ കാർഡു വിതരണത്തിന താമസം വരുന്നു.

ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് താഴെ പറയുന്ന കാര്യങ്ങളാണ്.

**നിർദ്ദേശങ്ങൾ**

1 ആനക്കയം, പന്തല്ലൂർ വില്ലേജുകളിൽ ഓരോ മാവേലിസ്റ്റോറുകൾ ആരംഭിക്കണം.
2 പൊതുവിതരണ കേന്ദ്രങ്ങളിൽ പലവ്യഞ്ജന സാധനങ്ങൾ വിതരണം ചെയ്യുക.
3 റേഷൻ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും നല്ല ചാക്കുകളിൻമാത്രം നിറക്കുകയുംചെയ്യുക.
4 ഗോഡൗണുകളിൽ നിറക്കുന്ന മണ്ണെണ്ണ കൃത്യം അളവുണ്ടെന്നും അളവു- തൂക്ക ഉദ്യോഗസ്ഥർ പരിശോധിച്ചു സീൽ ചെയ്തശേഷം മാത്രം വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുക.
5 ഒരു കാർഡുടമക്കു ഒരേ ഇനം അരി മാത്രം വിതരണം ചെയ്യുക.
6 റേഷൻ വിതരണത്തിനുള്ള വേതനം കാലോചിതമായി പരിഷ്ക്കരിക്കുക.
7 സ്വന്തമായി റേഷൻ കാർഡില്ലാത്തവർക്കും കാർഡിൽ പേർ ഇല്ലാത്തവർക്കും പഞ്ചായത്ത് പ്രസിഡണ്ട്, ജനപ്രതിനിധികൾ എന്നിവരുടെ ശുപാർശ പ്രകാരം കാർഡുനൽകൽ നിർബന്ധമാക്കുക.
8 കുടുംബങ്ങൾ മാറിത്താമസിക്കുന്നതിനനുസരിച്ച് കാർഡു വിഭജനം സാധ്യമാക്കുക
9 റേഷൻകാർഡുകളിലെ തെററുകൾ തിരുത്തുന്നതിനും മററും വാർഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
10 ഏറനാട്ട് താലൂക്ക് സപ്ളെ ഓഫീസിൽ റേഷൻകാർഡുകൾ തയ്യാറാക്കുന്നതിനു ജനസംഖ്യാനുപാതികമായി ഉദ്യോഗസ്ഥരെ നിയമിക്കുക.

○

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (8) സംസ്കാരം

ആനക്കയത്തിന്റെ തെക്കുകിഴക്കുഭാഗത്ത് ഒരു കാവൽഭടനെപ്പോലെ തലയുയർത്തിനിൽക്കുന്ന കൊടികുത്തിമലയുടെയും വിരിമാറു പിളർന്നു തുള്ളിതുളുമ്പിയൊഴുകുന്ന കടലുണ്ടിപ്പുഴയുടെയും പരിലാളനയിൽ കഴിയുന്ന ഈ ഗ്രാമത്തിന് ഉത്തമവും ഉത്കൃഷ്ടവുമായ പാരമ്പര്യത്തിന്റെ പൈതൃകമുണ്ട്. രാജാധികാരത്തിന്റെയും ബ്രിട്ടീഷ് കിരാത സാമ്രാജ്യവാഴ്ചയുടേയും ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റെയും കൈപ്പേറി മധുരം നുണച്ചിറക്കിയവരാണിന്നാട്ടിലെ അടിസ്ഥാനവർഗ്ഗം. തടഞ്ഞു നിർത്താനാവാത്ത കാലത്തിന്റെ കുത്തൊഴുക്കിൽ ഉരുത്തിരിഞ്ഞു വന്ന ചരിത്രാവബോധം. ഇവിടുത്തെ ജനതയുടെ സാംസ്കാരിക വീക്ഷണം ഇനിയും ഒത്തിരി സമ്പന്നമാവേണ്ടിയിരിക്കുന്നു എന്നു ബോധ്യമാക്കുന്നു.

സവർണ്ണ സമ്പന്ന നാടുവാഴി പ്രഭുക്കളുടെ തിരുവായ്ക്കെതിർ മൊഴിയില്ലായിരുന്ന കാലഘട്ടത്തിൽ ചെറുത്തുനിന്ന പോരാട്ടത്തിന്റെ ചരിത്രം വിളിച്ചോതുന്ന ഐതീഹ്യങ്ങൾ പഴമക്കാരിൽ ഇന്നും പുതുമൊഴിയായി നിലകൊള്ളുന്നു. ആനക്കയത്തിന്റെ സാംസ്കാരിക പൈതൃകം ഈ ഐതീഹ്യങ്ങൾ പ്രദീപ്തമാക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ ഒരു കൊടുങ്കാറ്റു കണക്കെ ആഞ്ഞടിച്ച പ്രചണ്ഡപാതം കാടും മലയും തോടും പുഴയും നിറഞ്ഞ ഈ കൊച്ചുഗ്രാമത്തിലും അലയൊലികൊണ്ടു. ഒരാംവിളിയോടെ സമരാവേശത്താൽ രണാങ്കണത്തിലേക്ക് എടുത്തുചാടിയ യുവത്വത്തിന്റെ ചിലമ്പൊലി ഇന്നും നമുക്കു കാതോർക്കാം. പന്തല്ലൂരിലെ ചക്കിപറമ്പൻ പോക്കർ മുസ്ലീയാരെയും നൂറോളം ആളുകളേയും ബ്രിട്ടീഷ് ഗവൺമെന്റ് ബല്ലേരി സെൻറർ ജയിലിലടച്ചു. ഗാന്ധിജിയുടെ കൂടെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ കിളിയമണ്ണിൽ കുഞ്ഞിമുഹമ്മദ് എന്നവർ ഇന്നും ജീവിച്ചിരിക്കുന്നു.

ഏറനാടിന്റെ മണൽത്തരികൾ തദ്ദേശിയരുടെ രക്തം കൊണ്ട് ചുവന്ന ഒരു കാലഘട്ടമായിരുന്നു '1921'. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനത്തിൽ എടുത്തുപറയത്തക്ക നേതാക്കളൊന്നും ഈ ഗ്രാമം സംഭാവന ചെയ്തിട്ടില്ല. എങ്കിലും 1921 ആഗസ്റ്റ് 20ന് അന്നത്തെ കലക്ടർ തോമസിന്റെ നേതൃത്വത്തിൽ ആലിമുസ്ലിയാരെ അറസ്റ്റു ചെയ്യാനായി തിരൂരങ്ങാടി കിഴക്കേപ്പള്ളി വളഞ്ഞതോടെ ആനക്കയമെന്ന ഗ്രാമവും നീറിപ്പുകയാൻ തുടങ്ങി. ഈ പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള വള്ളുവങ്ങാടെന്ന സ്ഥലത്ത് വാരിയർകുന്നത്ത് കുഞ്ഞഹമ്മദ്ഹാജിയുടെ നേതൃത്വത്തിലുള്ള വിപ്ലവപ്രസ്ഥാനത്തിലേക്കുള്ളജനങ്ങളുടെ ഒഴുക്കായിരുന്നു പിന്നീട്. 1927 ആഗസ്റ്റ് അവസാനവാരത്തിൽ ആനക്കയത്തു തെററത്തുവീട്ടിൽ ചേക്കുട്ടി ഇൻസ്പെക്ടറെ വിപ്ലവപ്രസ്ഥാനം കൊലപ്പെടുത്തി ഹിന്ദുക്കളും മുസ്ലീമുകളും തോളോടുതോളുരുമ്മിക്കഴിയുന്നആനക്കയത്ത് ഈ വിപ്ലവം ഒരു വർഗ്ഗീയലഹളയായി മാറിയില്ല എന്നതുമാത്രമല്ല ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മറവിൽ കൊള്ളനടത്താൻ ശ്രമിച്ചവരെ ജാതിമതഭേദമന്യേ ഒററക്കെട്ടായി നിന്നെതിർത്ത ചരിത്രം ഇന്നാട്ടിന്റെ ഉത്തമസാംസ്കാരിക പൈതൃകം വിളിച്ചറിയിക്കുന്നു.

നാമെത്തിനിൽക്കുന്ന ദിശയിൽനിന്നും തിരിഞ്ഞുനോക്കുമ്പോൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷണത്തിന് വിവിധങ്ങളായ സ്രോതസ്സുകൾ സ്വാധീനം ചെലുത്തിയതായി കാണാം. ഇതിൽ പ്രഥമസ്ഥാനമലങ്കരിക്കുന്നത് വിദ്യാഭ്യാസം തന്നെ ഔപചാരിക-അനൗപചാരിക സ്ഥാപനങ്ങൾ തന്നെയാണ് ജനതയുടെ സാംസ്കാരിക വളർച്ചയുടെ താഴ്വേരു. ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ നമ്മുടെ

പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. കടമ്പോട്ടുള്ള G.M.L.P'S പന്തലൂർ ആണ് പഞ്ചായത്തിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. ഇന്ന് ഗ്രാമപഞ്ചായത്തിൽ നഴ്സറിതലംമുതൽ ഹൈസ്കൂൾതലംവരെയായി. ആകെ 67 ഔപചാരിക വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

പട്ടിക 1

| | | |
|---|---|---|
| നഴ്സറി | 6 | |
| അംഗൻവാടി | 38 | |
| L P | 16 | ആകെ 67 |
| U P | 5 | |
| H S | 2 | |

മററുവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലയും ഗ്രന്ഥാലയങ്ങളും, ഗ്രന്ഥശാല വായനശാല എന്നിവയുടെ പ്രവർത്തന രംഗത്ത് നമ്മുടെ ഗ്രാമം വളരെ പിന്നിലാണ്. 1955 ൽ പെരിമ്പലത്തു സ്ഥാപിച്ച പൊതുജനവായനശാല ലൈബ്രറിയാണ് ഈഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. K.M കുഞ്ഞിമൊയ്തീൻ സംഭാവനചെയ്ത സ്ഥലത്ത് ശോചനീയാവസ്ഥയിലുള്ള വൈദ്യുതീകരിച്ച ഒരു കെട്ടിടമാണതിനുള്ളത്. വയോജനവിദ്യാഭ്യാസക്ലാസും ഇവിടെ ഒരുപാടുകാലം നടന്നുവന്നിരുന്നു. 1964ൽ പാപ്പിനിപ്പാറയിൽ സ്ഥാപിതമായ ഗ്രാമസംഘം വായനശാല& ഗ്രന്ഥാലയം 89_94 കാലഘട്ടത്തിൽ ഇത് നിർജ്ജീവാവസ്ഥയിലായിരുന്നു. 94 മുതൽ ഒരു വർഷത്തോളം ഇതു നല്ലനിലയിൽ പ്രവർത്തിച്ചു. സാമ്പത്തികഭാരം താങ്ങാനാവാതെ ഇപ്പോൾ പാപ്പിനിപ്പാറ A.M.L.P സ്കൂൾ കെട്ടിടത്തിലേക്കു മാററിയിരിക്കയാണ്, 1973ൽ സ്ഥാപിതമായ പൊതുജനവായനശാല& ലൈബ്രറി പന്തലൂർ 1988വരെ നന്നായി പ്രവർത്തിച്ചു. പിന്നീട് 5 വർഷം നിർജ്ജീവമായും ഇപ്പോൾ നല്ലനിലയിലും പ്രവർത്തിക്കുന്നു. പന്തലൂർ മലയുടെ ഉയരത്തിന് ചെറുപുഷ്പ യുവപ്രതിഭ ലൈബ്രറി & റീഡിംഗ് റൂം ഇന്നു നല്ലനില പ്രവർത്തിച്ചുവരുന്ന ഒരു വായനശാലയാണ്.

പട്ടിക 2

| Sl No | പേര് | സ്ഥാപിത വർഷം | ഗ്രാൻറ് തുക | ഗ്രേഡ് | അംഗങ്ങളുടെ എണ്ണം | ബുക്കുകളുടെ എണ്ണം | കെട്ടിട വിവരം | പ്രതിമാസപുസ്തക വിതരണം |
|---|---|---|---|---|---|---|---|---|
| 1 | പൊതുജനവായനശാല & ലൈബ്രറി പെരിമ്പലം | 1955 | 900 | D | 212 | 3500 | സ്വന്തം | 893 |
| 2 | ഗ്രാമസംഘം വായനശാല& ഗ്രന്ഥാലയം പാപ്പിനിപ്പാറ | 1964 | അഞ്ച്വർഷമായി കിട്ടുന്നില്ല. | — | 45 | 125 | വാടക | 221 |
| 3 | പൊതുജനവായനശാല പന്തലൂർ | 1973 | 1000 | E | 82 | 251 | സ്വന്തം | 302 |
| 4 | ചെറുപുഷ്പയുവപ്രതിഭ ലൈബ്രറി& റീഡിംഗ് റൂം നെന്മിനി | — | ഇല്ല | ഇല്ല | 48 | 150 | സ്വന്തം | 394 |

ഇതു പോലെ സാംസ്കാരിക നവോത്ഥാനത്തിനു വേദിയൊരുക്കിയ പ്രസ്ഥാനങ്ങളാണ് കലാസമിതികളും കായിക സമിതികളും വനിതാ സംഘങ്ങളും. നിരവധി കലാകായിക സംഘടനകൾ കൂണുകൾപോലെ മുളച്ചു പൊങ്ങുകയും ഒരു വർഷം പോലും നിലനിൽക്കാതെ കുമിളകൾ പോലെ തകർന്നു തരിപ്പണമാവുകയും ചെയ്യുന്ന അവസ്ഥയാണ് ഈ പഞ്ചായത്തിൽ അങ്ങോളമിങ്ങോളമുള്ളത്. എന്നാൽ നിയാസ് പന്തലൂർഹിൽസ്, റെയിൻബോ പന്തലൂർ, ചേപ്പൂർ യുവകലാസമിതി, നവതാര ആനക്കയം, ഫ്രൻറ്സ്പാപ്പിനിപ്പാറ, ധ്വനി പാണായി, ഇരുമ്പുഴി ആർട്ട്സ് &Sports, ക്രസൻറ് ആനക്കയം, യുവതാര പെരിമ്പലം, സാഗരപെരിമ്പലം, ബ്രദേഴ്സ് കമ്മാട്ടുപറമ്പ്. എന്നീ കലാകായിക ക്ലബുകൾ എളിയ നിലയിലെങ്കിലും ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ 38 മഹിളാസമാജങ്ങളുണ്ട് അതിൽ നന്നായി പ്രവർത്തിക്കുന്നത് മുൻ പഞ്ചായത്ത് മെമ്പർ മേരിഗിവർഗ്ഗീസ് പ്രസിഡൻറായിട്ടുള്ള പന്തലൂർ മഹിളാസമാജമാണ് മഹിളകളുടെ സാംസ്കാരികരംഗത്ത് വളരെയധികം ഉന്നതിയുണ്ടാകാൻ കഴിയുന്ന മറെറാരു സംഘടനയാണ് CBNP. CBNP യുടെ ആഭിമുഖ്യത്തിൽ 57 അയൽ കൂട്ടസമിതികളും വാർഡുതല ഏരിയാ ഡവലപ്മെൻറ് സൊസൈററികളും പഞ്ചായത്തുതല കമ്മ്യൂണിററി ഡവലപ്മെൻറ് സൊസൈററിയും ഇന്നും നമ്മുടെ ഗ്രാമത്തിൽ നിലവിലുണ്ട്.

പഞ്ചായത്തിൻെറ സാംസ്കാരികരംഗത്തു വളരെയധികം സ്വാധീനം ചെലുത്താൻ കഴിയുന്ന സ്ഥാപനങ്ങളാണ് ജനവിദ്യാകേന്ദ്രങ്ങൾ എങ്കിലും തുടർസാക്ഷരതാ രംഗത്തു് ഇനിയും വളരെയധികം നാം ശ്രമിച്ചേ പററൂ. ഇവക്കൊന്നിനുപോലും സ്വന്തമായി കെട്ടിടങ്ങളില്ല.

പട്ടിക 3

| Sl No | പേര് | കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥാപനം | പുസ്തകങ്ങളുടെ എണ്ണം | ടി വി | സെൽഫ് | തുടർരംഗത്തെ ഏടുത്തുപറയാവുന്നപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | ജനവിദ്യാകേന്ദ്രം ചേപ്പൂര് | A. M. L. P. S ചേപ്പൂർ | 321 | ഇല്ല | ഉണ്ട് | K.G നാസർഭവനനിർമ്മാണം ബോധവൽക്കരണ ക്ലാസ് |
| 2 | പെരിമ്പലം ജനവിദ്യാകേന്ദ്രം | C. A. U. P. S പെരിമ്പലം | 244 | ഇല്ല | ഉണ്ട് | ബോധവൽക്കരണ ക്ലാസുകൾ |
| 3 | ജനവിദ്യാകേന്ദ്രം ഇരുമ്പുഴി | G. M. U. P. S ഇരുമ്പുഴി | 306 | ഇല്ല | ഉണ്ട് | ബോധവൽക്കരണ ക്ലാസുകൾ |
| 4 | പന്തലൂർ ജനവിദ്യാകേന്ദ്രം | പൊതുജനവായനശാല പന്തലൂർ | 288 | ഇല്ല | ഉണ്ട് | റോഡ്നിർമ്മാണം രക്തഗ്രൂപ്പ്നിർണ്ണയം |

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നേതൃത്വം വഹിച്ച K. V. മുഹമ്മദ്ഇസ്ഹാഖ് പ്രസ്ഥാനത്തിനും വേണ്ടി അനേകം ലേഖനങ്ങൾ രചിച്ച മഹത് വ്യക്തിയായിരുന്നു സാഹിത്യരംഗത്തും ഉയർന്നു വരുന്ന പല യുവസാഹിത്യകാരന്മാരും എഴുത്തുകാരും ആനക്കയത്തിനകത്തുണ്ട്. ഉയർന്നുവരുന്ന തിരിനാളങ്ങളെ കെടാവിളക്കുകളാക്കി മാററാൻ നാം ആസൂത്രിതമായി പല കർമ്മപദ്ധതികളും തയ്യാറാക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രാമത്തിൽ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലീംങ്ങളാണ്. ഹിന്ദുമതത്തിൽപെട്ടവരും നല്ലൊരു ശതമാനം വരും. പന്തലൂർമലയിൽ 225 ഓളം കൃസ്ത്യൻ കുടുംബങ്ങളും താമസിക്കുന്നുണ്ട്. മതസാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന പല സംഘടനകളും ഈ പഞ്ചായത്തിലുണ്ട്. അനേകം ഗ്രന്ഥാലയങ്ങളും വായനശാലകളും പ്രവർത്തിച്ചു വരുന്നുണ്ട് സാംസ്കാരികോന്നമനത്തിന് പ്രോത്സാഹനാർഹമായ പല പരിപാടികളും ഇവർ ആസൂത്രണം ചെയ്യാറുണ്ട് എന്നത് സ്തുത്യർഹമായ ഒരു കാര്യമാണ്.

പട്ടിക 4

| വാർഡ് നമ്പർ | മുസ്ലീം പള്ളി | മുസ്ലീംനമസ്കാരപള്ളി | മദ്രസ | അമ്പലം | മണ്ഡപങ്ങൾ | ക്രിസ്ത്യൻ പള്ളി | സൺഡേ സ്കൂൾ | മതസാംസ്കാരിക സംഘടനകൾ | നേർച്ചകൾ ഉത്സവങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 3 | 2 | 2 | 1 | 2 | — | — | — | മഠത്തിൽ ഉത്സവം |
| 2 | 2 | 2 | 1 | 5 | 8 | — | — | — | മുട്ടെപറത്ത് മുത്തന്റെആറാട്ട് മഹോത്സവം |
| 3 | 2 | 4 | 2 | 3 | 3 | — | ... | ഖിദ്മത്തുൽ ഇസ്ലാംസംഘം ISC | കാക്കരെക്കാളിഉത്സവംചാത്തപ്പാറുക്കൊടി താലപ്പൊലി |
| 4 | 1 | 3 | 2 | 1 | 1 | — | — | മുസ്ലിംപരിപാലകമ്മററി | കരിഞ്ചീരി മുത്തപ്പൻകാവ് വേല |
| 5 | — | 4 | 3 | 1 | — | — | — | C H കൾച്ചറൽ സെൻറർ | കൊട്ടമ്പള്ളിക്കൽനേർച്ച ഇന്ന് നടത്താറില്ല. |
| 6 | 1 | 5 | 2 | — | 2 | — | — | യുണൈററഡ് കൾച്ചറൽ സെൻറർ | വെങ്ങാലൂർതാലപ്പൊലി |
| 7 | 1 | 5 | 4 | — | 2 | — | — | മർക്കസ് കോപ്ലക്സ് മുസ്ലിം യുവജനസംഘം | വാൽപറമ്പൻ താലപ്പൊലി മാങ്ങോട്ടൂർ മുത്തൻവേല |
| 8 | 2 | 4 | 3 | — | 6 | — | — | YMA ആനക്കയം | നെട്ടമ്പള്ളിക്കണ്ട്താലപ്പൊലി, ആനക്കയംവേല, കൊശവന്മാരുടെ ഉത്സവം |
| 9 | 2 | 1 | 3 | — | 2 | — | — | മുസ്ലിം കൾച്ചറൽ സൊസൈററി | |
| 10 | 1 | 3 | 2 | 1 | 1 | — | — | — | അമ്പലക്കുളമ്പാട്ട്ഉത്സവം അമ്പലവള്ളക്കുരി താലപ്പൊലി |
| 11 | 2 | 3 | 2 | — | 3 | — | — | — | കററിക്കാട്തൊടി താലപ്പൊലി, കണ്ണച്ചതൊടിതാലപ്പൊലി, മുടിക്കോട് അയ്യപ്പൻവേല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | 1 | 3 | 3 | — | 1 | 2 | 2 | തെക്കമ്പാട്ട് മുത്തൻവേല 2 പള്ളിപെരുന്നാൾ |
| 13 | 2 | 4 | 1 | 1 | — | -- | -- | ആനക്കോട്ട്തങ്ങളുടെ നേർച്ച അന്നദാനം |
| ആകെ | 20 | 43 | 30 | 13 | 32 | 2 | 2 | |

പഞ്ചായത്തിന്റെ ആവിർഭാവകാലംതൊട്ടേ ഈ ഗ്രാമത്തിലെ പ്രബലരാഷ്ട്രീയശക്തി ഇന്ത്യൻ യൂനിയൻ മുസ്ലീംലീഗാണ്. ഇന്ത്യൻ നാഷനണൽ കോൺഗ്രസ്, സി. പി. ഐ. (എം), സി.പി.ഐ തുടങ്ങിയ പാർട്ടികളും പ്രസ്തുതപാർട്ടികളുടെയെല്ലാം പോഷകസംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

കായികരംഗത്ത് വലിയ സ്ഥാനമൊന്നും നേടിയെടുക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഏഷ്യൻ വെററൻ മീററിൽ രണ്ടുപ്രാവശ്യം പങ്കെടുത്ത് സ്വർണ്ണമെഡൽനേടിയ കാണിക്കൽ കുഞ്ഞിമുഹമ്മദ്ഹാജിയുടെ പേരുമാത്രമേ എടുത്തുപറയക്കത്തതായിട്ടുള്ളു. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിനു കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾതലത്തിൽ നടപ്പാക്കുന്നില്ല എന്നതും സർക്കാർതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ വേണ്ടരീതിയിൽ പഞ്ചായത്തുകൾ നടപ്പാക്കാൻ കഴിയാതെ പോവുന്നു എന്നതുമാണ്. പതിനഞ്ചോളം വർഷമായി മഞ്ചേരി സബ്ജില്ല കായികമേളയിൽ തുടരെ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ഒരു യു പി സ്കൂളാണ് നമ്മുടെ പഞ്ചായത്തിന്റെ തന്നെ അധീനതയിലുള്ള **P A U P S** പന്തലൂർ. എന്നാൽ **U P** തലം കഴിയുന്ന ഇവർ കായികരംഗത്തുനിന്നും വഴിമാറിപ്പോവുന്നതിനു യഥാർത്ഥകാരണം പ്രോത്സാഹനമില്ലായ്മ മാത്രമാണ്.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക നിലയെ ഉയർത്തുന്നതിനായി പലമാർഗ്ഗങ്ങളും നാം സ്വീകരിച്ചേ മതിയാവൂ. പഞ്ചായത്തുതലത്തിൽ ഒരു വിദ്യാഭ്യാസകമ്മററിയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലസ്റ്റർകമ്മററിയുടെയുംകീഴിൽഎല്ലാ വിദ്യാലയങ്ങളിലുംനടത്തേണ്ടരൂപത്തിൽ കലാമേള, സാഹിത്യ സമാജങ്ങൾ, കയ്യെഴുത്തുമാസികകൾ പ്രപന്ധരചനാമത്സരങ്ങൾ എന്നിവയെല്ലാം സംഘടിപ്പിക്കാൻ ഒരു ഏകീകൃത രൂപം ഉണ്ടാക്കിയെടുക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യണം.

യുവാക്കളുടെ കലാകായികരംഗം പ്രോത്സാഹിപ്പിക്കാൻ ഇന്നുനടക്കുന്ന കേരളോത്സവങ്ങൾപര്യാപ്തമല്ലവാർഡുതലത്തിൽകൂടി ഓരോമേളനടത്താൻ പഞ്ചായത്ത് മുൻകയ്യെടുക്കുകയും അതിൽ അന്യംനിന്നുപോവുന്നതും അല്ലാത്തതുമായ എല്ലാ കലാരൂപങ്ങൾക്കും മത്സരങ്ങൾ സംഘടിപ്പിക്കാൻ സാമ്പത്തികമായി സഹായങ്ങളും പ്രോത്സാഹനവും നൽകുകയും വേണം.

നമ്മുടെ നെൽപാടങ്ങളിൽ നിന്നും പണ്ടുകാലത്തു ഉയർന്നു കേട്ടിരുന്ന നടീൽപ്പാട്ടും, മാപ്പിളമാരുടെ ഇടയിൽ വളരെ പ്രചാരത്തിലിരുന്ന ഒപ്പന, കോൽക്കളി, ദഫ്മുട്ട് എന്നിവയും കരകനൃത്തം, കമ്പാട്ടം, തുമ്പിതുള്ളൽ. ചവിട്ട്കളിഎന്നിങ്ങനെയുള്ള കലാരൂപങ്ങളും, പട്ടാളി,

കളിരപ്പയററ്, കാളപൂട്ട് തുടങ്ങിയ കായികവിനോദങ്ങളും സമൂഹത്തിൽനിന്നും മാഞ്ഞുകൊണ്ടിരിക്കുകയാണ്. അവയെ തിരിച്ചുകൊണ്ടുവരാൻ നാം പല മാർഗ്ഗങ്ങളും ആലോചിക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥശാലാരംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയിലാണ് നാമെന്നു കണക്കുകൾ തെളിയിക്കുന്നു. പട്ടിക (2) ഈ രംഗം പ്രോത്സാഹിപ്പിക്കാനും കലാകായികവനിതാ ക്ലബ്ബുകളെ (സംഘങ്ങളെ) ഏകോപിപ്പിക്കുന്നതിനായും നമ്മുടെ പഞ്ചായത്തുതലത്തിൽ ഒരു ഏകീകരണ സമിതി രൂപീകരിക്കുകയും എല്ലാ വാർഡുകളിലേയും ബന്ധപ്പെട്ട ക്ലബ്ബുകൾ ഇതിന്റെ കീഴിൽ അഫിലിയേററ് ചെയ്യിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്ത് സമിതിക്ക് സ്വാധീനം ചെലുത്താനാവുന്ന ഈ കേന്ദ്രീകൃതസമിതി സാംസ്കാരികരംഗം പൊതുവായി വിലയിരുത്തി വേണ്ട പ്രവർത്തനങ്ങൾ (ലഘുരേഖകളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും, ഗ്രാൻറും, സമ്മാനങ്ങളും etc) നടത്താനുള്ള ഒരു സംവിധാനം ഉണ്ടാക്കിയെടുക്കാവുന്നതാണ്.

സാഹിത്യ രംഗം പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ തലം തൊട്ടുതന്നെ തുടങ്ങി. കഥ, കവിത, നോവൽ, നാടകം, പ്രബന്ധം, രചനാമത്സരങ്ങളെല്ലാം സംഘടിപ്പിക്കേണ്ടിരിക്കുന്നു. യുവ കായികരംഗം പ്രോത്സാഹിപ്പിക്കുവാനായി കോച്ചിംഗ്സെൻററുകൾ ഉണ്ടാക്കുകയും Sparts ഉപകരണങ്ങൾ വിതരണം ചെയ്യുകയും അത്യാവശ്യമായി വന്നിരിക്കുന്നു.

പഞ്ചായത്തിനകത്തുള്ള എല്ലാമതസാംസ്കാരികസംഘടനകളെയും രംഗത്തിറക്കി ചെറുപ്പക്കാർ അനാവശ്യ പ്രവർത്തനങ്ങളിലേക്കും ലഹരിമയക്കു മരുന്നുകളിലേക്കുമുള്ള പ്രയാണം തടയാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

വനിതകളാണ് കലാ കായികരംഗങ്ങളിൽ വളരെ വളരെ പിന്നിൽ നിൽക്കുന്നത് അവരെ പ്രോത്സാഹിപ്പിക്കാനും സമൂഹ്യാംഗീകാരം നേടിക്കൊടുക്കാനും നാം വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയവും 100 മീററർ ട്രാക്കെങ്കിലും ഇടാൻ കഴിയുന്ന ഒരു ഗ്രൗണ്ടും വളരെ അത്യാവശ്യമാണ്.

നമ്മുടെ വായനാശീലം ഇന്നും വളരെ തരംതാണ പൈങ്കിളികളിലേക്ക് മാറിയിരിക്കുന്നു എന്നാണ് തെളിയുന്നത്. ഈ പ്രവണത മാററിയെടുക്കുന്നതിനും സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും, ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ലൈംഗീക സിനിമകളുടെയും അതിപ്രസരം തടയുന്നതിനും നാം വളരെയധികം ശ്രദ്ധ ചെലുത്തിയേ തീരൂ.

**പ്രശ്നങ്ങൾ:**

* 2, 3, 4, 5, 6, 8, 9, 10, 12, 13 എന്നീ വാർഡുകളിൽ ഗ്രന്ഥാലയങ്ങളൊ വായനശാലകളൊഇല്ല.
* കലാകായിക വനിതാ സാംസ്കാരിക സംഘടനകളെ ഏകീകരിപ്പിക്കാൻ ഒരു കേന്ദ്ര സംഘടന ഇല്ല.
* കലാകായിക രംഗങ്ങളിൽ അന്യം നിന്നുപോയവ പലതും ഉണ്ട്. (വിശകലനം ശ്രദ്ധിച്ചുവല്ലോ.)
* സ്കൂൾതലം തൊട്ടുതന്നെ സാംസ്കാരികരംഗത്ത് പ്രോത്സാഹനാർഹമായ ഒരു പ്രവർത്തനവും നമ്മുടെ ഗ്രാമത്തിലില്ല.
* വിലകുറഞ്ഞ പൈങ്കിളി സാഹിത്യത്തിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് നമ്മുടെ സാംസ്കാരിക പൈതൃകത്തെ വഴിതെററിക്കുന്നു.
* ലൈംഗീക സിനിമകളുടെ അതിപ്രസരം, 15.25 വയസ്സിനിടക്കുള്ള ചെറുപ്പകാർ അനാശാസ്യ പ്രവ

ത്തനങ്ങളിലേർപ്പെടാൻ പ്രേരണ നൽകുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗമാണ് ഇതിന് ഏററവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകം.

* ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം പാശ്ചാത്യസംസ്കാര അനുകരണത്തിനുള്ള വേദിയൊരുക്കുന്നു.
* വിവാഹാവേദി ചടങ്ങുകളിലെ വർദ്ധിച്ചുവരുന്ന ആർഭാടം സമൂഹത്തിന്റെ സാമ്പത്തികനിലയേയും സാംസ്കരിക മൂല്യങ്ങളേയും സാരമായി ബാധിക്കുന്നു.
* കായികരംഗത്തും വിനോദരംഗത്തും നമ്മുടെ പഞ്ചായത്ത് ഇന്നു വളരെ പിന്നിലാണ്. കായിക വിനോദ സൗകര്യങ്ങളും വളരെ അപര്യാപ്തമാണ്.
* പഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമോ തുടർസാക്ഷരതാരംഗത്ത് പ്രവർത്തിക്കാനുള്ള മററുസൗകര്യങ്ങളോ ഇല്ല.
* സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിൽ സമൂഹം അധ:പതിച്ചു കൊണ്ടിരിക്കുന്നു. ഇത് സ്ത്രീകൾ പൊതുരംഗത്തിറങ്ങുന്നതിന് വിലങ്ങുതടിയായി നിലകൊള്ളുന്നു.
* പഠനഭാരവും, സമൂഹത്തിന്റെ താൽപര്യക്കുറവുനിമിത്തം കുട്ടികളിൽനിന്നും പത്രപാരായണംപോലും അകന്നുനിൽക്കുന്നു.
* പഞ്ചായത്തിനകത്തെ കലാകായിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ നിർണ്ണയിക്കുവാനോ, നിയന്ത്രിക്കുവാനോ, ക്രമീകരിക്കുവാനോ ലക്ഷ്യബോധത്തോടെ ചിട്ടപ്പെടുത്തുവാനോ ഉള്ള ഒരു പ്രവർത്തനവും ഇന്നുവരെ നടന്നിട്ടില്ല.
* നേർച്ചകളും ഉത്സവങ്ങളും പെരുനാളുകളും ഇന്ന് കാണ്ടുവരുന്നു. നിലവിലുള്ളവതന്നെ സാംസ്കാരികസംഘങ്ങളുടെ വേദിയായി മാറുന്നില്ല.
* വനിതകളുടെ വായനശീലം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഗ്രന്ഥാലയങ്ങളോ ജനവിദ്യാകേന്ദ്രങ്ങളോ മററു ബന്ധപ്പെട്ടവരോ ശ്രദ്ധിക്കാറില്ല.
* വനിതകൾക്കുമാത്രമായുള്ള കലാകായികസംഘടനകളോ എന്നുവേണ്ട ഉള്ള കലാകായികസംഘടനകളിൽ വനിതകളുടെ പ്രാധിനിധ്യമോ ഇല്ല.
* പഞ്ചായത്തിൽ ഒരു വിവരഗ്രഹണകേന്ദ്രം Information center) ഇല്ലാത്തതിലുള്ള അസൗകര്യങ്ങൾ.
* സ്ത്രീധനമെന്ന മഹാമാരി നമ്മുടെ പഞ്ചായത്തിലും പടർന്നു പിടിച്ചിരിക്കുകയാണ്

**പരിഹാര നിർദ്ദേശങ്ങൾ**

* 2,3,4,5,6,8,9,12,13, എന്നീ വാർഡുകളിലെല്ലാം അവിടത്തെ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും ഒന്നാംവാർഡിലെ ഗ്രാമസംഘവായനശാല & ഗ്രന്ഥാലയം പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

* നമ്മുടെ പഞ്ചായത്തിനകത്തെഎല്ലാ കലാ-കായിക, വനിത, സാംസ്കാരിക സംഘടനകളുടെയും ഗ്രന്ഥാലയം ജനവിദ്യാകേന്ദ്രം,വായനശാലഎന്നിവയുടെയും പ്രവർത്തനങ്ങളെ ഏകീകരിപ്പിക്കാനായി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രസമിതി രൂപീകരിക്കുകയും ഇതിനു കീഴിൽ അഫിലിയേററു ചെയ്യുന്ന സംഘടനകളെയേല്ലാം നിയന്ത്രിച്ച് ലക്ഷ്യബോധത്തോടെ നയിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടിരിക്കുന്നു. ഈ സമിതിയുടെയും പഞ്ചായത്തിനകത്തുള്ള മററു സാംസ്കാരിക പ്രവർത്തനങ്ങളുടെയും ഒരു കേന്ദ്രമായി പഞ്ചായത്ത് സാംസ്കാരികനിലയംസ്ഥാപിക്കുകയും ചെയ്യുക. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും ഒരു വാർഷിക കലണ്ടറിനു രൂപം നൽകുകയും ചെയ്യുക.

* ളയിലേത്തന്നെ സാംസ്കരികോന്നമനം ലക്ഷ്യംവെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളിലൂടെ വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്തുകയും കുട്ടികൾക്ക് അവധികാലത്ത് കലാസാഹിത്യ രംഗങ്ങളിൽ പരിശീലനകളരികളും, കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ സംഗമങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.

* പഞ്ചായത്തിലെ എല്ലാ ജനവിദ്യാ കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ നല്ലനിലയിൽ സംഘടിപ്പിക്കുക.
* വിവാഹചടങ്ങുകൾ ലഘൂകരിക്കുന്നതിനായി കൂട്ടവിവാഹങ്ങൾ ലളിതമായ രീതിയിൽ സംഘടിപ്പിക്കുക.

* കായികരംഗം പ്രോത്സാഹിപ്പിക്കുവാനായി 200 മീറ്റർ ട്രാക്കെങ്കിലും ഇടാൻ കഴിയുന്ന ഒരു പൊതു ഗ്രൗണ്ട് സ്ഥാപിക്കുകയും, കായികോപകരണങ്ങൾ വിതരണം ചെയ്യുകയും, സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം കോച്ചിംഗ് ക്ലാസ്സും സംഘടിപ്പിക്കുകയും വേണം.

* പ്രാദേശിക പൊതു ആഘോഷങ്ങളും ഉൽസവങ്ങളും പ്രോത്സാഹിപ്പിക്കുകയും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാനും, അന്യം നിന്നു പോയ കലാകായിക വിനോദങ്ങൾ പുനരുജ്ജീവിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

* പഞ്ചായത്ത് ആസ്ഥാനത്ത് ആധുനികസൗകര്യങ്ങളോടെ ഒരു വിവരഗ്രഹണകേന്ദ്രം (Information Center) ആരംഭിക്കുക.
* സ്ത്രീധനസമ്പ്രദായം നിരുത്സാഹപ്പെടുത്തുന്നതിനും, ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനും സ്ത്രീകളോടുള്ള സാമൂഹിക സമീപനം മാറുന്നതിനുമുള്ള ബോധവൽക്കരണം നടത്തുക.

ജീവിതത്തിന്റെ നാനാതുറകളിലും ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാംസ്കാരികരംഗത്തെ ഉയിർത്തെഴുന്നേൽപ്പുകൊണ്ട് നമുക്ക് സാധിക്കും. അമൂല്യമെന്ന് നാം അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുനിമിഷം ക്ഷതം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അപചയങ്ങൾക്കെതിരെ ജാഗരൂകരായി പ്രതിരോധനിര പടുത്തുയർത്തി, പ്രതിലോമ ശക്തികളെ ചെറുത്തുതോൽപ്പിച്ച്, അഞ്ചുവർഷം കൊണ്ട് നമ്മുടെ ലക്ഷ്യം കരസ്ഥമാക്കുക എന്നതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (9) വനിത

വിദ്യാഭ്യാസ_സാംസ്കാരിക_രാഷ്ട്രീയ_ഉദ്യോഗരംഗങ്ങളിലെല്ലാം സ്ത്രീകൾ വളരെ മുന്നേറിയിട്ടുണ്ടെങ്കിലും ആനക്കയം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്തരം ന്നുറകളിൽ വ്യക്തിമുദ്രപതിപ്പിച്ച വനിതകൾ തീരെ കുറവാണ്.

സ്വാതന്ത്ര്യ ലബ്ധിക്ക മുമ്പ് സ്ത്രീ വിദ്യാഭ്യാസം ഇവിടുത്തുകാർക്ക് ചിന്തിക്കാൻപോലും കഴിഞ്ഞിരുന്നില്ല. സ്ത്രീ വിദ്യഭ്യാസത്തിൻെറ ആവശ്യകതയെക്കറിച്ച ബോധമൊ അതിനുള്ള സൗകര്യമൊ അന്നുണ്ടായിരുന്നില്ലതാനും. എന്നാൽ ഇന്ന് ആൺ, പെൺ വ്യത്യാസമില്ലാതെ എല്ലാവരും വിദ്യാലയങ്ങളിൽ പോകുന്നു. പത്താംതരം പാസത്തോടെ ഭൂരിഭാഗം വിദ്യാർത്ഥിനികളും പഠനം നിർത്തുന്നു എന്നതും യാഥാർത്ഥ്യമാണ്.

പന്തമ്പത് വർഷങ്ങൾക്ക്മുമ്പ് ചില സമുദായങ്ങളിൽ കെട്ടുകല്ല്യാണം, തിരണ്ടുകല്ല്യാണം കാതു കുത്ത് കല്ല്യാണം എന്നിവയും, ഒന്നിൽകൂടുതൽ സഹോദരങ്ങൾ ഒരേസ്ത്രീയെ ഭാര്യയായി വാഴിക്കുന്ന രാകവും നിലവിൽ ഉണ്ടായിരുന്നു. ഇന്നതൊക്കെ മാറി. പാരമ്പര്യങ്ങളും അജ്ഞതയുമൊക്കെ ആയിരുന്നു അതിനൊക്കെ കാരണം.

1991ലെ സെൻസസുപ്രകാരം ഈ പഞ്ചായത്തിൽ 20799 പുരുഷന്മാരും 20215 സ്ത്രീകളുമാണ് ഉള്ളത്. അരശതമാനം പുരുഷന്മാർ കൂടുതൽ. നമ്മുടെ ജില്ലയിലും സ്റ്റേററിലുമൊക്കെ സ്ത്രീകളാണ് കൂടുതൽ. ഇതിൻെറ കാരണം പഠിക്കേണ്ടിയിരിക്കുന്നു. പെൺകുഞ്ഞുങ്ങൾ കുടുംബത്തിന് ഭാരവും ബാധ്യതയുമാണെന്ന ഒരു തെററിദ്ധാരണ സമൂഹത്തിൽ പൊതുവെ പടർന്നു പിടിച്ചിട്ടുണ്ടല്ലോ. വിവാഹകമ്പോളത്തിലെ അനാചാരങ്ങളും, താങ്ങാൻകഴിയാത്ത ബാധ്യതകളുമാണ് ഇങ്ങിനെ ഒരു ചിന്തവളരാൻ കാരണം. അതിനു മാററം വരേണ്ടിയിരിക്കുന്നു. സ്ത്രീധനമല്ല സ്ത്രീയാണ് യഥാർത്ഥത്തിൽ ധനം. അതിന് സ്ത്രീകൾ വിദ്യാസമ്പന്നരായി മാറണം. പഠിപ്പുള്ളവരിലും ദുരാചാരങ്ങൾ നിലനിൽക്കുന്നു എന്നതു വിരോധാഭാസമാണ്.

വിദ്യാഭ്യാസത്തിൻെറ അപര്യാപ്തതയും ജോലിസാധ്യതകളുടെ കുറവും പാരമ്പര്യ വിശ്വാസങ്ങളും സ്ത്രീകളെ അടുക്കളയിൽ തളച്ചിടുന്നു. ഇപ്പോൾ ധാരാളം വനിതകൾ അധ്യാപന രംഗത്തും ഓഫീസു ജോലികളിലും ഏർപ്പെട്ടുവരുന്നത് പെൺകുട്ടികളെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കാൻ കാരണമായിട്ടുണ്ട്

തൊഴിൽരംഗത്ത് സ്ത്രീകളുടെ അംഗസംഖ്യ പൊതുവെ കുറയാൻ കാരണം അവർക്കുപററിയ തൊഴിൽമേഖലകളുടെ അഭാവംതന്നെ. സ്ത്രീകൾക്കുപററിയ തൊഴിലുകളിൽ ഏർപ്പെട്ടു വരുമാനം വർദ്ധിപ്പിച്ചാലേ സന്തുഷ്ടകുടുംബം എന്നആശയം സഫലമാകൂ.

രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലൊന്നും പ്രശസ്തരായ വനിതകളെ നമുക്ക് സംഭാവന ചെയ്യാൻ സാധിച്ചിട്ടില്ല. ഡ്രസ് മേക്കിംഗ്, തുന്നൽ, കോഴിവളർത്തൽ, പട്ടുനൂൽപുഴ വളർത്തൽ, പച്ചക്കറി കൃഷി എന്നീ രംഗങ്ങളിൽ ഏർപ്പെട്ടു സ്ത്രീകൾക്കു വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. അതിനുപററിയ സൗകര്യങ്ങളും സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തിൽ എമ്പാടും ഉണ്ട്.

ഒന്നരണ്ട വനിതാ ഡോക്ടർമാരെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന സാധിച്ചിട്ടുണ്ടെങ്കിലും ഒരു വനിത എഞ്ചിനീയറെയൊ, വനിതപ്രൊഫസറെയോ, ഒരു വനിത ഐ എ എസ് ഓഫീസറെയൊ നമുക്ക് സൃഷ്ടിക്കാൻ ഇതുവരെ അവസരം ലഭിച്ചിട്ടില്ല. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1 രൂക്ഷമായ തോഴിലില്ലായ്മയും തൊഴിൽരംഗത്തു കൂലിയിലുള്ള അന്തരവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2 സ്ത്രീകൾക്ക യോജിച്ച തൊഴിലുകളും കറവാണ്.

3 ഒരു പുരുഷ കർഷകതൊഴിലാളിക്കു 100-125രൂപ കൂലികിട്ടുമ്പോൾ ഒരു സ്ത്രീതൊഴിലാളിക്ക 65-75 ക യെ ലഭിക്കുന്നുള്ളു. ഒരു നിർമ്മാണതൊഴിലാളിക്ക 125,150 രൂപ കൂലി കിട്ടുമ്പോൾഒരു സ്ത്രീ തൊഴിലാളിക്ക 75- 00ക. യെ ലഭിക്കുന്നുള്ളു.

4 സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന ഒററ തൊഴിൽശാലപോലും ഈ പഞ്ചായത്തിൽ ഇല്ല. അടക്കാകൃഷി നശിച്ചുകൊണ്ടിരിക്കുന്നതിനാൽ അടക്കപൊളിപോലും ഇല്ലാതായിരിക്കയാണ്.

ഏറെറടുത്ത ജോലികൾ കൃത്യമായും സത്യമായും സ്ത്രീകൾ നിറവേററുമെങ്കിലും അവ ഏറെറടുക്കാൻ അവർ മുന്നോട്ടുവരുന്നില്ല എന്നതും പ്രശ്നം തന്നെ. ത്രിതല പഞ്ചായത്തു സംവിധാനത്തിൽ 3ൽ1 വനിതകൾക്ക നീക്കിവെച്ചിരിക്കയാണ്. അസംബ്ലിയിലും പാർലിമെൻറിലും അതു നടപ്പിലാക്കാൻ പോകുകയാണ് . ബുദ്ധിശക്തിയിലും കഴിവിലും സ്ത്രീകൾ ഒട്ടും പിന്നിലല്ലോ.

**സാധ്യതകൾ:**

സ്ത്രീ ശക്തി മനസ്സിലാക്കണമെങ്കിൽ അവർ വിദ്യാഭ്യാസ-രാഷ്ട്രീയ രംഗത്തു ഉയർന്നു വരണം സദാചാര ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപിടിക്കണം നഗ്നതാ പ്രദർശനം, അശ്ലീലങ്ങൾ എന്നിവക്കെതിരെ സംഘടിതമായി പ്രതികരിക്കണം. വനിതാസമാജങ്ങളും വനിതാസംഘടനകളും ഒരോ വാർഡിലും രണ്ടും മൂന്നും വീതം സംഘടിപ്പിക്കപ്പെടണം. അവ മൂലം ശക്തവും നിരന്തരവുമായ ബോധവൽക്കരണം നടക്കണം. അതിനു വനിതാ മെമ്പർമാർ നേതൃത്വം നൽകണം അതിനു കെൽപുള്ള വനിതകൾ തെരഞ്ഞെടുക്കപ്പെടണം. അംഗൻവാടിവർക്കർമാർക്കും, സ്കൂൾ അദ്ധ്യാപികമാർക്കും ഈ രംഗത്ത് പല സംഭാവനകളും നൽകാൻ കഴിയും. സ്കൂൾ തലത്തിലുള്ള മാതൃസംഗമങ്ങൾ നല്ലൊരു വനിതാകൂട്ടായ്മയാണ്. അതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം. പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്കു ഇതിൽ വലിയ പങ്കുവഹിക്കാൻ കഴിയും.

സ്ത്രീകളോടുള്ള പുരുഷന്മാരുടെ സമീപനത്തിലും മനോഭാവത്തിലുമാണ് സാരമായ മാററം വരേണ്ടത്. അവരെ തൻെറ സഹോദരിയായി കാണാൻ അധികപേരും ഇനിയും പഠിച്ചിട്ടില്ല. ഈ അവസ്ഥ സ്ത്രീകൾക്ക അരക്ഷിതത്വം ഉണ്ടാക്കുന്നു.

സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാററാൻ അവർതന്നെ മനസ്സുവെക്കേണ്ടിയിരിക്കുന്നു. ആഭരണങ്ങളിലും ചമയങ്ങളിലുമുള്ള അമിതഭ്രമം, കല്ല്യാണം, ആഘോഷം, സൽക്കാരം എന്നിവയിലുള്ള ധൂർത്ത് അനാവശ്യമായ മാമൂലുകൾ, സ്ത്രീപീഢനം എന്നിവക്കൊക്കെ സ്ത്രീകൾ തന്നെ മുന്നിട്ടു നിൽക്കുന്നു. ഈ അവസ്ഥ മാറിയേ തീരു.

**പരിഹാരമാർഗ്ഗങ്ങൾ:**

1 ഓരോ വാർഡിലും രണ്ടോ മൂന്നോ മഹിളാസംഘങ്ങൾ രൂപീകരിക്കണം. ശക്തമായ ബോധവൽക്കരണവും കൂട്ടായ്മയും ഉണ്ടാകണം.

2 തൊഴിൽ രഹിതരായ വനിതകളെ സംഘടിപ്പിച്ച് ഓരോ വാർഡിലും ഒന്നുവീതം തൊഴിൽ സംരംഭങ്ങളെങ്കിലും ഉണ്ടാകണം.

3 തൊഴിൽ അവസരങ്ങളെക്കുറിച്ചും, തൊഴിൽ സംരംഭങ്ങളെക്കുറിച്ചും വനിതകളെ ബോധവതികളാക്കണം.

4 ആവശ്യമായ സാമ്പത്തിക, സങ്കേതിക സൗകര്യം നൽകണം

5 അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഓരോ അംഗൻവാടിയും ഓരോ വനിതാകേന്ദ്രമായി മാറണം.

6 പഞ്ചായത്തിൽ രണ്ടു ഗേൾസ് ഹൈസ്കൂളും ഒരു വനിതാ കോളേജും സ്ഥാപിക്കണം.

സ്ത്രീകളിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം:

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (10) സഹകരണ മേഖല

ഇന്ത്യയിൽ 1904ൽ സഹകരണസംഘപ്രസ്ഥാനം ആരംഭിച്ചു. ഇതിന്റെ തെളിച്ചത്തിൽ 1952ൽ ഇരുമ്പുഴി സർവ്വീസ് സഹകരണസംഘം തുടങ്ങി. തുടന്ന് 1957ൽ പന്തല്ലൂർ സർവ്വീസ് സഹകരണ സംഘവും 1963ൽ ആനക്കയം സർവ്വീസ് സഹകരണ സംഘവും പ്രവർത്തനം തുടങ്ങി.

ഒരോ സഹകരണസംഘത്തിന്റെയും അംഗങ്ങളുടെ എണ്ണവും പ്രവർത്തന മൂലധനവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | അംഗങ്ങൾ | പ്രവർത്തന മൂലധനം |
|---|---|---|---|
| 1 | പന്തല്ലൂർ സർവ്വീസ് ബാങ്ക് | 6423 | 3,60,000 രൂപ |
| 2 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് | 2816 | 15,15,000 ,, |
| 3 | ഇരുമ്പുഴി സർവ്വീസ് സഹകരണ ബാങ്ക് | 4404 | 4,05,500 ,, |
| 4 | പന്തല്ലൂർ റൂറൽ ഹൗസിംഗ് സൊസൈററി | — | — |
| 5 | പന്തല്ലൂർ ക്ഷീരോല്പാദനസഹകരണസംഘം | — | — |
| 6 | ആനക്കയം G U P സ്കൂൾ സഹകരണസംഘം | 59 . 687 | 2,164 |
| 7 | പന്തല്ലൂർ സ്കൂൾ കോംപ്ലക്സ് സഹകരണസംഘം | 85 | 6,000 |

പന്തല്ലൂർ റൂറൽ ഹൗസിംഗ് സൊസൈററി 244 പേർക്കായി ഭവനനിർമ്മാണത്തിന് 1,19,98,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

പന്തല്ലൂർ ക്ഷീരോൽപാദന സംഘം മൊത്തം 185 ലിററർ പാൽ ശേഖരിച്ചു വരുന്നു. സ്കൂൾ സൊസൈററികൾ വിദ്യാർത്ഥികൾക്കുള്ള പുസ്തക വിതരണമാണ് പ്രധാനമായും നടത്തികൊണ്ടിരിക്കുന്നത്.

95-96 വർഷത്തിൽ ഇരുമ്പുഴി സർവ്വീസ് സഹകരണ ബാങ്ക് താഴെപറയുന്ന വിധത്തിൽ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| കാർഷിക ഹ്രസ്വകാല വായ്പ | = | 5,3[illegible],617 രൂപ |
| ദീർഘകാലവായ്പ (റൊറിലകൃഷി) | = | 3,26,344 ,, |
| (തെങ്ങുകൃഷി | = | 34,199 ,, |
| ആകെ | = | 8,96,160 ,, |
| മററുവായ്പകൾ | = | 49,73,507 രൂപ |
| (സ്വർണ്ണപണയം) | = | 52,110 ,, |
| മദ്ധ്യകാലവായ്പ | = | 93,000 ,, |
| നിക്ഷേപങ്ങൾ IRDP വായ്പ | = | 90,272 ,, |

പന്തളൂർ സർവ്വീസ് ബാങ്ക്:-

| | | |
|---|---|---|
| ഹ്രസ്വകാല കാർഷിക വായ്പകൾ: വാഴ, കപ്പ | = | 62,77,982 രൂപ |
| ദീർഘകാല കാർഷിക കായ്പകൾ: കുരുമുളക്, കൈതച്ചക്ക | = | 8,71,504 ,, |
| IRDP | = | 2,56,012 ,, |
| സ്വർണ്ണാഭരണ വായ്പകൾ | = | 90,57,597 ,, |
| കാർഷിക കേതര വായ്പകൾ(ഹ്രസ്വകാലം) | = | 25,05,847 ,, |
| വിസ ലോൺ | = | 7,16,083 ,, |
| കുടുംബം ദത്തെടുക്കൽ | = | 2,400 ,, |
| ഭവന നിർമ്മാണ വായ്പ | = | 1,901 ,, |
| പുനരധിവാസ ഭവന നിർമ്മാണ വായ്പ | = | 1,488 ,, |
| നിക്ഷേപ വായ്പകൾ | = | 15,48,211 ,, |
| ആകെ വായ്പ സംഖ്യ | = | 2,12,39,025 രൂപ |

ആനക്കയം സർവ്വീസ് ബാങ്ക്:-

| | | |
|---|---|---|
| കാർഷിക വായ്പകൾ | | |
| വാഴ കൃഷി | = | 14,72,072 രൂപ |
| തെങ്ങ്, വെററില, കുരുമുളക് | = | 6,97,716 ,, |
| മററുവായ്പകൾ | | |
| വിവാഹം | = | 17,34,550 രൂപ |
| വീടുനന്നാക്കൽ | = | 7,00,966 ,, |
| വിദ്യാഭ്യാസം | = | 1,86,800 ,, |
| സ്വർണ്ണപണയം | = | 63,58,408 ,, |
| പ്രത്യേകവായ്പകൾ | | |
| വീട്ടുസാധനങ്ങൾ വാങ്ങുന്നതിന് | = | 2,26,378 രൂപ |
| IRDP | = | 1,02,896 ,, |
| വീട്ടുലോൺ | = | 2,600 ,, |
| കിണർ | = | 2,956 ,, |
| ക്ഷീരവികസനം | = | 8,516 ,, |

**വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ**

1 ചെറുകിട ഇടത്തരംവ്യവസായങ്ങൾക്ക കടവും മററു സൗകര്യവും നൽകുന്നതിനായി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുക.
2 പൊതുവിതരണം സഹകരണ സംഘങ്ങൾമുഖേനയാക്കുക
3 ദീർഘ കാലകാർഷിക വായ്പകൾ സഹകരണസംഘങ്ങൾവഴി വിതരണം നടത്തുക.
4 മെമ്പർമാർക്ക യഥാസമയം ആവശ്യമായ ലോണുകൾ നൽകാൻ കഴിയും വിധം സഹകരണരംഗത്തെ ലോൺവ്യവസ്ഥകൾ പുന:സംവിധാനം ചെയ്യുക.
5 ഷേർഅനുപാതം 1:5 ആക്കി ഉയർത്തുക.
6 ഈടുനൽകുന്ന സ്വത്തിൻെറ പണയാധാരം രജിസ്റ്റർ ചെയ്യുന്നതിനുപകരം അർബ്ബൻ ഏരിയകളിൽ ഇന്നുചെയ്യുപോരുന്നതുപോലെ പണയാധാരം ഫയൽചെയ്യുന്ന രീതി ഗ്രാമപ്രദേശങ്ങളിലും നടപ്പിലാക്കുക.
7 സഹകരണ മേഖലയിൽ ആശുപത്രി സ്ഥാപിക്കുക.

8 സഹകരണമേഖലകളിൽ വിവിധ തരം ചെറുകിട വ്യവസായങ്ങളും സഹകരണ സ്റ്റോറുകളും ആരംഭിക്കുക.
9 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ക്ഷീരവികസന സൊസൈററികൾ സ്ഥാപിക്കുക.
10 വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11 സ്കൂൾ സൊസൈററികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഇല്ലാത്ത സ്കൂളിൽ സൊസൈററി സ്ഥാപിക്കുക.
12 നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് വായ്പ സംവിധാനം വർദ്ധിപ്പിക്കുക.
13 വർഷാരംഭത്തിൽ തന്നെ ഓരോ കർഷകനും ആവശ്യമായ വായ്പ ലഭ്യമാക്കുക. നിലവിലുള്ള വായ്പ പരിധി എടുത്തു കളയുക.
14 സർക്കാരിൽ നിന്ന് അനുവദിച്ച് കിട്ടുന്ന പലിശ സബ്സിഡി യഥാ സമയം ഉപഭോക്താവിന് ലഭ്യമാക്കുക.
15 വളവും, കാർഷിക ഉപകരണങ്ങളും വിതരണം നടത്തുന്നതോടൊപ്പം തന്നെ കാർഷികോൽപന്നം സംഭരിക്കാനും ഈ സൊസൈററികളിൽ സംവിധാനം ഉണ്ടാക്കുക.
16 സഹകരണസൊസൈററികൾ ചിട്ടി, നിയമവ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് കൂടുതൽ ചിട്ടി നടത്തുക.
17 നല്ലയിനം കറവുമാടുകളെ അംഗങ്ങൾക്ക് നൽകുന്നതിനും പാൽ സംഭരിച്ച് വിതരണം നടത്താനും ക്ഷീരവികസന സൊസൈററികൾ ശ്രദ്ധിക്കുക.
18 ഇവയുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പഞ്ചായത്തിൽ മുഴുവൻ ലഭ്യമാക്കുക.
19 വിവിധ ഏജൻസികളിൽനിന്നും സർക്കാരിൽനിന്ന് ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
20 ജനസംഖ്യയുടെ ഭൂരിഭാഗവും മാംസം, മുട്ട എന്നിവ ഉപയോഗിക്കുന്നവരാണ്. ആയതിനാൽ സഹകരണ മേഖലയിൽ പഞ്ചായത്ത്തലത്തിൽ ഒരു കോഴിവളർത്തൽ സഹകരണസംഘം സ്ഥാപിച്ചാൽ വേറെ ജനങ്ങൾക്ക് പ്രയോജനപ്പെടും.
21 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിൽ മാത്രം പ്രവർത്തിക്കുന്ന ഒരു സൊസൈററി സ്ഥാപിക്കുക

ഇത്രയും കാര്യങ്ങൾ നടപ്പാക്കിയാൽ കാർഷിക കാർഷികേതര രംഗത്തും, ക്ഷീര വികസന രംഗത്തും ഒരു കുതിച്ച് ചാട്ടം നമുക്ക് നടത്താൻ കഴിയും, അതിന് വേണ്ട എല്ലാ അനുകൂല സാഹചര്യങ്ങളും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനത്തിന് നിർണ്ണായക പങ്ക വഹിക്കാൻ കഴിയുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ ആനക്കയം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും, മുൻ ഗണന നിശ്ചയിക്കുന്നതിനായി സമർപ്പിക്കുന്നു.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5 (II) പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 6% പട്ടികജാതി വിഭാഗമാണ്. 410 പട്ടിക ജാതി കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ താമസിച്ച് വരുന്നത്. ഇതിൽ 343 കുടുംബങ്ങൾ അംഗീകൃത കോളനിയിലും 74 കുടുംബങ്ങൾ ഇട കലർന്നുമാണ് ജീവിച്ചു വരുന്നത് ആകെ 2311 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതികുറവാണ്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നിചത്വങ്ങളിൽ നിന്നും മോചനം നേടിയതിനാൽ എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പൊതു പരിപാടികളിലും മോശമല്ലാത്ത രീതിയിൽ പരിഗണന ലഭിക്കുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ നിലനിലൽക്കുന്നു. സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ കൈവരിക്കുന്നതിനു കഴിഞ്ഞിട്ടുള്ളത് കൂടുതലും കോളനി നിവാസികൾക്കാണ് കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്ന അംഗീരികാരത്തിനു അമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S S L C ക്കു ശേഷം തുടർപഠനം കുറവാണ്. രക്ഷിതാക്കളുടെ താൽപര്യക്കുറവും കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതും സാമ്പത്തിക പരാധീനതയും പഠനം നിർത്തുന്നതിനും കാരണമാണ്. 94-97 വർഷത്തിൽ 479 പട്ടിക ജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. S S L C എത്തുന്നതിനു മുമ്പ് 16 കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. ഇതിൽ 9-ാം ക്ലാസ്സിൽ വെച്ച് മാത്രം 9 കുട്ടികൾ പഠനം നിർത്തി എന്ന് ശ്രദ്ധിക്കപ്പെടേണ്ടതാണ് S S L C പരാജയത്തിനുശേഷം 15 കുട്ടികൾ മാത്രമാണ് തുടന്ന് പഠിക്കുന്നത്. SSLCക്കു മുകളിൽ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവായ അവസ്ഥയാണ് ഇന്നുള്ളത്. ഇത് മാററിയെടുക്കേണ്ടതുണ്ട്.

### തൊഴിൽ

ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും കാർഷികമേഖലയിലും മററുള്ളവർ കുലത്തൊഴിൽചെയ്തു ജീവിച്ച്‌വരുന്നവരുമാണ്. എന്നാൽ കാർഷികമേഖലയിൽ തോട്ടവിളകളും നാണ്യവിളകളും കൂടുതലായപ്പോൾ ജോലിസാധ്യതകൾ കുറഞ്ഞിട്ടുണ്ട്. കുലതൊഴിലിനുള്ള അസംസ്കൃത സാധനങ്ങൾ ദുർലഭമായും വിലവർദ്ധനവും വിപണനസാധ്യതകൾ കുറഞ്ഞതും ഈ വിഭാഗം ജോലികുറയാൻ കാരണമായി.ഇപ്പോൾ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. സ്ത്രീകൾക്ക് 75 രൂപയും പുരുഷന്മാർക്ക് 120 രൂപയും എന്ന നിരക്കിൽ തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ കാർഷികരംഗത്തുനിന്നും ഇവർ പൂർണ്ണമായും മാറിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യധാന്യ ഉൽപ്പാദനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. മുള,

പനയോല തുടങ്ങിയവയുടെ ലഭ്യത കറവും വിലവർദ്ധനയും ഇവ ഉപയോഗിച്ചുള്ള സാധനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കറവാകുന്നതിനും അതുവഴി തൊഴിലവസരം നഷ്ടപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. വേണ്ടത്ര അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽസംരക്ഷണത്തിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുകയുംസാമ്പത്തികസഹായം നല്കുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയുംവേണം

**പാർപ്പിടം:**

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാറിന്റെ വിവിധ ഏജൻസികളും നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട് എന്നാൽ മിക്ക ഹരിജൻ കോളനികളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേററാൻ പോലും ഉള്ള സൗകര്യങ്ങൾ ഇല്ലാത്ത ചില കുടുംബങ്ങളെങ്കിലും കാണപ്പെടുന്നുണ്ട്. മിക്കവാറും കുടുംബങ്ങൾ സ്വയം തൊഴിലിനു് മററും ഗവൺമെൻറിന്റെ വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട്‌വെക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. അഞ്ച് പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന പ്രദേശങ്ങളെ പട്ടികജാതി കോളനിയായി അംഗീകരിക്കാനുള്ള നടപടി എടുക്കേണ്ടതാണ്.

പല കോളനികളിലും കക്കൂസ്, വീട്, വൈദ്യുതി, വെള്ളം, റോഡ് സൗകര്യം മുതലായവ നിലവിലില്ല. ഉള്ള വീടുകൾതന്നെ പഴക്കം ചെന്നതുകാരണം 20 ശതമാനത്തോളം അപകട സാധ്യതയുള്ളതാണ്. ഇതു റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ സഹായം അനുവദിച്ചു തരുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ കോളനികളിൽ നിലവിലുള്ള വീട്, കക്കൂസ് എന്നിവയുടെ എണ്ണവും പട്ടിക രണ്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

ഒററപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭിക്കാത്തതിനാൽ ഗ്രാമസഭ റിപ്പോർട്ട് പ്രകാരം 70 വീടും 150 കക്കൂസും അനുവദിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1 വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കാവസ്ഥയിലാണ്. പഠന സമയത്തുള്ള കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്.
2 കാർഷിക മേഖലയിലും കല തൊഴിലിലും തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു.
3 എല്ലാവർക്കും സ്വന്തമായി വീട്‌വെക്കാൻ സ്ഥലമില്ല.
4 വീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിന് ഇപ്പോൾ നൽകുന്ന സഹായം പ്രാദേശിക നിരക്കിലല്ലാത്തതിനാൽ ഗുണനിലവാരത്തോടുകൂടി ഇവ നിർമ്മിക്കാൻ കഴിയുന്നില്ല. മിക്കവാറും കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണ്. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ഇല്ല.
5 പൊതുശ്മശാനം ഇല്ല.
6 കൈവശഭൂമിക്ക് ചിലർക്ക് പട്ടയം ലഭിച്ചിട്ടില്ല.
7 ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8 നിർധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കാവശ്യമായ ധനസഹായം ലഭിക്കുന്നില്ല IRDP

പദ്ധതിയും പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9 പട്ടികജാതിവികസന കോർപ്പറേഷനും ഹരിജനക്ഷേമവകപ്പും മററു ഏജൻസികളും അഭ്യസ്തവിദ്യരായ യുവാക്കാക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യംനേടുന്നില്ല.

11 പട്ടികജാതി വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് പരിമിതമാണ്.

## സാധ്യതകൾ

വൈദ്യുതി: പഞ്ചായത്തിലെ പാലമുററം, തെക്കമ്പാട്. നെടുവള്ളിക്കണ്ട്, കരുവാതൊടി, വലിയ പുറക്കൽചാല, പിരാരത്ത് പന്നിക്കുഴി, കരിയാക്കോട് കോളനി, കറുത്തേടത്ത്കണ്ട്, കോണിക്കല്ല് മലയൻ ചോലക്കൽ, കോലോത്തുമുറി, കഴിക്കാട്ട്കണ്ട്, കുണ്ണംകളം, കീഴ്ക്കാട്ട് ചാല എന്നീ കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. ബാക്കിയുള്ള കോളനികൾ വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുകയും വേണം.

കടിവെള്ളം: കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിൽവേണ്ടി പഞ്ചായത്ത്, ബ്ലോക്ക്എന്നീ ഏജൻസികൾക്കും കിണറുകളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇത് ഉപയോഗശൂന്യമാണ് ഇതിനു പരിഹാരമായി പുതിയ പദ്ധതികൾ കണ്ടെത്തുകയും നടപ്പാക്കുകയും ചെയ്യുക. ഓരോ കോളനികളിലും മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകുളം എന്നിവയുടെ സ്ഥിതിവിവരകണക്കുകൾ നാലാംപട്ടികയിൽ കൊടുക്കുന്നു.

ആനക്കയം പഞ്ചായത്ത് മൊത്തത്തിലും ഒമ്പത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ വാർഡുകൾക്ക് പ്രത്യേകിച്ചും കിടത്തി ചികിത്സിക്കുന്ന ഏക P H C യെ കമ്മ്യൂണിററി ഹെൽത്ത്സെൻററാക്കി ഉയർത്തുകയും ഒരു വനിതാഡോക്ടറെ സ്ഥിരമായി നിയമിക്കുകയും ചെയ്താൽ സ്ത്രീകൾക്കും കുട്ടികൾക്കും വളരെ ഉപകാരപ്രദമായിരിക്കും അതോടൊപ്പം ഒരു ഹോമിയോഡിസ്പെൻസറിയും ആയുർവ്വേദ ഡിസ്പൻസറിയും അനുവദിച്ചാൽ ചികിത്സാരംഗത്ത് വളരേ സഹായകരമായിരിക്കും.

ആനക്കയം പഞ്ചായത്തിൽ രണ്ട് പൊതു ശ്മശാനം ഉണ്ടാക്കി അതിനു മതിൽ കെട്ടുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് കോളനികളിൽവെച്ച് ബോധവൽക്കരണ ക്ലാസ്സുകൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികളുടെ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. ഹരിജന ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിൽ മാനദണ്ഡത്തിൽ കാര്യമായ മാററം വരുത്തണം. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ ഫലവത്താകുന്നതായിരിക്കും.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി അടിയന്തര ശ്രദ്ധ പതിയേണ്ട ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2 പഞ്ചായത്തുകളിലെ കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും, അത് പ്രാവർത്തികമാക്കാനുള്ള എല്ലാവിധ സഹായവും നൽകുക.

3 കുടിവെള്ളപ്രശ്നം പരിഹരിക്കുക.

4 സഹകരണ മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതികൾ നടപ്പാക്കുക.
5 സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളും സഹായ ധനങ്ങളും ഏകോപിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
6 സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ സഹായം സഹകരണമേഖലയിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
7 പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പഠന ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കുക.
8 കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി ഉപയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
9 വീട്, കക്കൂസ് നിർമ്മാണ ധനസഹായം പ്രാദേശിക നിരക്കിൽ നൽകുക.
10 വീട് പുതുക്കിപ്പണിയുന്നതിനും അററ കുററ പണികൾക്കു. സഹായം നൽകുക.
11 കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയാനാവശ്യമായ നടപടികൾ ഉണ്ടാക്കുക.
12 ലക്ഷം വീട് കോളനികളിൽ വീട് പുതുക്കിപ്പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.
13 കോളനികളിൽ വായനശാലകളും ബോധവൽക്കരണ സെൻററുകളും സ്ഥാപിക്കുക.
14 ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തി കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
15 സെക്കൻഡറിതലത്തിലും തുടർന്നും പഠിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
16 കോളനികളിൽ ടി വി സെൻററ് സ്ഥാപിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
17 J R Y പോലുള്ള ഫണ്ടുകൊണ്ട് കോളനികളിലേക്ക് റോഡ്പരിഷ്കരണ റോഡുകൾക്ക് ഉപയോഗിക്കാൻ സാധ്യമാകുക.
18 ഹരിജൻവീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.
19 കോളനികളിലേക്ക് വഴിവിളക്കുകൾ സ്ഥാപിക്കുക.
20 കോളനികളിലേക്ക് റോഡ്സൗകര്യം ഏർപ്പെടുത്തുക.
21 കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
22 ഹരിജൻ. കോളനികളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് ഇന്ന് SC/ST ഫണ്ട് ഉപയോഗി എന്ന നിലവിലുള്ള വ്യവസ്ഥ എടുത്ത് കളയണം എന്ന് മിക്ക സ്പെഷൽ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.
23 SC/ST ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് 6 മീററർ വീതി വേണം എന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്.

പട്ടിക 1

| ക്രമ നമ്പർ | വാർഡ് | കോളനിയുടെപേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | കരിയാക്കോട് | 18 | 102 |
| 2 | 2 | കുറ്റേടത്ത്കുണ്ട് | 13 | 66 |
| 3 | 2 | കോണിക്കല്ല് | 10 | 60 |
| 4 | 2 | മലയൻചോലക്കൽ | 13 | 86 |
| 5 | 3 | കോലാന്തുരുത്തി | 13 | 68 |
| 6 | 3 | കിഴക്കോട്ടുകുണ്ട് | 13 | 66 |

| | | | | |
|---|---|---|---|---|
| 7 | 4 | കണ്ണംകുളം | 39 | 195 |
| 8 | 6 | കഴിക്കാട്ട് ചാള | 13 | 52 |
| 9 | 7 | മാങ്ങോട്ടിൽചാള | 13 | 50 |
| 10 | 8 | നെടുവള്ളിക്കണ്ട് (sep) | 17 | 86 |
| 11 | 8 | കരുവാന്തൊടി (sep) | 10 | 62 |
| 12 | 8 | വലിയപുരക്കൽ ചാള | 19 | 70 |
| 13 | 8 | പിരാരത്ത് പന്നിക്കഴി | 14 | 64 |
| 14 | 10 | കുട്ടാലിൽ | 14 | 74 |
| 15 | 10 | പാലമുററം(IHDP) | 46 | 118 |
| 16 | 11 | പനങ്കാവിൽ | 13 | 57 |
| 17 | 11 | ആനപ്പാത്ത് | 19 | 98 |
| 18 | 11 | ഒട്ടവൻകുന്ന് | 10 | 46 |
| 19 | 12 | തെക്കമ്പാട് | 23 | 120 |
| 20 | 18 | പൂച്ചപ്പാറ | 12 | 75 |
| | | അംഗീകാരത്തിനു സമർപ്പിച്ചത് | | |
| 1 | 11 | തെങ്ങിൻതൊടി | 6 | 28 |

പട്ടിക 2

| ക്രമ നമ്പർ | കോളനിയുടെപേര് | വീടിന്റെ സ്വഭാവം കോൺക്രീററ് | ഓട് | ഓല | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കരിയാക്കോട് | — | 15 | 1 | 5 | 7 |
| 2 | കറുത്തേടത്ത്കണ്ട് | — | 13 | — | 4 | 5 |
| 3 | കോണിക്കല്ല് | — | 8 | 2 | 3 | 4 |
| 4 | മലയൻചോലക്കൽ | — | 12 | 1 | 4 | 5 |
| 5 | കോലോത്തുംമുറി | — | 14 | — | 3 | 8 |
| 6 | കിഴക്കോട്ടംകണ്ട് | — | 13 | 1 | 4 | 9 |
| 7 | കണ്ണംകുളം | 1 | 30 | 8 | 10 | 15 |
| 8 | കഴിക്കാട്ട്ചാള | — | 8 | 5 | 6 | 8 |
| 9 | മാങ്ങോട്ടിൽ ചാള | — | 7 | 6 | 9 | 10 |
| 10 | നെടുവള്ളിക്കണ്ട് | — | 10 | 7 | 7 | 10 |
| 11 | കരുവാതൊടി | — | 4 | 6 | 6 | 10 |
| 12 | വലിയപുരക്കൽചാള | — | 15 | 5 | 5 | 10 |
| 13 | പിരാരത്ത് പന്നിക്കഴി | — | 7 | 7 | 7 | 10 |
| 14 | കുട്ടാലിൽ | — | 7 | 7 | 15 | 20 |
| 15 | പാലമുററം IHDP | — | 44 | 2 | 5 | 8 |
| 16 | പനങ്കാവിൽ | — | 12 | 1 | 10 | 22 |
| 17 | ആനപ്പാത്ത് | — | 14 | 5 | 12 | 17 |
| 18 | ഒട്ടവൻകുന്ന് | — | 6 | 4 | 8 | 10 |
| 19 | തെക്കമ്പാട് | — | 21 | 2 | 10 | 12 |
| 20 | പൂച്ചപ്പാറ | — | 6 | 6 | 8 | 10 |

പട്ടിക 3

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | | വൈദ്യുതി | | | കുടിവെള്ളം |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | ഇല്ലാത്തവ | വൈദ്യുതീകരണമായിട്ടുള്ളത് | കിണർ | ടാപ്പ് | പൊതു കുളുസ് |
| 1 | കരിയാക്കോട് | ഉണ്ട് | ഇല്ല | | ഉണ്ട് | 6 | — | — |
| 2 | കറുത്തേടത്ത്കണ്ട് | ഉണ്ട് | | | ഉണ്ട് | 1 | — | — |
| 3 | കോണിക്കല്ല് | ഉണ്ട് | | | ഉണ്ട് | 1 | — | — |
| 4 | മലയൻചോലക്കൽ | | ഇല്ല | | ഉണ്ട് | 2 | — | — |
| 5 | കോലോത്തുംമുറി | | ഇല്ല | | ഉണ്ട് | 4 | — | — |
| 6 | കിഴക്കാട്ടുംകണ്ട് | | ഇല്ല | | ഉണ്ട് | 3 | — | — |
| 7 | കണ്ണംകുളം | ഉണ്ട് | | | ഉണ്ട് | 2 | — | — |
| 8 | കഴിക്കാട്ട്ചാള | ഉണ്ട് | | | ഉണ്ട് | 3 | 2 | — |
| 9 | മാങ്ങോട്ടിൽചാള | ഉണ്ട് | | | ഉണ്ട് | 3 | — | — |
| 10 | നെടുവള്ളിക്കണ്ട് | | ഇല്ല | | ഉണ്ട് | — | 4 | — |
| 11 | കരുവാതൊടി | | ഇല്ല | | ഉണ്ട് | — | — | — |
| 12 | വലിയപുൽക്കൽ ചാള | ഉണ്ട് | | | ഉണ്ട് | 2 | 2 | — |
| 13 | പിരാരത്ത്പണിക്കഴി | | ഇല്ല | | ഇല്ല | 4 | — | — |
| 14 | കുട്ടാലിൽ | | ഇല്ല | | ഉണ്ട് | 1 | — | — |
| 15 | പാലമുററം (IHDP) | ഉണ്ട് | | | ഉണ്ട് | 6 | — | — |
| 16 | പനങ്കാവിൽ | ഇല്ല | | ഇല്ല | | 1 | — | — |
| 17 | ആനപ്പാത്ത് | ഉണ്ട് | | ഇല്ല | | 1 | — | — |
| 18 | ടെവൻകുന്ന് | | ഇല്ല | ഇല്ല | | 1 | — | — |
| 19 | തെക്കുംമ്മാട് | ഉണ്ട് | | | ഉണ്ട് | 1 | — | — |
| 20 | പൂച്ചപ്പാറ | | ഇല്ല | ഇല്ല | | — | — | — |

കണ്ണംകുളംഹരിജൻ കോളനിയിൽ ജലവിതരണത്തിനായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതി വൈദ്യുതകണക്ഷൻ കിട്ടാത്തതിനാൽ കമ്മീഷൻചെയ്യാൻ സാധിച്ചിട്ടില്ല.

ആനക്കയം ഗ്രാമപഞ്ചായത്ത് വരവ് സംബന്ധിച്ച കണക്കുകൾ 1995-96

| ഇനം | വരവ് | സംഖ്യ |
|---|---|---|
| കെട്ടിട നികുതി | 23/868 | — |
| തൊഴിൽ നികുതി | 80820 | -- |
| ലൈസൻസ് ഫീസ് | 15963 | -- |

| | | |
|---|---|---|
| വസ്തുകൈമാററ നികുതി | 2,44, 172 | -- |
| ഡെപ്പോസിററ് | 52,027 | -- |
| മററുള്ളവ | 824 749 | -- |
| ആകെ | 14,50,599 | -- |

ചെലവിനങ്ങൾ (95-96)

| ഇനം | ചെലവ് | സംഖ്യ |
|---|---|---|
| ഭരണം | 4,90,939 | -- |
| പൊതുമരാമത്ത് | 4,07,236 | -- |
| വിദ്യാഭ്യാസം | 27,140 | -- |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 77,144 | -- |
| തെരുവുവിളക്കുകൾ കത്തിക്കുന്ന ദിക്ക് | 28,668 | -- |
| മററുള്ളവ | 8,75 593 | -- |
| ആകെ | 19,06,720 | — |

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

# 5(12) വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിൽ കാര്യമായ വ്യവസായസ്ഥാപനങ്ങളൊന്നു മില്ല. അൽപം ചില ചെറുകിട വ്യവസായങ്ങൾമാത്രം തൊഴിൽ രംഗങ്ങളും വളരെ കുറവ് വിനോദ നികുതികൾ ലഭിക്കാനു മാർഗ്ഗങ്ങളും തീരെയില്ല. ഇതു വിഭവസമാഹരണ സാധ്യത ഇല്ലാതാക്കുന്നു.

കാർഷിക രംഗം പാടെ മുരടിച്ചിരിക്കുന്നു. കപ്പ, ഇഞ്ചി, കിഴങ്ങുകൾ, മോടൻ എന്നിവ നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. കർഷകരും കർഷകതൊഴിലാളികളും തൊഴിൽ രഹിതരാകുന്നു. കൃഷിഭൂമികൾ തരിശിടുന്നു. മററാവശ്യങ്ങൾക്കായി ഉപയോഗപ്പെടുന്നു. ഇതു വിഭവസമാഹരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

സർക്കാർ ഗ്രാൻറുകൾ യഥാവസരം ലഭിക്കുന്നില്ല. അവ കിട്ടാനായി ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തണം ഓരോ ഗ്രാൻറുകൾ അതാതു വർഷം തന്നെ ലഭിക്കണം പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ, മൊത്തം ജനസംഖ്യ, പട്ടികജാതി ജന സംഖ്യ എന്നിവ ഗ്രാൻറിൻെറ വിഹിതം വക്കലിനു പരിഗണിക്കണം.

കച്ചവട ലൈസൻസാണ് ഒരു പ്രധാന വരുമാന മാർഗ്ഗം. എല്ലാ കച്ചവടക്കാരും യഥാവസരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതിൽ നിന്നും ഒഴിഞ്ഞു മാറാനാണ് ഭൂരിപക്ഷത്തിനു താൽപര്യം. എല്ലാ വിഭാഗങ്ങളിലും പൗരബോധം ഉണ്ടായാലെ ഇതിനൊക്കെ പരിഹാരമാകൂ.

**നിർദ്ദേശങ്ങൾ**

1 എല്ലാവരുടെയും വരുമാനം കണക്കാക്കി അതിനു ഒരു ശതമാനം പഞ്ചായത്തിനു നികുതി ചുമത്താൻ നിയമം ഉണ്ടാകണം.

2 എല്ലാ കച്ചവടക്കാരെയും ബിസിനസ്സുകാരെയും ഇതിൻെറ പരിധിയിൽ പെടുത്തുന്നുണ്ട് എന്ന് അതതു വർഷത്തിൽ വരുന്ന LDC മാർ ഉറപ്പ് വരുത്തണം.

3 നികുതിപിരിവിനു ഉദ്യോഗസ്ഥർക്ക വേണ്ട സഹായസഹകരണങ്ങൾ ജനപ്രതിനിധികളിൽനിന്നും കൂടുതൽ ഉണ്ടാകണം.

4 പഞ്ചായത്തിൽ നികുതിപിരിവിന് ആവശ്യമായത്ര സ്റ്റാഫുണ്ടാകണം

5 ഏകീകൃത നികുതി ചുമത്തലിന് ബ്ലോക്കതലത്തിലെങ്കിലും പ്രത്യേക സ്ക്വാഡിനെ നിയമിക്കുകയും ചുമതലപെടുത്തുകയും വേണം.

കെട്ടിട നികുതി:-

1 കെട്ടിട നികുതി കണക്കാക്കുമ്പോൾ അവയുടെ തറ വിസ്തീർണ്ണത്തിനനുസരിച്ച് മാത്രമല്ല അവയുടെ മൂല്യത്തിനും ആഡംബരത്തിനും അനുസരിച്ച് നികുതി കണക്കാക്കണം.

2 ഒരു നിശ്ചിത വിസ്തീർണ്ണത്തിൽ അധികമുള്ള വീടുകൾക്ക് അധികം നികുതിയും ചുമത്താൻ വ്യവസ്ഥ ഉണ്ടാകണം.

3 വീടുനികുതി അസസ്മെൻറ് സുതാര്യമായിരിക്കണം. അതിൻെറ രീതി എല്ലാവർക്കും ഗ്രഹിക്കാൻ കഴിയണം.

തൊഴിൽ നികുതി:-

1 സർക്കാർ ഉദ്യോഗസ്ഥരെപ്പോലെ എല്ലാതൊഴിലാളികളിൽനിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്

വിനോദനികുതി:-

1 പഞ്ചായത്തിൽ ഒരു സിനിമ തിയററർ വരികയാണെങ്കിൽ അതു പഞ്ചായത്തിനു വരുമാനമാർഗ്ഗം കൂട്ടാൻ സഹായിക്കും.

ചെലവുകൾ:-

1 പഞ്ചായത്തിൽ വരുമാനത്തിൽ ഭൂരിഭാഗവും ഭരണകാര്യങ്ങൾക്കാണ് ചെലവിടുന്നത്. സാമൂഹ്യക്ഷേമത്തിനു കുറഞ്ഞ ശതമാനമേ നീക്കിവെക്കാൻ സാധിക്കുന്നുള്ളു. ഈ നില മാറണം
2 ജീവനക്കാരുടെ ശമ്പളം സർക്കാർ നൽകണം.
3 ഒരോ വാർഡിലേയും വികസന പ്രവർത്തനങ്ങൾ അതാതു വാർഡിലെ വികസന സമിതികൾ മുഖേന നടപ്പാക്കണം. ഇതു പാഴ്ചെലവുകൾ കുറക്കാൻ സഹായിക്കും.

ഭൂ നികുതി:-

ഭൂനികുതിയുടെ ഘടനയിൽ മാററം വരുത്തണം PWD റോഡുകൾ പഞ്ചായത്ത് റോഡുകൾ, ഗതാഗത സൗകര്യമില്ലാത്ത ഭൂമി എന്നിങ്ങിനെ തരം തിരിച്ച് ഒരോ ഭൂമിക്കു പ്രത്യേകം നികുതിഘടന നിശ്ചയിക്കണം.

ഷോപ്പിംഗ് കോംപ്ലക്സ്:-

ആനക്കയം, ഇരുമ്പുഴി, പാണായി, പന്തല്ലൂർ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളാണ്.

പഞ്ചായത്താഫീസിനു മുന്നിൽ ഒരു ഷോപ്പ് കം കോൺഫറൻസ്ഹാൾ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ മത്സ്യമാംസ മാർക്കററുകൾക്ക സാധ്യതയുണ്ട്.

★

# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 5(13) ടൂറിസം

പ്രകൃതി രമണിയവും ദൃശ്യസുന്ദരവുമായ പന്തല്ലൂർ മല ഈ പഞ്ചായത്തിലെ പത്ത്, പന്ത്രണ്ട് വാർഡുകളിലാണ്. ഈ കുന്നിൻ നെറുകയിൽ പെരിന്തൽമണ്ണ–പാണ്ടിക്കാട് റോഡിൽ യംഗ് ഇന്ത്യ എസ്റ്റേററ് റോഡ് വഴി എത്തിച്ചേരാവുന്നതാണ്. ജില്ലയിൽ ഉയരം കൂടിയ മലകളിൽ ഒന്നായ ഈ മലയിലെ കൊടുകത്തികല്ലിൽ കയറിയാൽ ദൂരെയുള്ള അറബിക്കടൽ കാണാവുന്നതാണ്.


1921 ലെ ഐതിഹാസികമായ മലബാർ കലാപത്തിൻെറ ചരിത്രാവശിഷ്ടങ്ങൾ ഇവിടങ്ങളിൽ ടൂറിസ്റ്റുകളെയും ചരിത്ര വിദ്യാർത്ഥികളെയും ആകർഷിച്ചു വരുന്നു. ചരിത്രത്തിൻെറ താളുകളിൽ പതിഞ്ഞ മായാത്ത മങ്ങാത്ത ഓർമ്മകളുമായി കടലുണ്ടി പുഴ ഈ പഞ്ചായത്തിൻെറ വിരിമാറിലൂടെ മന്ദംമന്ദം ഒഴുകുന്നു.

ഈ പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏഷ്യയിലെ ഏക സ്ഥാപനമായ കാഷ്യു റിസർച്ച് സെൻറർ, തൊട്ടടുത്തുള്ള സീഡ് ഫാമും ബോട്ടണി വിദ്യാർത്ഥികളെ പ്രത്യേകിച്ചും ശാസ്ത്ര തൽപരരെ പൊതുവെയും ആകർഷിക്കുന്ന ഒന്നാണ്.

പുഴയിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ക്യാച്ച്മെൻറ് ഏരിയയിൽ ശിക്കാരികളും ചെറിയ തരം ബോട്ടുകളും ഏർപ്പെടുത്തുന്നതായാൽ വിനോദസഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നതാണ്.

കൊടുക്കുന്നികല്ലിൻെറ ചുററുപാടുമുള്ള പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്. ഈ മലപ്രദേശത്ത് മനോഹരമായ വിവിധയിനം പക്ഷികളുടെ വിഹാര കേന്ദ്രമാണ് വിനോദസഞ്ചാരികളെയും പഠന സംഘങ്ങളെയും ഇങ്ങോട്ട് ആകർഷിക്കാൻ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്.

ആനക്കയം ഗ്രാമ പഞ്ചായത്ത്



# ആനക്കയം ഗ്രാമപഞ്ചായത്ത് കരട് സമഗ്ര വികസന രേഖ

## 6 ഉപസംഹാരം

മേൽപറഞ്ഞ വികസനറിപ്പോർട്ട് ഓരോരുത്തരുടേയും സമഗ്ര ചർച്ചക്ക് വിധേയമാക്കി അടുത്ത 5 വർഷത്തെ പഞ്ചായത്തിലെ ജനകീയ പദ്ധതികൾക്ക് അന്തിമരൂപം നൽകണമെന്ന ആവശ്യത്തോടെ ഈ വികസനരേഖ ഇവിടെ ഉപസംഹരിക്കുന്നു. ഇത് നല്ല ഒരു നാളെയുടെ തുടക്കമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

★

# ആനക്കയം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

## അനുബന്ധം 26-11-96

രമാ പ്രിൻേറഴ്സ്, മേലാക്കം–മഞ്ചേരി–3.

**26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

# 1 കൃഷിയും ജലസേചനവും

1 പ്രധാന തോടുകൾ (വിട്ടുപോയത്)

19) അവിഞ്ഞൂർ പാലം തോട്–$2\frac{1}{2}$ km

2 കടലുണ്ടിപ്പുഴ ഈ പഞ്ചായത്തിൽ 13 km ദൂരത്തിൽ ഒഴുകുന്നു.

3 തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൂടുതൽ പേർക്ക് സഹായം നൽകുക.

4 വെററിലകൃഷി വ്യാപകമാക്കാൻ കൃഷിക്കാർക്കുവേണ്ട പ്രോത്സാഹനവും സഹായവും നൽകുക.

5 പാടശേഖര സമിതികൾ അടക്കമുള്ള മുഴുവൻ കർഷക സമിതികളും റജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും ഉള്ള അധികാരം പഞ്ചായത്തുകൾക്കു നല്കുക.

6 രോഗം ബാധിച്ച കമുങ്ങ്, തെങ്ങ്, വെററില, കുരുമുളക് എന്നിവ വെട്ടിമാററി നശിപ്പിക്കുന്നതിനും പുതിയകൃഷി ഇറക്കുന്നതിനും അർഹമായ സാമ്പത്തിക സഹായം നൽകുക.

7 പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങൾ മുഖേന ട്രാക്ടർ, മെതിയന്ത്രം, പവർ സ്പ്രെയർ എന്നിവ കർഷകർക്കു ചുരുങ്ങിയ വാടകനിരക്കിൽ ലഭ്യമാക്കുക.

8 കൃഷിക്കാർക്ക ആവശ്യമായ വിവിധയിനം കീടനാശിനികൾ യഥാസമയം കുറഞ്ഞനിരക്കിൽ കൃഷിഭവൻ മുഖേന ലഭ്യമാക്കുക.

9 നല്ലയിനം പച്ചക്കറി വിത്തുകൾ കൃഷിക്കാർക്കു ലഭ്യമാക്കുക. പഞ്ചായത്തിനുകീഴിൽ ഒരു സഹകരണ വിപണനകേന്ദ്രം ആരംഭിക്കുക.

10 കൃഷിഭവനു സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുക.

11 കർഷക ഗ്രൂപ്പുകൾക്ക് പഞ്ചായത്ത് വക വെള്ളം പമ്പ്ചെയ്യുന്നതിന് മോട്ടോറുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുക.

★

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

1 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയിൽ കൂടുതൽസൗകര്യങ്ങൾ ഏർപ്പെടുത്തുക.

2 ആനക്കയം പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഒരു മൃഗാശുപത്രിയും കുത്തിവെപ്പു കേന്ദ്രവും സ്ഥാപിക്കുക.

3 പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾക്കു ഗ്രൂപ്പ് ഇൻഷ്യൂറൻസ് ഏർപ്പെടുത്തുക

4 സങ്കര ഇനം കന്നുകുട്ടികൾക്ക നല്കുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലെ എല്ലാ കന്നുകുട്ടികൾക്കും നൽകുക.

5 പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

6 കോഴി വളർത്തലിന് പഞ്ചായത്തിൽ പരിശീലനവും, പ്രോത്സാഹനവും, ധനസഹായവും നല്കുക.

7 അംഗനവാടി, വനിതാസമാജങ്ങൾ എന്നിവയിലൂടെ കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവയിൽ ബോധവൽക്കരണം നൽകുകയും, രോഗപ്രതിരോധ നടപടികൾക്കു പരിശീലനം നൽകുകയും ചെയ്യുക.

8 പഞ്ചായത്തു തലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു അറവുശാലയും, മാർക്കറ്റും, സ്ഥാപിക്കുക.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 3 വ്യവസായം

**നിർദ്ദേശങ്ങൾ:**

1 വ്യവസായവകുപ്പിന്റെ സഹകരണത്തോടെ പഞ്ചായത്തിലെ 13 വാർഡുകളിലും ഓരോ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

2 പഞ്ചായത്തിലെ മിക്കവാർഡുകളിലും വ്യവസായ വകുപ്പിന്റെ സഹായത്തോടുകൂടി കൊപ്ര സംസ്ക്കരണ യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

3 പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പന്തല്ലൂരിൽ ലാറ്റക്സ് ത്രെഡ്സ്, റബർബാൻറുകൾ തുടങ്ങിയ ചെറുകിട റബർ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

4 ആനക്കയം, ഇരുമ്പുഴി, മുടിക്കോട് എന്നിവിടങ്ങളിൽ ഓരോ പ്രിൻറിംഗ് പ്രസ്സിനു് സാധ്യതയുണ്ട്.

5 മൺപാത്രനിർമ്മാണം, കുട്ടനിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കാൻ പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടവർക്കു ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകേണ്ടതാണ്.

6 ഈരണ്ടു വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ പഴം, പച്ചക്കറി സംസ്ക്കരണ യൂണിറ്റുകളും, പഞ്ചായത്തിൽ രണ്ടോ മൂന്നോ ബേക്കറിയൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

7 ഓർക്കിഡ്, അന്തൂറിയം തുടങ്ങിയ ഒന്നോ രണ്ടോ യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

8 പന്തല്ലൂർ ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ കീഴിൽ ഒരു പാലുൽപന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 4 വിദ്യാഭ്യാസം

1 പഞ്ചായത്തു തലത്തിൽ ഒരു വിദ്യാഭ്യാസസമിതി രൂപീകരിക്കുക

2 അധ്യാപകർക്കാവശ്യമായ ഇൻസർവ്വീസ് കോഴ്സ് സബ്ജക്ററ് അടിസ്ഥാനത്തിൽ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

3 സ്കൂൾകോംപ്ലക്സുകൾ ശക്തിപ്പെടുത്തുക.

4 അനുപൂരക വിദ്യാഭ്യാസം പഞ്ചായത്തിൽ തുടർന്നനടപ്പിലാക്കാൻ വേണ്ടതു ചെയ്യുക.

5 പാഠപുസ്തകങ്ങൾ പരിഷ്കരിക്കുക. സിലബസ് പരിഷ്കരിക്കുകയും ജീവിത ഗന്ധിയാക്കുകയും ചെയ്യുക. പാഠപുസ്തകങ്ങളുടെ വലിപ്പം കുറക്കുക. പ്രാദേശിക കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ടെക്സ്റ്റ്ബുക്ക് ആയിരിക്കണം ഉണ്ടാക്കേണ്ടത്.

6 കുട്ടികളുടെ എല്ലാ കഴിവുകളും പരിശോധിക്കുന്നതരത്തിലുള്ള മൂല്യനിർണ്ണയരീതി അവലംബിക്കുക

7 വാർഷികപരീക്ഷ രണ്ടുഘട്ടങ്ങളായി നടത്തുക. ഒന്നാം ഘട്ടത്തിൽ തോൽക്കുന്നവരെ രണ്ടാംഘട്ടത്തിൽ പരീക്ഷക്കിരുത്തി വിജയികളെ കണ്ടെത്തുക.

8 കാര്യക്ഷമവും വിപുലവുമായ മോണിററിംഗ് സമ്പ്രദായം വിദ്യാഭ്യാസ സമിതി തയ്യാറാക്കുക.

9 കോംപ്ലക്സ് തലത്തിൽ കലാമേള, കായികമേള, ശാസ്ത്രമേള, എന്നിവ സംഘടിപ്പിക്കുക.

10 കയ്യെഴുത്ത് മാസികകൾ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കുകയും വാർഷികപ്പതിപ്പിന പഞ്ചായത്തു തലത്തിൽ മത്സരവും പ്രോത്സാഹനവും ഏർപ്പെടുത്തുകയും ചെയ്യുക.

11 പഞ്ചായത്തു തലത്തിൽ കുട്ടികളുടെ കലാഗ്രൂപ്പ് ഉണ്ടാക്കുക.

12 സയൻസ്, മേത്ത്സ്, ഫോറസ്ട്രി ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക,

13 പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വായനകോർണർ ആരംഭിക്കുക.

14 എല്ലാ സ്കൂളുകളിലും മാസ്ഡ്രിൽ സംഘടിപ്പിക്കുക. ഒരു സ്കൂളിൽനിന്നും ഒരു അധ്യാപക നെങ്കിലും ഇതിനുള്ള പരിശീലനം നൽകുക.

15 സ്കൂൾ അസംബ്ലിയിൽ പത്രപാരായണം ഏർപ്പെടുത്തുക.

16 സ്കൂൾ യൂനിഫോം നിർബന്ധമാക്കുക.

17 പഠനയാത്ര, വിനോദയാത്ര,പ്രകൃതിപഠനം എന്നിവ ക്ലസ്റ്റർ ലവലിൽ സംഘടിപ്പിക്കുക.

18 എല്ലാ സ്ക്കൂളിലും മിനിമം സൗകര്യം ഏർപ്പെടുത്തുവാൻ വിദ്യാഭ്യാസ സമിതിബന്ധപ്പെട്ടവരിൽ പ്രേരണ ചെലുത്തുക.

19 എല്ലാ വിദ്യാലയങ്ങളിലും സഞ്ചയിക പദ്ധതി ആരംഭിക്കുക.

20 രക്ഷിതാക്കൾക്ക് തുടരെ ബോധവൽക്കരണം നൽകുക.

21 P T A, M T A, പൂർവ്വവിദ്യാർത്ഥി സംഘടന School വെൽഫെയർ കമ്മിററി, വിദ്യാലയ സംരക്ഷണസമിതി, S R G, എന്നിവ എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും രൂപീകരിക്കുക.

22 Noon feeding നുള്ള Contingent Charge വർദ്ധിപ്പിക്കുക. ഇത് അതാതു മാസങ്ങളിൽ തന്നെ ലഭ്യമാക്കുക.

23 U P സ്ക്കൂളിൽ ഒരു ക്ലർക്കിന്റെ പോസ്ററും L P സ്ക്കൂളിൽ ഒരു പ്യൂണിന്റെ പോസ്ററും അനുവദിക്കുക.

24 ആയിരത്തിലധികം കുട്ടികളുള്ള U P വിദ്യാലയങ്ങളിൽ ഫുൾടൈം മിനിയലിനെ നിയമിക്കുക.

25 പന്തല്ലൂർ വില്ലേജിന്റെ കിഴക്കൻഭാഗത്ത് ഒരു U P സ്ക്കൂൾ ആരംഭിക്കുക.

26 ഇരുമ്പുഴി പടിഞ്ഞാററുമുറിയിൽ ഒരു L P സ്ക്കൂൾ ആരംഭിക്കുക.

27 പാപ്പിനിപ്പാറ U P സ്ക്കൂൾ അപ്ഗ്രേഡ്ചെയ്ത് ഹൈസ്ക്കൂളാക്കുക.

28 ഇരുമ്പുഴി G M U P സ്ക്കൂളിന്റെ വാടകകെട്ടിടവും, സ്ഥലവും അക്വയർ ചെയ്യുക.

29 മെയിൻറനൻസ് ഗ്രാൻറ് കാലോചിതമായി വർദ്ധിപ്പിക്കുക.

30 ഗവൺമെൻറ് സ്ക്കൂളുകളിലെ ക്ലാസ്സുറൂമുകൾ അടക്കമുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തി കാലാകാലങ്ങളിൽ റിപ്പേറുകൾ നടത്തുകയും ചെയ്യുക.

31 വെങ്ങാലൂർ എ. എം. എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുക.

32 പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ കര്യങ്ങൾ നിയന്ത്രിക്കുന്നതിന്ന് ഒരു ആഫീസറെ നിയമിക്കുക.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 5 കുടിവെള്ളം ആരോഗ്യം

1 പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള നീരുറവകൾ തടഞ്ഞുനിർത്തി ശുദ്ധജലം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

2 ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ സ്ഥലങ്ങളിലും കടിവെള്ളം എത്തിക്കാനാവശ്യമായ പദ്ധതികൾ ഉണ്ടാകും എന്ന് ഉറപ്പ്‌വരുത്തണം.

3 ഓപ്പൺ കിണറുകൾ പരാജയപ്പെടുന്ന ഇടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

4 കുഴൽകിണർ, പൈപ്പ്ലൈൻ എന്നിവയുടെ മെയ്ന്റനൻസ് നടത്തുവാൻ ഒരുവാർഡിൽ നിന്നും ഒരാൾക്കെങ്കിലും പരിശീലനവും ടൂൾകിറ്റും ധനസഹായവും നൽകുക.

5 ആവശ്യക്കാർക്കെല്ലാം ഹൗസ്കണക്ഷൻ (പൈപ്പ്) നൽകുക.

6 വരൾച്ച രൂക്ഷമായകാലങ്ങളിൽ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം വാഹനങ്ങളിലോ മറ്റോഎത്തിക്കുക.

### ആരോഗ്യം

1 എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കുക.

2 എല്ലാ വാർഡുകളിലും ഒരോ സബ്സെൻറർ സ്ഥാപിക്കുക.

3 എല്ലാ സെൻററിലും JHI ഉണ്ട് എന്ന് ഉറപ്പ് വരുത്തണം.

4 ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 6 ഗതാഗതം, ഊർജ്ജം, മാർക്കററ്

## 1 ഗതാഗതം:

(1) സ്പെഷൽ ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട മുഴുവൻ റോഡുപ്രവർത്തികളും ബന്ധപ്പെട്ട ടാസ്ക്ഫോർസിന്റെ പരിഗണനക്കു വിട്ടതും മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 2 ഊർജ്ജം:

1 കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ആനക്കയം പഞ്ചായത്തിലെ ഭൂരിഭാഗവും ഇന്നും വൈദ്യുതീകരിക്കപ്പെടാതെ കിടക്കുകയാണ്. ഈ മേഖലകളിൽ വൈദ്യുതി എത്തിക്കുകയും ജലസേചനത്തിന സൗകര്യവും മററും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്താൽ കാർഷിക മേഖലയിൽ വളരെയധികം നേട്ടം കൈവരിക്കാവുന്നതാണ്. ഗ്രാമ സഭാറിപ്പോർട്ടുകളിൽ ഓരോ വാർഡിലും ഏതെല്ലാം പ്രദേശങ്ങളാണ് വൈദ്യുതീകരിക്കപ്പെടാതെ കിടക്കുന്നത് എന്നും അവ എങ്ങിനെ പരിഹരിക്കപ്പെടാമെന്നും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

2 വൈദ്യുതി എത്തിയ ഇടങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. അതിനാൽ കിടങ്ങയം, ചുവന്നപറമ്പ്, കോണിക്കല്ല്, ഇരുമ്പുഴി, ആനക്കയം, ചെക്പോസ്റ്റ്, മുടിക്കോട്, പെരിമ്പലം സെന്റർ, ഊരാമുടുക്ക്, പാപ്പിനിപ്പാറ, മണ്ണാത്തിപ്പാറ, വാളാപറമ്പ് എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതാണ്.

3 25 കി.മീ. ആനക്കയം പഞ്ചായത്തിലുള്ള Single Phase ലൈൻ 3 Phase ലൈനാക്കി മാറേറണ്ടതും, മലപ്പുറം ജില്ലയിൽ ഒരു താപനിലയം സ്ഥാപിച്ച്, ട്രാൻസ്ഫോമറുകളിൽ നിശ്ചിത കാലോവാട്ട് വൈദ്യുതി എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതുമാണ്.

4 പഞ്ചായത്തിൽ സ്ട്രീററ് ലൈററ് ആവശ്യമുള്ള സ്ഥലങ്ങളുടെ കൃത്യമായ കണക്കും കരടുരേഖയിൽ ചേർക്കേണ്ടതാണ്.

5 ആനക്കയം പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസും വൈദ്യുതിചാർജ്ജ് അടക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

6 ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ ആര്യാപറമ്പ്, ഊരററക്കാട്, കോട്ടമല, പുർക്കമല, ചോഴിയൻകുന്ന്, അപ്പേൻകുന്ന്, കാക്കാടൻകുന്ന്, വായപ്പാറമല, പന്തലൂർമല എന്നിവിടങ്ങളിൽ കാററ്തടവില്ലാതെ ലഭ്യമാണ്. ഇവിടങ്ങളിൽ കാററാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിച്ചാൽ ഈ പ്രദേശത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയും.

## മാർക്കററ്

1 ആനക്കയം, പന്തല്ലൂർ വില്ലേജുകളിൽ, പന്തലൂർ, ആനക്കയം, ഇരുമ്പുഴി എന്നിവിടങ്ങളിൽ മത്സ്യമാംസ മാർക്കററുകൾ ആരംഭിക്കേണ്ടതാണ്. പഞ്ചായത്ത് കേന്ദ്രമായി ആനക്കയത്ത് ഒരു ചന്ത തുടങ്ങേണ്ടതാണ്.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 7 പാർപ്പിടം, സാമൂഹ്യ ക്ഷേമം

1 ദുർബ്ബലവിഭാഗക്കാരുടെ വീടുകൾ ഇൻഷൂർ ചെയ്യുക.

2 ചെലവുകുറഞ്ഞ വീടുകൾക്ക് പ്രോത്സാഹനം നൽകുക. നിർമ്മിതികേന്ദ്രം തുടങ്ങിയവയുടെ സഹായം ലഭ്യമാക്കുക.

3 വയറിംഗ് നടത്താത്ത ദുർബ്ബല വിഭാഗങ്ങളുടെ വീടുകൾക്ക് വയറിംഗ് നടത്താൻ സഹായം നൽകുക.

4 അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങൾകണ്ടെത്തി പഞ്ചായത്തു വിലക്കുവാങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഭൂരഹിതരായവർക്കു മിതമായനിരക്കിൽ ലഭ്യമാക്കുക.

5 സർക്കാർസഹായത്തോടെ നിർമ്മിച്ച 10 വർഷത്തിൽഅധികം പഴക്കമുള്ള വീടുകൾ റിപ്പേർ ചെയ്യാൻ സർക്കാർസഹായം നൽകുക.

6 നിലവിലുള്ള പാർപ്പിട ധനസഹായപദ്ധതികൾ അതെ അനുപാതത്തിൽ മററുദുർബ്ബല വിഭാഗങ്ങൾക്കും അനുവദിക്കുക.

7 പഞ്ചായത്തിൽ ക്വാർട്ടേർസ്നിർമ്മിച്ച് മിതമായനിരക്കിൽ വാടകക്കുനൽകുക.

8 പഞ്ചായത്തിൽ പട്ടയംകിട്ടാത്ത കുടികിടപ്പുകാർക്കു ബന്ധപ്പെട്ടരേഖകൾ നൽകുക.

### സാമൂഹ്യക്ഷേമം

1 IRDP സഹായങ്ങൾ അർഹരായവർക്കു കാലതാമസം ഒഴിവാക്കി പെട്ടന്ന്അനുവദിക്കുക.

2 പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെടാത്തവർക്കും സബ്സിഡിയുടെ പരിധിക്ക്വിധേയമായി രണ്ടാം ഗഡുസഹായം നൽകുക.

### ട്രൈസം

ട്രൈസം പരിശീലനകേന്ദ്രങ്ങളുടെ പഠനസൗകര്യവും നിലവാരവും പരിശോധിക്കുന്നതിന് ജനപ്രതിനിധികൾക്ക് അധികാരം നൽകുക.

## ടൂൾകിററ്

ടൂൾകിററ് നൽകാവുന്ന കുടുംബങ്ങളുടെ ടാർജററ് വർദ്ധിപ്പിക്കുക.

## പെൻഷനുകൾ

1 കർഷകതൊഴിലാളി പെൻഷൻെറ വാർഷിക വരുമാന പരിധി 5000/–രൂപയാക്കി വർദ്ധിപ്പിക്കുക.

2 വാർദ്ധക്യകാല പെൻഷൻ ഫേമിലി ബെനിഫിററ്സ്കീം, പ്രസവാനുകൂല്യം എന്നിവ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

3 പഞ്ചായത്തിലെ എല്ലാ വരേയുംഅപകട ഇൻഷ്വർ ചെയ്യുക.

## അംഗനവാടി

1 സ്ഥിരം കെട്ടിടംഉള്ള അംഗനവാടികൾക്ക് വെള്ളം, കക്കൂസ്, ചുററുമതിൽ എന്നിവ നിർമ്മിക്കുക.

2 അംഗനവാടികൾക്ക് നിർത്തലാക്കിയ എണ്ണ പഞ്ചായത്തുവഴിവിതരണംനടത്തുക.

3 അംഗനവാടികൾക്കകെട്ടിടം നിർമ്മിക്കാൻ സ്ഥലമില്ലാത്തവക്ക് പഞ്ചായത്ത്സ്ഥലം ലഭ്യമാക്കുക.

4 ഡെകെയർ സെൻറർ, ഫാമിലികൗൺസിലിംഗ് തുടങ്ങിയ പരിപാടികൾക്ക് സ്ഥലം പഞ്ചായത്ത് അനുവദിക്കുക.

5 ക്ഷേമ പ്രവർത്തനങ്ങളെകുറിച്ച് പഞ്ചായത്ത്തലത്തിൽ ബോധവൽക്കരണം നടത്തുക.

6 മിശ്ര വിവാഹ ദമ്പതികൾക്കലഭിക്കുന്ന ഗ്രാൻറ് പഞ്ചായത്തുതലത്തിൽ നടപ്പാക്കുക.

## റേഷൻസബ്സിഡി

* 1 റേഷൻ സബ്സിഡി 4 രൂപഎല്ലാവർക്കും കിട്ടുന്നഎന്ന് ഉറപ്പുവരുത്തുന്നതിനു നടപടികൾ സ്വീകരിക്കുക.

2 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

3 ഓണചന്തപോലെ ഉത്സവദിവസങ്ങളിൽ എല്ലാവാർഡുകളിലും ചന്തഏർപ്പെടുത്തുക.

4 കരിഞ്ചന്തക്കും പൂഴ്ത്തിവെപ്പിനുമെതിരെ പഞ്ചായത്തുതലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുക.

## പൊതുനിർദ്ദേശങ്ങൾ:

1 ട്രേഡ്യൂണിയൻ അംഗത്വമില്ലാത്ത തൊഴിലാളികൾക്കു ക്ഷേമനിധി ആനുകൂല്യങ്ങൾ നടപ്പാക്കുക.

2 ഓരോ സാമ്പത്തിക വർഷാരംഭത്തിലും വികസനസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളെകുറിച്ച് ഓരോ വാർഡിലും ബോധവൽക്കരണ ക്ലാസ്സുകൾനടത്തി ഗുണഭോക്താക്കളെ കേമ്പിൽ നിന്നും തെരഞ്ഞെടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 8 സംസ്കാരം

1 പഞ്ചായത്തിൽ അടിയന്തിരമായും ഒരു കമ്യൂണിറ്റിഹാൾ നിർമ്മിക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ഗ്രന്ഥശാല, വായനശാല, കലാസാംസ്കാരിക നിലയങ്ങൾ എന്നിവക്കു കെട്ടിടം പണിയുന്നതിനു പുറംപോക്കു അനുവദിക്കേണ്ടതാണ്.

3 സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കേണ്ടതാണ്.

4 മുഴുവൻ ലഹരിപദാർത്ഥങ്ങളും നിരോധിക്കേണ്ടതാണ്.

5 ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും റഫറൻസ്ഗ്രന്ഥങ്ങളും T V സെററുകളും വിതരണം ചെയ്യേണ്ടതാണ്.

6 അവശ കലാകാരന്മാരെ അംഗീകരിക്കുവാനും നിലവിലുള്ള കലാകാരൻമാരെ പ്രോത്സാഹിപ്പിക്കാനും വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

7 കേരളോത്സവം കൂടുതൽ വിപുലമായും ശാസ്ത്രീയമായും പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

### തിരുത്ത്

പേജ് 56 പട്ടിക 2
ക്രമനമ്പർ 4 ചെറുപുഷ്പ, യുവപ്രതിഭ പന്തലൂർ.

★ ★

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 11 പട്ടികജാതി പട്ടികവർഗ്ഗം

24 പഞ്ചായത്ത് വിതരണം ചെയ്യുന്ന പുരകെട്ടിമേയൽ സഹായം നൽകുമ്പോൾ SC, S T വിഭാഗത്തിന് മുൻഗണന നൽകുക.

25 ഓരോ കോളനിക്കരികിലും പത്തുസെൻറ് സ്ഥലമെങ്കിലും പഞ്ചായത്ത് എടുത്ത് ശ്മശാനം നിർമ്മിക്കുക.

26 പഞ്ചായത്ത് രാജ് അനുശാസിക്കുന്ന കള്ള്ഷാപ്പ് നിരോധിക്കുന്നതിനുള്ള പഞ്ചാത്തു പ്രസിഡൻറിനുള്ള അധികാരം തിരിച്ചേൽപിക്കുക.

### നിർദ്ദേശങ്ങൾ

1 വിവിധ ഡിപ്പാർട്ട്മെൻറുകൾ നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് S C, S T വിഭാഗത്തിന് അറിവുനൽകുന്നതിന വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു ഗൈഡൻസ് സെൽ രൂപീകരിക്കേണ്ടതാണ്.

2 കോളനികളിൽ ഉൾപ്പെടാത്ത ഒററ കുടുംബങ്ങൾക്കും കോളനിക്കാർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കേണ്ടതാണ്.

3 എല്ലാ അംഗീകൃത കോളനികളും I H D P കോളനികളായി ഉയർത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 വീടുവെക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് പഞ്ചായത്ത് പുറംപോക്ക്, മിച്ചഭൂമി എന്നിവയിൽ നിന്നും മൂന്നു സെൻറുവീതം ഭൂമി അനുവദിക്കേണ്ടതാണ്.

## 26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 12 വിഭവ സമാഹരണം

**നിർദ്ദേശങ്ങൾ:**

1 പദ്ധതി ചെലവിന്റെ ചുരുങ്ങിയത് 30% എങ്കിലും തദ്ദേശീയമായി സ്വരൂപിക്കണം. ഒരു വർഷത്തിൽ പഞ്ചായത്തിലെ ഒരു വീട്ടിൽനിന്നും ഒരു മനുഷ്യാധ്വാനമെങ്കിലും സംഭാവന ചെയ്യുന്ന സംവിധാനം വേണം.

2 പഞ്ചായത്തിൽ സുലഭമായികിട്ടുന്ന കാർഷികോൽപന്നങ്ങൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കണം. ഇതു തൊഴിലില്ലായ്മ പരിഹരിക്കുന്നതോടൊപ്പം പഞ്ചായത്തിനു വരുമാനം കിട്ടും. കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ കഴിയുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിച്ചോ, മററുധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സംഘടിപ്പിച്ചോ വിഭവം കണ്ടെത്തണം.

3 വർഷംതോറും പഞ്ചായത്തിൽ ഫുട്ബാൾ ടൂർണ്ണമെൻറുകൾ ഏർപ്പെടുത്തി വരുമാനം ഉണ്ടാക്കാം.

4 ചെങ്കല്ല്, കരിങ്കല്ല് ക്വാറികളിൽനിന്നും നികുതി പിരിക്കണം.

5 പഞ്ചായത്തിലെ കാർഷികോൽപന്നങ്ങൾ സ്വരൂപിച്ച് വിതരണംചെയ്യാൻ മാർക്കററിംഗ് സൊസൈററികൾ സംഘടിപ്പിക്കണം.

6 സർക്കാറിൽനിന്നും ലോൺ സംഘടിപ്പിച്ച് മുട്ടിപ്പാലത്തും, പന്തലൂരിലും ഓരോ സിനിമാശാലകൾ സ്ഥാപിക്കണം. ഇത് പഞ്ചായത്തിന് കാര്യമായവരുമാനം ഉണ്ടാക്കാൻ സഹായിക്കും.

7 പഞ്ചായത്തിലെ ടാക്സിപാർക്കിംഗ് സെൻററുകളിൽ നിന്നും വാഹനങ്ങൾക്കു ഫീ ഈടാക്കുക.

8 എല്ലാ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

9 നിർദ്ദേശങ്ങളിലെ (പേജ്-76) ഒന്നും രണ്ടും ഇനങ്ങൾ അപ്രായോഗികമായതിനാൽ അവ ഒഴിവാക്കണം.

10 ജീവനക്കാരുടെ ശമ്പളത്തെക്കുറിച്ച് നിലവിലുള്ളരീതി തന്നെ തുടരണം. പഞ്ചായത്തിന്റെ സ്വയംഭരണാവകാശം നിലനിർത്താൻ ഇതാവശ്യമാണ്.

11 ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും കാലോചിതമായ വാടകയും സെക്യൂരിററിയും ഈടാക്കാൻ പഞ്ചായത്തുശ്രദ്ധിക്കണം.

* * *

26-11-96ന് ആനക്കയം ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിൽ

ഉയർന്നുവന്ന നിർദ്ദേശങ്ങൾ

# 13 ടൂറിസം

1 കൊടികുത്തി മലയിലേക്കുള്ള (പന്തലൂർ) വഴി ഗതാഗത യോഗ്യമാക്കുകയും മലക്കു മുകളിൽ ഭക്ഷണം, താമസം എന്നിവക്കു് സൗകര്യം ചെയ്യുക.

പ്രസിഡൻറ്
ആനക്കയം ഗ്രാമ പഞ്ചായത്ത്